ഒൻപതാം പദ്ധതി
ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേയ്ക്ക്



പെരുങ്കടവിള
ഗ്രാമ പഞ്ചായത്ത്

# വികസനരേഖ

1997-2002

# സമർപ്പണം

ജനകീയ ആസൂത്രണ
പ്രസ്ഥാനത്തിന്റെ ഭാഗമായി
ഗ്രാമ സഭകളിൽ ഉയർന്നു വന്ന
ജനകീയ ആവശ്യങ്ങളെ ഉൾക്കൊള്ളാൻ
പരമാവധി ശ്രമിച്ചിട്ടുണ്ട്. നമ്മുടെ
നാടിന്റെ മുഖച്ഛായ മാറ്റുവാൻ വേണ്ട
വിവിധ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന
ഗ്രാമ പഞ്ചായത്തിന്റെ വികസന
റിപ്പോർട്ട് ചർച്ചകൾക്കും
അംഗീകാരത്തിനും പുതിയ
നിർദ്ദേശങ്ങൾക്കുമായി ബഹുജന
സമക്ഷം സവിനയം സമർപ്പിക്കുന്നു.

ആദരപൂർവ്വം

**ഡി. സുന്ദരം**
പ്രസിഡന്റ്
പെരുങ്കടവിള ഗ്രാമ പഞ്ചായത്ത്

"നമ്മുടെ നാടിൻ പദ്ധതികൾ
നമ്മൾ തന്നെ പ്ലാൻ ചെയ്യും"
ഗ്രാമ തലങ്ങളിലധികാരം കേരള
സർക്കാർ പകരുകയായ്!
കൈരളി കൈത്തിരി കത്തിച്ചു!
ഭാരതമാകെ കൈമാറാൻ!!

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി

# സമഗ്ര വികസന റിപ്പോർട്ട്...

## പെരുങ്കടവിള
## ഗ്രാമ പഞ്ചായത്ത്




"ഗ്രാമ തലങ്ങളിലധികാരം
പകരണമെന്ന് പറഞ്ഞ മഹാൻ
രാഷ്ട്രപിതാവാം ഗാന്ധിജി നമ്മെ
നയിച്ചൊരു പാതയിൽ മുന്നേറാം"



കക്ഷി രാഷ്ട്രീയത്തിനും, ജാതിമത വിഭാഗീയതകൾക്കുമതീതമായി
നാട്ടിന്റെ സമഗ്രവികസനമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

**സഖാവ്. ഇ. എം. എസ്സ്**
ജനകീയാസൂത്രണപ്രസ്ഥാനം
ഉന്നതാധികാര സമിതി അദ്ധ്യക്ഷൻ



ശ്രീ. ഇ.കെ. നായനാർ

ബഹുമാനപ്പെട്ട

കേരളാ മുഖ്യമന്ത്രി



## ശ്രീ. എ.കെ. ആന്റണി

ബഹുമാനപ്പെട്ട

പ്രതിപക്ഷ നേതാവ്



**ശ്രീ. ഡി. സുന്ദരം**

പെരുങ്കടവിള

ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി
# പെരുങ്കടവിള ഗ്രാമ പഞ്ചായത്ത്
# സമഗ്ര വികസനരേഖ

**തയ്യാറാക്കിയത്**

പഞ്ചായത്ത്
ജനകീയ ആസൂത്രണ സമിതി
തയ്യാറാക്കി-
ഗ്രാമ പഞ്ചായത്ത് സമിതി
അംഗീകരിച്ച്-
ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്
ഡി. സുന്ദരം
എഡിറ്റ് ചെയ്ത്
പ്രസിദ്ധീകരിക്കുന്നത്.

Printing & Binding - D.K. Press Kunnathukal Phone : 250273

# ഉള്ളടക്കം

1. ആമുഖം ........ 17
2. ഭരണപരമായ ചരിത്രം ........ 19
3. സാമൂഹ്യസാംസ്കാരിക ചരിത്രം ........ 23
4. ഭൂപ്രകൃതിയും ജനപ്രകൃതിയും ........ 25

## വികസന മേഖലകൾ

### പ്രാഥമിക മേഖല

1. കൃഷിയും ജലസേചനവും ........ 27
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും 31

### ദ്വിതീയ മേഖല


1. വ്യവസായം ........ 38
2. ഊർജ്ജവും ഗതാഗതവും ........ 40
3. പാർപ്പിടം ........ 46

### സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും

1. ആരോഗ്യം ........ 48
2. കുടിവെള്ളം ........ 50
3. വിദ്യാഭ്യാസം 52
4. സംസ്ക്കാരം ........ 55
5. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം ........ 66
6. വനിത ........ 64
7. സാമൂഹ്യക്ഷേമം ........ 62
8. സഹകരണ മേഖല ........ 69
9. വിഭവ സമാഹരണം ........ 73
10. നമ്മുടെ പരിസ്ഥിതി ........ 59

ഗ്രാമ പഞ്ചായത്ത്

മണ്ഡലങ്ങൾ




# പെരുങ്കടവിള ഗ്രാമ പഞ്ചായത്ത്

വിസ്തീർണ്ണം: 17.54 ചതു: കി: മീ.

ജില്ല തിരുവനന്തപുരം, താലൂക്ക് : നെയ്യാറ്റിൻകര, വില്ലേജ് : പെരുങ്കടവിള

# ആമുഖം

പുതിയ പഞ്ചായത്ത് രാജ് നഗരപാലിക നിയമനിർമ്മാണത്തിന്റെ ഭാഗമായി കേരളത്തിൽ 1995ൽ നിലവിൽ വന്ന ത്രിതല പഞ്ചായത്ത് സംവിധാനത്തെ ഗ്രാമീണരായ ജനകോടികൾ ഏറെ പ്രതീക്ഷയോടെയാണ് സ്വാഗതം ചെയ്തിരിക്കുന്നത്. ആസൂത്രിത ഗ്രാമവികസനവും, സാമൂഹ്യനീതിയും, ഉറപ്പുവരുത്തുന്ന സ്വയം ഭരണ സ്ഥാപനങ്ങളായി പഞ്ചായത്തുകളെ മാറ്റിയെടുക്കുവാനാണ് .പുതിയ ഭരണഘടനാ ഭേദഗതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ജനപ്രതിനിധികളിൽ സ്ത്രീകളുടെയും മറ്റ് അവശജന വിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കി കൊണ്ടും, ജനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ നല്കുന്ന ഗ്രാമസഭകൾ വിഭാവന ചെയ്തുകൊണ്ടുമുള്ള പുതിയ ഭരണസംവിധാനം നമ്മുടെ നാട്ടിന്റെ സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ ഘടനയിൽ തന്നെ കാതലായ മാറ്റങ്ങൾ വരുത്തുവാൻ പര്യാപ്തമാണ്. ഈ പശ്ചാത്തലത്തിലാണ് ഇൻഡ്യയുടെ ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണരേഖ തയ്യാറാക്കാനുള്ള അവസരം സംജാതമായത്.

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ സ്വപ്നസാക്ഷാത്കാരമായ ഗ്രാമസ്വരാജിലേക്കുള്ള പ്രയാണം സ്വാതന്ത്ര്യ ലബ്ധിക്കുശേഷം, അരനൂറ്റാണ്ട് പിന്നിട്ടുകഴിഞ്ഞ ഈ വേളയിൽ കേരളത്തിൽ ആരംഭിച്ചിരിക്കുകയാണ്. ഗ്രാമങ്ങൾക്കുള്ള വികസന പദ്ധതികൾ ഗ്രാമങ്ങളിൽ നിന്നുള്ള ജനങ്ങൾ തന്നെ രൂപം കൊടുക്കട്ടെ എന്ന് നമ്മുടെ കേരള സർക്കാർ തീരുമാനിച്ചു കഴിഞ്ഞു. ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം സൃഷ്ടിച്ചുകൊണ്ടും 9-ാം പഞ്ചവത്സര പദ്ധതി ഒരു ജനകീയ പദ്ധതിയായി ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുവാൻ കേരള സർക്കാരും പ്ലാനിംഗ് ബോർഡും തീരുമാനിച്ചതുമൂലം നമ്മുടെ നാട്ടിൽ പുതിയൊരു വികസന .സംസ്ക്കാരം സംജാതമായിരിക്കുകയാണ് ഇതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം.

ഒൻപതാം പദ്ധതിക്ക് കേരളത്തിന് ലഭിക്കുന്ന വിഹിതത്തിന്റെ 40 ശതമാനത്തോളം തുക ജനകീയ ആസൂത്രണ പദ്ധതി വഴി വിനിയോഗിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. കൃഷിയും, വ്യവസായവും അടങ്ങുന്ന ഉല്പാദന മേഖലയ്ക്കും പ്രാധാന്യം നല്കികൊണ്ട് സാമൂഹ്യക്ഷേമ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഉന്നതങ്ങളിലുള്ള പ്ലാനിംഗിനോടൊപ്പം താഴെ നിന്നും മേലോട്ടുള്ള പ്ലാനിംഗും ചേർന്നതായിരിക്കും കേരളത്തിന്റെ 9-ാം പദ്ധതി. ഇതുവരെയുള്ള എട്ടു പദ്ധതികളിൽ നിന്നും വ്യത്യസ്ഥമായി മുകളിൽനിന്നും താഴോട്ട് എന്ന തത്വത്തോടൊപ്പം, താഴെ നിന്ന് മുകളിലേക്കെന്ന തത്വം കൂടി ഈ പദ്ധതിയിൽ പ്രായോഗികമാക്കുകയാണ്. ആസൂത്രണത്തിലും, നടത്തിപ്പിലും ആദ്യം മുതൽക്കേ ജനങ്ങളെ പങ്കാളികളാക്കുന്നതു മൂലം കാര്യങ്ങൾക്ക് കൂടുതൽ സുതാര്യതയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എല്ലാ ജനവിഭാഗങ്ങളെയും യോജിപ്പിച്ച് ഇതുപോലൊരു വികസന സംരംഭത്തിന് ഇൻഡ്യയിൽ തുടക്കം കുറിച്ചിട്ടില്ല. കേരളത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനം ഇൻഡ്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു തിലകക്കുറിയായിരിക്കുമെന്നതിൽ സംശയമില്ല.

പെരുങ്കടവിള ഗ്രാമപഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾ 1996 സെപ്തംബർ 14-ാംതീയതി ഒന്നാംഘട്ട പഞ്ചായത്ത്തല ശില്പശാലയോടെ ആരംഭിച്ചു. ജനപ്രതിനിധികൾ, കക്ഷിരാഷ്ട്രീയ പ്രവർത്തകർ, സന്നദ്ധസംഘടനാ പ്രവർത്തകർ, ഉദ്യോഗസ്ഥ മേധാവികൾ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരുടെ യോഗങ്ങൾ പല ആവർത്തി വിളിച്ചു ചേർത്താണ് പരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്.

പത്ത് വാർഡുകളുള്ള നമ്മുടെ പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭയുടെ ഉദ്ഘാടനം 1996 ഒക്ടോബർ 2-ാം തീയതി അരുവിപ്പുറം ക്ഷേത്ര സന്നിധിയിൽ വച്ചാണ് തുടക്കം കുറിച്ചത്. വിശേഷാൽ ഗ്രാമ സഭ അവസാനിച്ചത് ഒക്ടോബർ 14-ാം തീയതി വടകര വാർഡിലെ വിശേഷാൽ ഗ്രാമസഭയോട്കൂടിയാണ്. പോസ്റ്ററുകൾ, ബോർഡുകൾ, നോട്ടീസുകൾ, വിളംബര ജാഥകൾ,

## വിശേഷാൽ ഗ്രാമസഭകൾ ഒറ്റനോട്ടത്തിൽ

| നമ്പർ | വാർഡിൻെറ പേര് | ഗ്രാമസഭ ചേർന്ന സ്ഥലം | ഗ്രാമസഭ ചേർന്ന തിയതി, സമയം | പങ്കാളിത്തം | | | വിഷയഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | | | സ്ത്രീ | പുരു | ആകെ | |
| 1 | ആങ്കോട് | തെള്ളുക്കുഴി ക്ഷീര സഹകരണ സംഘം | 13-10-96 2pm | 68 | 109 | 177 | 12 |
| 2 | പെരുങ്കടവിള | പഴമല മേക്കോണം ചർച്ച് | 12-10-96,2pm | 54 | 83 | 137 | 12 |
| 3 | അയിരൂർ | എൽ.പി.ജി.എസ്. പെരുങ്കടവിള | 5-10-96 2pm | 24 | 57 | 81 | 6 |
| 4 | അരുവിപ്പുറം | അരുവിപ്പുറം ക്ഷേത്രം | 2-10-96,2pm | 35 | 70 | 105 | 6 |
| 5 | മാരായമുട്ടം | പ്രതിഭാ കോളേജ് | 13-10-96,2pm | 16 | 75 | 91 | 6 |
| 6 | വടകര | വടകര ലക്ഷംവീട് കോളനി | 14-10-96,3pm | 131 | 125 | 256 | 10 |
| 7 | തത്തിയൂർ | വിദ്യാസാഗർ കോളേജ് തത്തിയൂർ | 13-10-96 2pm | 27 | 162 | 189 | 6 |
| 8 | ചുള്ളിയൂർ | കാക്കണം പ്രകാശ് കോളേജ് | 6-10-96,2pm | 21 | 99 | 120 | 6 |
| 9 | ആലത്തൂർ | പുളിമാൻകോട് തെക്കേനട | 13-10-96,10am | 13 | 86 | 99 | 6 |
| 10 | പാൽക്കുളങ്ങര | എൽ.പി.ബി.എസ് പെരുങ്കടവിള | 12-10-96 2pm | 37 | 69 | 106 | 6 |
| | | ആകെ | 2-14 96 ഒക്ടോബർ | 426 | 935 | 1361 | 76 |

വീടുവീടാന്തരമുള്ള പ്രചരണം, കലാപ്രകടനങ്ങൾ തുടങ്ങിയവ ഗ്രാമസഭാപ്രചരണത്തിനായി ഉപയോഗിച്ചിരുന്നു. പുത്തൻ പ്രതീക്ഷകൾ വച്ചുപുലർത്തുന്ന ആവേശം വിശേഷാൽ ഗ്രാമ സഭയിൽ പങ്കെടുത്ത ജനതയിൽ പൊതുവേ ദൃശ്യമായിരുന്നു.

ജനകീയ ആസൂത്രണത്തിൻെറ ഭാഗമായിട്ടുള്ള, ജനപങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് കേരളത്തിലാകമാനം തുടക്കം കുറിച്ചത് കേരള പിറവി ദിനമായി നവംബർ 1 പുനരർപ്പണ ദിനമായി ആചരിച്ചുകൊണ്ടായിരുന്നു. 1996 നവംബർ 1ന് നമ്മുടെ പഞ്ചായത്തിലുടനീളം വിവിധ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തുതലത്തിലെ ഉദ്യോഗസ്ഥന്മാരുടെയും, റിസോഴ്സ് ഗ്രൂപ്പിൻെറയും ഏകദിന ശില്പശാല 96 നവംബർ 12ന് കൂടിയതോടെയാണ് ആരംഭം കുറിച്ചത്. ജനങ്ങളുടെ സജീവ ശ്രദ്ധയ്ക്കും, നിർദ്ദേശങ്ങൾക്കും കൂട്ടായ പ്രവർത്തനങ്ങൾക്കുമായി ഈ റിപ്പോർട്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നു.

# പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | പെരുങ്കടവിള ഗ്രാമപഞ്ചായത്ത് |
| റവന്യൂ ജില്ല | തിരുവനന്തപുരം |
| താലൂക്ക് | നെയ്യാറ്റിൻകര |
| ബ്ലോക്ക് | പെരുങ്കടവിള |
| വില്ലേജ് | പെരുങ്കടവിള |
| പാർലമെൻറ് മണ്ഡലം | തിരുവനന്തപുരം |
| അസംബ്ലി മണ്ഡലം | നെയ്യാറ്റിൻകര |
| ജില്ലാ പഞ്ചായത്ത്മണ്ഡലം : | പെരുമ്പഴുതൂർ |
| ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ | 1. പെരുങ്കടവിള<br>2. പാലിയോട് |
| ഗ്രാമ പഞ്ചായത്ത് മണ്ഡലങ്ങൾ | 10 |

അതിരുകൾ

| | |
|---|---|
| പടിഞ്ഞാറ് | നെയ്യാർ, പെരുമ്പഴുതൂർ ഗ്രാമപ ഞ്ചായത്ത് |
| തെക്ക് | പെരുമ്പഴുതൂർ, കൊല്ലയിൽ ഗ്രാമപഞ്ചായത്തുകൾ |
| കിഴക്ക് | കുന്നത്തുകാൽ ഗ്രാമപഞ്ചാത്ത് |
| വടക്ക് | ആര്യൻകോട്, കുന്നത്തുകാൽ ഗ്രാമപഞ്ചായത്തുകൾ |

| | |
|---|---|
| വിസ്തീർണ്ണം | 17.54 ചതു.കി.മി. |
| ജനസംഖ്യ | 21098 |
| പ്രസിഡൻറ് | ഡി. സുന്ദരം |
| വൈസ്പ്രസിഡൻറ് | ഒടുക്കത്ത് വിജയാനന്ദൻ |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സൺ | സുകുമാരിയമ്മ. എ |

പെരുങ്കടവിള പഞ്ചായത്ത് 1953ൽ നിലവിൽവരികയും ശ്രീ. പി.കെ. കുമാരൻ നായരുടെ നേതൃത്വത്തിലുള്ള 8 അംഗ ഭരണസമിതി ആഗസ്റ്റ് 15ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുക്കുകയും ചെയ്തു. കീഴാറൂർ, പെരുങ്കടവിള എന്നീ വില്ലേജുകൾ ഉൾപ്പെട്ടതായിരുന്നു ആദ്യത്തെ പെരുങ്കടവിള പഞ്ചായത്ത്. 1971 ആഗസ്റ്റ് 1-ാം തിയതി കീഴാറൂർ വില്ലേജിനെ വേർപെടുത്തി ആര്യൻകോട് പഞ്ചായത്തും പെരുങ്കടവിള വില്ലേജിനെ നിലനിറുത്തിക്കൊണ്ട് പെരുങ്കടവിള പഞ്ചായത്ത് പുനസംഘടിപ്പിച്ചു. ആര്യവിള - അമര വിളയും മഹാരാജമുട്ടം മാരായമുട്ടവും ആയി ലോപിച്ചതുപോലെ കച്ചവടത്തിനായി ആര്യങ്കാവു കടന്നുവന്ന ആര്യന്മാർ ആര്യൻകോട് താവളമുറപ്പിച്ചപ്പോൾ അവരുടെ വ്യാപാരകേന്ദ്രമാക്കി മാറിയിരുന്ന "പെരുംകടവിള"യാണ് പിൽക്കാലത്ത് പെരുങ്കടവിളയായി മാറിയത്.

നമ്മുടെ സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്തിൻെറ തെക്കേ അറ്റത്തുള്ള നെയ്യാറ്റിൻകര താലൂക്കിൻെറ വടക്കുഭാഗത്തായി സ്ഥിതി ചെയ്യുന്ന ഒരു മലയോര പഞ്ചായത്താണ് പെരുങ്കടവിള. ഒൻപത് പഞ്ചായത്തുകൾ ഉൾപ്പെട്ട പെരുങ്കടവിള ബ്ലോക്കിൻെറ ആസ്ഥാനവും ഗ്രാമപഞ്ചായത്ത് ആസ്ഥാനവും പെരുങ്കടവിളയിലാണ്. ബ്ലോക്ക് ആഫീസ് മന്ദിരം 1957-ൽ ഉദ്ഘാടനം ചെയ്തത് കേരളത്തിൻെറ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടായിരുന്നു. ആദ്യകാലത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഗ്രാമപഞ്ചായത്ത് ആഫീസിന് 1962-ൽ സ്വന്തമായി കെട്ടിടം നിർമ്മിച്ചു. 1994-ൽ ഇന്നു കാണുന്ന നിലയിൽ പഞ്ചായത്ത് ആഫീസ് മന്ദിരം വിപുലീകരിച്ചു.

കൊല്ലവർഷം 1110-ൽ മലമ്പനി പിടിപെട്ട് നിരവധി കുടുംബങ്ങൾ പെരുങ്കടവിള പഞ്ചായത്തിൽ വേരറ്റുപോയിട്ടുണ്ട്. മലമ്പനി നിവാരണത്തിനായി പ്രവർത്തിച്ചിരുന്ന കേന്ദ്രമാണ് പിൽക്കാലത്ത് പെരുങ്കടവിള പ്രാഥമിക ആരോഗ്യ കേന്ദ്രമായി മാറിയത്. ശ്രീ. ചിത്തിരതിരുനാൾ മഹാരാജാവും അമ്മ മഹാറാണിയും പെരുങ്കടവിള ആശുപത്രിയിൽ എഴുന്നള്ളിയിട്ടുണ്ട്. 1968ൽ നിലവിൽ വന്ന അമരവിള-ഒറ്റശേഖരമംഗലം റോഡാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന

ഗതാഗതമാർഗ്ഗം. 1960കളിൽ തന്നെ കാട്ടാക്കട വഴി വൈദ്യുതി പെരുങ്കടവിളയിൽ എത്തിയിരുന്നു. പഞ്ചായത്തിലെ പ്രധാന മാർക്കറ്റ് മാരായമുട്ടത്ത് സ്ഥിതിചെയ്യുന്നു. ഇതിന്റെ പരിസര പ്രദേശത്തായിട്ട് ഇലക്ട്രിസിറ്റി ബോർഡ് ആഫീസ് പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളാണ് മാരായമുട്ടം ഗവൺമെന്റ് ഹൈസ്ക്കൂൾ. കൃഷിഭവനും, മൃഗാശുപത്രിയും, വില്ലേജ് ആഫീസും, സബ്‌രജിസ്ട്രാർ ആഫീസും, പി.ഡബ്ല്യൂ.ഡി. ആഫീസും ക്ഷീര-വികസന ആഫീസും, പ്രൈമറി ഹെൽത്ത് സെന്ററും, പെരുങ്കടവിളയിൽ സ്ഥിതിചെയ്യുന്നു. മൃഗാശുപത്രി സബ്സെന്ററും ഹോമിയോ ആശുപത്രിയും ചുള്ളിയൂർ മണലിവിളയിലും , ആയുർവ്വേദ ആശുപത്രി അരുവിപ്പുറത്തും പ്രവർത്തിക്കുന്നു.

*ആദ്യത്തെ ഭരണസമിതി*

**1953 ആഗസ്റ്റ് 15 മുതൽ 1963 ഡിസംബർ 31 വരെ**

| ക്രമ നമ്പർ | വാർഡുകൾ | അംഗങ്ങൾ |
|---|---|---|
| 1. | കീഴാറൂർ | പി.കെ. കുമാരൻ നായർ |
| 2. | ചെമ്പൂര് | ജെ. ജ്ഞാനാഭരണം |
| 3. | മൈലച്ചൽ | എ. പരമേശ്വരൻ തമ്പി |
| 4. | ഇടവാൽ | പി. ചാറൽസ് |
| 5. | പെരുങ്കടവിള | എം. ഗോവിന്ദപിള്ള |
| 6. | മാരായമുട്ടം | ആർ. വേലായുധൻ |
| 7. | ചുള്ളിയൂർ | ഇ. വേലായുധൻപിള്ള |
| 8. | തത്തിയൂർ | എസ്. മാധവൻ നായർ |

പ്രസിഡന്റ് പി.കെ. കുമാരൻനായർ

വൈസ് പ്രസിഡന്റ് - ആർ. വേലായുധൻ

പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന മൂന്ന് പോസ്റ്റാഫീസുകൾ ഉൾപ്പെടെ ആറു പോസ്റ്റാഫീസുകളുടെ സേവനം ഇപ്പോൾ ലഭ്യമാണ്.

പെരുങ്കടവിള പഞ്ചായത്ത് രൂപീകരണത്തിനുശേഷമുള്ള ഭരണസമിതി വിവരങ്ങൾ താഴെ ചേർക്കുന്നു.

***1953 ആഗസ്റ്റ് 15***

കീഴാറൂർ പെരുങ്കടവിള വില്ലേജുകൾ അധികാരപരിധിയായിട്ടുള്ള ആദ്യത്തെ പെരുങ്കടവിള പഞ്ചായത്ത് 1953 ആഗസ്റ്റ് 15ന് നിലവിൽ വന്നു.

*രണ്ടാം ഭരണസമിതി*

**1964 ജനുവരി 1 മുതൽ 1971 ഒക്ടോബർ 6 വരെ**

| ക്രമ നമ്പർ | വാർഡുകൾ | അംഗങ്ങൾ |
|---|---|---|
| 1. | ചിലമ്പറ | ഡി. അംബ്രോസ് |
| 2. | ചെമ്പൂര് | ബി. തങ്കപ്പൻ |
| 3. | ഇടവാൽ | രോഹിതാശ്വപണിക്കർ |
| 4. | മൈലച്ചൽ | എ. വിക്രമൻനായർ |
| 5. | കീഴാറൂർ | എസ്സ്. മാധവൻപിള്ള |
| 6. | ആങ്കോട് | പി.കെ. കുമാരൻനായർ |
| 7. | പെരുങ്കടവിള | എം. ജോഷ്വാ |
| 8. | അരുവിപ്പുറം | കെ. പ്രഭാകരൻ |
| 9. | മാരായമുട്ടം | പി. രംഗസ്വാമി |
| 10. | ചുള്ളിയൂർ | എസ്സ്. സുകുമാരൻ നായർ |
| 11. | തത്തിയൂർ | എസ്സ്. മാധവൻ നായർ |

വനിതാമെമ്പർ എസ്സ്. ജ്ഞാനമ്മ

പ്രസിഡന്റ് ഡി. അംബ്രോസ്

വൈസ്പ്രസിഡന്റ് കെ. പ്രഭാകരൻ.

1965-ൽ വൈസ് പ്രസിഡൻറിൻെറ രാജിയെ തുടർന്ന് പി. രംഗസ്വാമിയെ വൈസ് പ്രസിഡൻറായി തെരഞ്ഞെടുത്തു. പി. രോഹിതാശ്വപണിക്കരുടെയും കെ. പ്രഭാകരൻേറയും ഒഴിവിൽ ഇടവാൽ വാർഡിൽ ഗംഗാധരപിള്ളയേയും അരുവിപ്പുറം വാർഡിൽ റ്റി. വിശ്വനാഥനേയും തെരഞ്ഞെടുത്തു.

*1971 ആഗസ്റ്റ് 1*

ചെമ്പൂര്, ഇടവാൽ, മൈലച്ചൽ, കീഴാറൂർ, ചിലമ്പറ വാർഡുകളായി വരുന്ന കീഴാറൂർ വില്ലേജിൻെറ ഭാഗമായിട്ടുള്ള പെരുങ്കടവിള പഞ്ചായത്തിനെ വേർപെടുത്തി ആര്യൻകോട് പഞ്ചായത്ത് എന്ന പേരിൽ പുതിയതായി ഒരു പഞ്ചായത്ത് രൂപീകരിച്ചു. ശേഷിച്ച പെരുങ്കടവിള വില്ലേജിൻെറ ഭാഗമായി വരുന്ന ആങ്കോട്, പെരുങ്കടവിള, അരുവിപ്പുറം, മാരായമുട്ടം, ചുള്ളിയൂർ, തത്തിയൂർ തുടങ്ങിയ വാർഡുകളെ മാത്രം ഉൾപ്പെടുത്തി ഇന്ന് നിലവിലുള്ള പെരുങ്കടവിള പഞ്ചായത്ത് പുനസംഘടിപ്പിച്ചു.

നിലവിലുള്ള പെരുങ്കടവിള പഞ്ചയത്ത്. 1971 ആഗസ്റ്റ് 1ന് രൂപീകൃതമായി.

1971 ആഗസ്റ്റ് 1 മുതൽ 1979 വരെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം നടത്തി.

*മൂന്നാം ഭരണസമിതി*

| ക്രമ നമ്പർ | വാർഡുകൾ | അംഗങ്ങൾ |
|---|---|---|
| 1. | മാരായമുട്ടം | പി. രംഗസ്വാമി |
| 2. | അരുവിപ്പുറം | റ്റി. വിശ്വനാഥൻ |
| 3. | ആങ്കോട് | പി.കെ. കുമാരൻനായർ |
| 4. | ചുള്ളിയൂർ | എസ്. സുകുമാരൻ നായർ |
| 5. | തത്തിയൂർ | എസ്. മാധവൻ പിള്ള |
| 6. | പെരുങ്കടവിള | എം. ജോഷ്വാ |
| 7. | ഹരിജൻ റിസർവ്വേഷൻ | എസ്. ജ്ഞാനമ്മ |

പ്രസിഡൻറ് പി. രംഗസ്വാമി

*നാലാം ഭരണസമിതി*

**1979-84**

| ക്രമ നമ്പർ | വാർഡുകൾ | അംഗങ്ങൾ |
|---|---|---|
| 1. | ആങ്കോട് | മംഗളകുമാരി |
| 2. | പെരുങ്കടവിള | ജയചന്ദ്രൻനായർ. ജി. |
| 3. | അയിരൂർ | എൻ. വാസുദേവൻ നായർ |
| 4. | അരുവിപ്പുറം | എസ്. കൃഷ്ണൻ |
| 5. | മാരായമുട്ടം | പി രംഗസ്വാമി |
| 6. | വടകര | എൻ. സത്യനേശൻ |
| 7. | ചുള്ളിയൂർ | ജെ. ഗോപി |
| 8. | തത്തിയൂർ | കെ. ശശീന്ദ്രൻനായർ |
| 9. | ആലത്തൂർ | എസ്. രാജയ്യൻ |

പ്രസിഡൻറ് - എൻ. വാസുദേവൻ നായർ

വൈസ് പ്രസിഡൻറ് - ജെ. ഗോപി.

**1985-88ൽ സ്പെഷ്യൽ ആഫീസർ ഭരണം**

*അഞ്ചാം ഭരണസമിതി*

**1988 ഫെബ്രുവരി 4 മുതൽ 1995 സെപ്റ്റംബർ 31 വരെ**

| ക്രമ നമ്പർ | വാർഡുകൾ | അംഗങ്ങൾ |
|---|---|---|
| 1. | ആങ്കോട് | റ്റി. തങ്കം. |
| 2. | പെരുങ്കടവിള | കെ. ബാലകൃഷ്ണൻ |
| 3. | അയിരൂർ | കെ. സുഗതൻ |
| 4. | അരുവിപ്പുറം | വി. ലക്ഷ്മികാന്തൻ |
| 5. | മാരായമുട്ടം | പി. രംഗസ്വാമി |
| 6. | വടകര | വടകര ബേബി |
| 7. | ചുള്ളിയൂർ | ജെ. ഗോപി |
| 8. | തത്തിയൂർ | മുരളീധരൻ നായർ |
| 9. | ആലത്തൂർ | റ്റി. വസന്തകുമാരി |

പ്രസിഡൻറ് വടകര ബേബി.

വൈസ്പ്രസിഡൻറ് - മുരളീധരൻ നായർ

1989ൽ മുരളീധരൻനായരുടെ മരണാനന്തരം ജെ. ഗോപിയെ വൈസ് പ്രസിഡൻറായി തിരഞ്ഞെടുത്തു.

## *ആറാം ഭരണസമിതി (1995-2000)*

## പഞ്ചായത്തിരാജ് നിയമപ്രകാരം നിലവിൽവന്ന ആദ്യത്തെ ഭരണസമിതി

| ക്രമ നമ്പർ | വാർഡുകൾ | അംഗങ്ങൾ |
|---|---|---|
| 1. | ആങ്കോട് | എം. വിജയകുമാരി |
| 2. | പെരുങ്കടവിള | ബി. നിർമ്മല |
| 3. | അയിരൂർ | എ.ജി. ലത |
| 4. | അരുവിപ്പുറം | ഒട്ടുക്കത്ത് വിജയാനന്ദൻ |
| 5. | മാരായമുട്ടം | പി. രംഗസ്വാമി |
| 6. | വടകര | വടകര ബേബി |
| 7. | തത്തിയൂർ | ഡി. കുസുമകുമാരി |
| 8. | ചുള്ളിയൂർ | ഡി. സുന്ദരം |
| 9. | ആലത്തൂർ | എസ് രാജയ്യൻ |
| 10. | പാൽകുളങ്ങര | എ. സുകുമാരി അമ്മ |

പ്രസിഡൻറ് - ഡി. സുന്ദരം

വൈസ് പ്രസിഡൻറ് - ഒട്ടുക്കത്ത് വിജയാനന്ദൻ

സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സൺ
എ. സുകുമാരി അമ്മ

# സാമൂഹ്യ-സാംസ്കാരിക ചരിത്രം

തിരുവനന്തപുരം കന്യാകുമാരി റൂട്ടിൽ സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ളയുടെയും വീരരാഘവൻേറയും ജന്മനാടായ നെയ്യാറ്റിൻകരയിൽ നിന്നും 10 കിലോമീറ്റർ വടക്കു മാറി സ്ഥിതിചെയ്യുന്ന പെരുങ്കടവിള പഞ്ചായത്തിലൂടെ കടന്നുപോകുന്ന നെയ്യാർ, അഗസ്ത്യവനത്തിൽ നിന്നും ഉത്ഭവിച്ച് അറബിക്കടലിൽ പതിക്കുന്നു. നമ്മുടെ പഞ്ചായത്തിനും കുന്നത്തുകാൽ പഞ്ചായത്തിനും വേണ്ട ശുദ്ധജലം നല്കുന്ന ഒരു അക്ഷയപ്രവാഹമാണ് നെയ്യാർ. കലാസാംസ്ക്കാരിക രംഗത്തും, രാഷ്ട്രീയരംഗത്തും എടുത്തുപറയത്തക്ക പ്രഗത്ഭമതികൾ നമ്മുടെ പഞ്ചായത്തിൽ വിരളമാണ്. സ്വാതന്ത്ര്യ സമരസേനാനികളായി വിരളിലെണ്ണാവുന്നവരേ ഉണ്ടായിരുന്നുള്ളൂ. ഗ്രന്ഥശാല പ്രസ്ഥാനവും പറയത്തക്ക പുരോഗതി കൈവരിച്ചിട്ടില്ല. അടുത്ത കാലത്തായി കലാകായിക സാംസ്ക്കാരിക രംഗത്ത് ഒരു പുത്തൻ ഉണർവ്വ് ദൃശ്യമായിട്ടുണ്ടെന്നത് ഈ രംഗത്ത് പുതിയ മാനങ്ങൾ സൃഷ്ട്ടിക്കുമെന്ന് പ്രതീക്ഷിക്കാം.

മനുഷ്യരുടെ ജാതി നരജാതി മാത്രമാണെന്നും മറ്റ് ജാതി പേരുകൾ എല്ലാം സങ്കല്പ ജാതി പേരുകളാണെന്ന് മനസ്സിലാക്കാൻ കഴിയാത്ത ഏതാനും വ്യക്തികളുടെ നേതൃത്വത്തിൽ കൊല്ലവർഷം 90-ാം മാണ്ടിൽ ഒരു സംഘട്ടനം ചുള്ളിയൂർ കേന്ദ്രമാക്കി നടന്നിട്ടുണ്ട്. ഇതിനെ 90-ാമത് ലഹള എന്ന് പഴമക്കാർ പറഞ്ഞുവരുന്നു. ചായക്കടകളിലും ബാർബർഷോപ്പുകളിലും ഹരിജനങ്ങൾക്ക് പ്രവേശനം നിഷേധിച്ചിരുന്ന സ്ഥിതിവിശേഷം ഈ പഞ്ചായത്തിൽ നിലനിന്നിരുന്നു. ഇതിന് മാറ്റം വരുത്തുവാൻ മുന്നണി പടയാളികളായി നിന്നത് കമ്മ്യൂണിസ്റ്റുകാരായിരുന്നു. മാർത്താണ്ഡവർമ്മയുടെ ചരിത്രവുംമായി ബന്ധപ്പെട്ടുവരുന്ന ചടച്ചി മാർത്താണ്ഡൻപിള്ള നമ്മുടെ പഞ്ചായത്തിലെ ചുള്ളിയൂർ നിവാസിയാണ്.

മാർത്താണ്ഡവർമ്മയും എട്ടുവീട്ടിൽ പിള്ളമാരും തമ്മിലുള്ള സംഘട്ടനവുമായി ബന്ധപ്പെട്ട് യാത്രാമദ്ധ്യേ വഴിതുടർന്ന് എങ്ങോട്ട് പോകണമെന്നറിയാതെ മഹാരാജാവ് മുട്ടിയ സ്ഥലമാണ് മഹാരാജമുട്ടമായും പിൽക്കാലത്ത് മാരായമുട്ടമായും അറിയാൻ ഇടയായത്. മഹാരാജാവ്, "മാല" കുളത്തിൻ കരയിൽ വച്ച് മറന്ന സ്ഥലമാണ് മാലകുളങ്ങരയായി അറിയപ്പെടുന്നതും. വിശ്വനവോത്ഥാനം ലക്ഷ്യമാക്കിയുള്ള ശ്രീനാരായണൻെറ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് മാട്ടാംകോട് ശങ്കരൻകുഴി പ്രദേശം അരുവിപ്പുറമായി അറിയാൻ ഇടയായത്. അരനൂറ്റാണ്ടുമുമ്പ് സഞ്ചാരസാഹിത്യകാരനായ എസ്.കെ.പൊറ്റക്കാട് അരുവിപ്പുറം സന്ദർശിച്ചതിനെക്കുറിച്ച് അദ്ദേഹത്തിനെ "ഗദ്യമേഖല" എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ് "അരുവിപ്പുറം! നെയ്യാറ്റിൻകര പട്ടണത്തിൽ നിന്ന് തെറ്റിവരുന്ന പാതയിലൂടെ മൂന്ന് നാഴിക വരെ വാഹനങ്ങൾ പോകും. വാഹനം അവിടെവിട്ട് ആകുഗ്രാമത്തിലെ ഇടവഴികളിലൂടെ നടന്നു പോകുമ്പോൾ കുശവസങ്കേതങ്ങളും, കർഷകഗൃഹങ്ങളും, കൂലിപ്പണിക്കാരുടെ കൂരപുരകളും ചിന്നിചിതറികിടക്കുന്ന പറമ്പുകൾ കാണാം. തോടും വയൽവരമ്പുകളും മണൽ പറമ്പുകളും കടന്ന് ആ പഞ്ഞംപിടിച്ച ഒതുങ്ങിയ ഗ്രാമത്തിലൂടെ പോകുന്ന ഊടുപാത ഒരരുവിക്കരയിൽ അവസാനിക്കുന്നു. അഗസ്ത്യാർകൂടത്തിൽ നിന്നുത്ഭവിച്ചൊഴുകുന്ന നെയ്യാറാണത്. അപ്പുറം ഉയർന്ന കുന്നുകൾകിടക്കുന്നു. ആ കുന്നിൻെറ മുകൾ ഭാഗം മുഴുവൻ കാടുകളും പാറക്കൂട്ടങ്ങളും കൊണ്ട് പൊതിഞ്ഞിരിക്കുകയാണ്". ഇതിൽ നിന്നും ഇന്നറിയപ്പെടുന്ന ചെമ്പരിത്തിവിള തൊഴുക്കൽവഴി നെയ്യാറ്റിൻകരയുമായി ബന്ധപ്പെട്ടായിരുന്നു അരിവുപ്പുറത്തുകാർ ആദ്യകാലത്ത് ദൂരസ്ഥലങ്ങളിൽ പോയിരുന്നത് എന്ന് വ്യക്തം. കാനനഭൂമിയായ അരുവിപ്പുറത്ത് ഏതാനും വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അരുവിപ്പുറവുമായി ബന്ധപ്പെട്ട് വനത്തിനുള്ളിൽ അകലത്തായിട്ടുള്ള വീട് സ്ഥിതിചെയ്തിരുന്നതാണ് "ഒടുക്കത്ത്"

എന്നറിയാൻ ഇടയായത്. കാട് നാടായി മാറിയപ്പോൾ പല വഴികളിലൂടെ പുറം ലോകത്തിന് ഈ പ്രദേശവുമായി ബന്ധപ്പെടാൻ കഴിഞ്ഞു എങ്കിലും "ഒടുക്കത്ത്" എന്നനാമം ഇപ്പോഴും തുടരുന്നു.

ലോക മനസുകളിൽ മുഷ്യത്വത്തിന്റെ മഹനീയ സന്ദേശം എത്തിക്കുവാൻ വേണ്ടി ശ്രീനാരായണ ഗുരുദേവൻ 1888-ൽ തന്റെ കർമ്മ പദ്ധതികളുടെ തുടക്കംകുറിച്ച അരുവിപ്പുറം പ്രതിഷ്ഠ നമ്മുടെ ഗ്രാമപഞ്ചായത്തിലാണ്. മഹാപ്രസ്ഥാനമായി പടർന്ന് പന്തലിച്ച് നില്ക്കുന്ന എസ്.എൻ.ഡി.പി. യോഗത്തിന്റെ ആദ്യയോഗം 1903ൽ ചേർന്നതും നമ്മുടെ പഞ്ചായത്തിലെ അരുവിപ്പുറത്താണ്. ശ്രീ. നാരായണനഗുരുവിന്റെ പ്രഥമ ശിഷ്യൻ മാരായമുട്ടം ദേശത്ത് വലിയപറമ്പ് മണ്ണാറത്തല തറവാട്ടിലെ "അയ്യപ്പൻപിള്ള" നമ്മുടെ പഞ്ചായത്ത്കാരനാണ്. ഗുരുദേവ സമാധിക്ക് ഒൻപത് കൊല്ലം മുമ്പ് തൃശ്ശൂർ ശ്രീവിശ്വനാഥ ക്ഷേത്ര പരിസരത്ത് സമാധിയായിട്ടുള്ള ധന്യാത്മാവിന് ശ്രീനാരായണഗുരുദേവൻ "ശിവലിംഗദാസൻ" എന്ന് നാമകരണം ചെയ്താണ് തന്റെ പ്രഥമശിഷ്യനാക്കിയത്. ശിവലിംഗസ്വാമികളുടെ പ്രഥമശിഷ്യനാണ് തൃശൂർ "എങ്ങണ്ടിയൂർ" ഗ്രാമത്തിൽ ജനിച്ച് ആന്ധ്രാപ്രദേശിലെ ചിറ്റൂർ ജില്ലയിൽ ശ്രീകാളഹസ്തി താലൂക്കിൽ ഏർപ്പേട് എന്ന സ്ഥലത്ത് ശ്രീവ്യാസാശ്രമം സ്ഥാപിച്ച് ധർമ്മദീപ്തി പകർന്ന് സമാധിപൂകിയിരിക്കുന്ന സത്ഗുരു "മലയാള സ്വാമികൾ". വിശ്വമഹാകവി കുമാരനാശാൻ ദീർഘനാൾ നമ്മുടെ ഗ്രമപഞ്ചായത്തിലെ അരുവിപ്പുറത്ത് തങ്ങുകയും കവിതകൾ രചിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക നവോത്ഥാന നായകന്മാരിൽ ബഹുഭൂരിപക്ഷവും നവകേരള സൃഷ്ടിയുടെ കാഹളമൂതുന്നതിന്റെ മുന്നോടിയായി അരുവിപ്പുറത്ത് എത്തിയിട്ടുണ്ട്. സാമൂഹ്യപരിഷ്ക്കർത്താവായ ഡോ. പല്പു യുക്തിവാദി പ്രസ്ഥാനത്തിന്റെ അമരക്കാരൻ സഹോദരൻ അയ്യപ്പൻ അവശവിഭാഗങ്ങളുടെ നേതാവായ അയ്യൻകാളി, ടി.കെ. മാധവൻ, ജോൺ യേശുദാസ്, കെ. കേളപ്പൻ, സി. കേശവൻ തുടങ്ങിയ പല പ്രമുഖ വ്യക്തികളും അരുവിപ്പുറത്ത് എത്തി ചേർന്നിട്ടുണ്ട്.

ജാതിഭേദവും മതദ്വേഷവുമില്ലാതെ എവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമായി ശ്രീനാരായണന ഗുരുദേവൻ പ്രഖ്യാപിച്ച അരുവിപ്പുറം, ദേശത്തിനും ഭാഷക്കും വേഷത്തിനും ആചാര അനുഷ്ഠാനങ്ങൾക്കും അതീതമായി ലോകജനത സന്ദർശിക്കുന്ന ഒരു വിശ്വസങ്കേതമായി മാറിയിരിക്കുകയാണ്. ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന അന്തരിച്ച ശ്രീ. രാജീവ്ഗാന്ധിയും മുൻപ്രധാനന്ത്രി ശ്രീ. നരസിംഹറാവുവും ഇന്ത്യൻ രാഷ്ട്രപതിയായിരിക്കുന്ന ശ്രീ. ശങ്കർദയാൽ ശർമ്മയും ഉപരാഷ്ട്രപതിയായ ശ്രീ. കെ.ആർ. നാരായണൻ ഉൾപ്പെടെയുള്ള ഭാരതത്തിന്റെ ഭരണകർത്താക്കൾ അരുവിപ്പുറം പ്രതിഷ്ഠയുടെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ അരുവിപ്പുറത്തെത്തി യിട്ടുണ്ട്. ലോകമാനവികതയുടെ അരുണോദയം ഉണ്ടായ അരുവിപ്പുറം നമ്മുടെ പഞ്ചായത്തിന് അന്താരാഷ്ട്ര പ്രാധാന്യം നേടിതന്നിട്ടുണ്ട്.

അയിരൂർ തത്തമലയ്ക്ക് സമീപത്തത്ത് സ്ഥിതിചെയ്യുന്ന ശങ്കനാരായണപുരം ക്ഷേത്രം സംഘകാലഘട്ടത്തിൽ നിർമ്മിച്ചതായി കരുതപ്പെടുന്നു. ശിവനെ പൂജിക്കുന്ന മഹാവിഷ്ണുവും ശാസ്താവും ഒത്തുചേർന്ന ഒറ്റക്കൽ വിഗ്രഹം കേരളത്തിൽ അപൂർവ്വമായ കാഴ്ച്ചയാണ്. പെരുങ്കടവിളയ്ക്ക് സമീപം പാണ്ഡവർ പാറയും അടുപ്പ്കൂട്ടി പറയും, ചൊക്കൻ 'പാറയും പുരാവസ്തുഗവേഷകരേയും, ചരിത്രാന്വേഷികളേയും നമ്മുടെ പഞ്ചായത്തിലേക്ക് ക്ഷണിച്ച് വരുത്തുന്നു.

അവഗണിക്കപ്പെട്ട ജനവിഭാഗത്തിന്റെയും വിദ്യാഭ്യാസകാര്യത്തിലും മറ്റ് ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചായിരുന്നു ആദ്യകാലത്ത് മത പുരോഹിതന്മാർ നമ്മുടെ പ്രദേശത്ത് ക്രിസ്തുമത പ്രചരണം നടത്തിയിരുന്നത്. ഹിന്ദുമതവിശ്വാസികളും ക്രിസ്തുമതവിശ്വാസികളും ഈ പഞ്ചായത്തിൽ ധാരാളമായിട്ടുണ്ട്. ഇസ്ലാമതവിശ്വാസികൾ നമ്മുടെ പഞ്ചായത്തിൽ വിരളമാണ്. നിരീശ്വരവാദികളും യുക്തിവാദികളും നമ്മുടെ പഞ്ചായത്തിൽ ഇല്ലാതില്ല.

# ഭൂപ്രകൃതി ജനപ്രകൃതി

കുന്നുകളും, കുഴികളും പാറക്കെട്ടുകളും നിറഞ്ഞ ഭൂമിയാണ് നമ്മുടെ പഞ്ചായത്തിന്റെ ഏറിയ ഭാഗവും. തുലാവർഷത്തിലും ഇടവപ്പാതിയിലും മഴ ലഭിക്കാറുണ്ട്. ബംഗാൾ ഉൾക്കടലിൽ രൂപം കൊള്ളാറുള്ള ന്യൂനമർദ്ദത്തിന്റെ ഭാഗമായുള്ള പേമാരി നമ്മുടെ പഞ്ചായത്തിനേയും ബാധിക്കാറുണ്ട്. ശക്തമായ മഴമൂലം കുന്നിൽ പുറങ്ങളിലെ വളപുഷ്ടിയുള്ള മേൽമണ്ണ് ഒലിച്ച് പോകുന്നുണ്ട്. വാട്ടർഷെഡ് പദ്ധതികൾ വഴി ഇവ തടയാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. എന്നത് പ്രതീക്ഷയ്ക്ക് വക നൽകുന്നു. പാണ്ഡവൻപാറ, അടുപ്പുകൂട്ടിപാറ, ചൊക്കൻ പാറ, എസ്.എൻ. നഗറിലെ കാഞ്ഞിരംപാറ തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന പാറകെട്ടുകൾകൊണ്ട് സംപുഷ്ടമാണ് നമ്മുടെ പ്രദേശം. കുന്നിൻ പുറങ്ങളിൽ ആരംഭിച്ച റബ്ബർകൃഷി സമതലങ്ങളിലേക്ക് വ്യാപിച്ചു വരുകയാണ്. സമതലങ്ങളിൽ നെല്ലും, തെങ്ങും തിങ്ങി വളരുന്നു. പുഴയോരങ്ങളിൽ തെങ്ങും, വാഴയും സമൃദ്ധിയായി വളരുന്നു.

ജലസംപുഷ്ടമായ പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. പടിഞ്ഞാറെ അതിർത്തിയിലൂടെ ഒഴുകുന്ന നെയ്യാറിൽനിന്നും ജലസേചനത്തിനും, കുടിവെള്ളത്തിനും വേനൽക്കാലത്തും ജലം ലഭിക്കുന്നുണ്ട്. സഹ്യാദ്രിയിൽ നിന്നും ഉൽഭവിക്കുന്ന ചിറ്റാർപേര് സൂചിപ്പിക്കുന്നതുപോലെ തന്നെ വളഞ്ഞ് പുളഞ്ഞ് നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. ടി ചിറ്റാർ ആയയിൽ അരുവിപ്പുറം ഭാഗത്തുവച്ച് നെയ്യാറിൽ ലയിക്കുന്നു. ടി സ്ഥലം പ്രകൃതിരമണീയമായ ത്രിവേണി എന്ന് അറിയപ്പെടുന്നു. ആങ്കോടുതോട് അയിരൂരിലെ തത്തമലവെച്ച് നെയ്യാറിൽ ലയിക്കുന്നു. ആലത്തൂർ ഭാഗത്തുനിന്നും തുടങ്ങി മാരായമുട്ടം ക്ഷേത്ര പരിസരത്ത് വച്ച് ചിറ്റാറിൽ പതിക്കുന്ന മാരായമുട്ടം തോട്ടിലെ ജലവും കൃഷിക്ക് ഉപയോഗിക്കുന്നു. തളിയൂർ, മുരപ്പുറ ഏലാകളിൽ, ജലം ചിറ്റാറിൽ ക്രോസ്ബാർവഴി കൃഷിക്ക് ഉപയോഗിച്ചുവരുന്നു. ഇതിന്റെ നില മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. നെയ്യാർഡാം മഴക്കാലത്ത് തുറന്നുവിടുന്നതുമൂലം നെയ്യാറിലെ ജലനിരപ്പ് ഉയരുകയും നമ്മുടെ പഞ്ചായത്തിലെ പഴമല, തോട്ടവാരം, പണ്ടാരത്തോട്ടം, ആയയിൽ, അരുവിപ്പുറം ഭാഗങ്ങൾ വെള്ളത്തിനടിയിലാകുകയും, കൃഷിനാശം സംഭവിക്കുകയും ചെയ്യുന്നുണ്ട്. നെയ്യാറിലെ ജലനിരപ്പ് ഉയരുന്നതനുസരിച്ച് ചിറ്റാറിലെ ജലത്തിന്റെ ഒഴുക്ക് മന്ദഗതിയിലാകുകയും ചിറ്റാറിന്റെ ഇരുകരകളിലേക്ക് വെള്ളം വ്യാപിക്കുകയും ചെയ്യാറുണ്ട്. ഇതുമൂലം ആയയിൽ അരുവിപ്പുറം എസ്സെൻ നഗർ, താറാവിള, മാലകുളങ്ങര, പെരുവംമൂല, മാരായമുട്ടം, തളിയൂർ, വടകര, മണ്ണൂർ തുടങ്ങിയ സ്ഥലങ്ങളിൽ വ്യാപകമായി കൃഷിനാശവും സംഭവിക്കാറുണ്ട്. ഇത് ഒരു തീരാശാപമായി തുടരുകയാണ്. ചിറ്റാറിൽ കര ഇടിച്ചിൽ, അടുത്തകാലത്തായി വ്യാപകമായിട്ടുള്ളത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ജലസംപുഷ്ടമാണെങ്കിലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകാറുള്ള പ്രദേശം നമ്മുടെ പഞ്ചായത്തിൽ ഉണ്ട് ഗാർഹിക ആവശ്യങ്ങൾക്ക് കിണറ്റിലെ ജലമാണ് കൂടുതലായി ഉപയോഗിച്ചുവരുന്നത്. പൈപ്പുജലത്തിന്റെ ഉപഭോഗം ഇപ്പോൾ കൂടി വരുന്നുണ്ട്. 45 കുളങ്ങളിൽ എല്ലാംതന്നെ കൃഷി ആവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നവയാണ്. മിനിശുദ്ധജല പദ്ധതികൾ നടപ്പിലാക്കാൻ ഉപയോഗിക്കാവുന്ന ചുള്ളിയൂരിലെ ചമുക്കാക്കുളം ഉൾപ്പെടെ മത്സ്യകൃഷിക്കു പറ്റിയ നിരവധി കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്.


പൊതുവേ അദ്ധ്വാനശീലരും, കാർഷിക ജോലിയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന പ്രകൃതക്കാരാണ് ഭൂരിപക്ഷവും. വ്യക്തിശുചിത്വത്തിൽ ശ്രദ്ധിക്കുന്നവരാണെങ്കിലും പരിസര ശുചിത്വ

ത്തിൽ ശ്രദ്ധപതിപ്പിക്കാത്ത പ്രകൃതക്കാരാണ് കൂടുതലും, സംഘട്ടന പ്രിയരല്ലെങ്കിലും ഒറ്റപ്പെട്ട കക്ഷി-രാഷ്ട്രീയ സംഘട്ടനം ഉണ്ടാകാറുണ്ട്. ജനങ്ങൾ പൊതുവേ ആഘോഷപ്രിയരാണ്. സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തനം നടത്തുന്നവർ ഇല്ലാതില്ല. ദാനശീലം വേരറ്റ് പോയിട്ടില്ല. മദ്യവുമായി ബന്ധപ്പെട്ടവരെ പഞ്ചായത്തിൽ കണ്ടുമുട്ടാൻ കഴിയും. ചന്തകളിലും മറ്റും പോയി സാധനങ്ങൾ വാങ്ങുന്നതും വില്ക്കുന്നതും ഏറിയ പങ്കും വനിതകളാണ്. കാർഷിക ഉല്പന്നങ്ങൾ വില്ക്കുന്നതിൽ പുരുഷന്മാരുടെ പങ്കാളിത്തം കാണുന്നുണ്ട്. സ്ത്രീകളും പുരുഷന്മാരും കുട്ടികളും കൂട്ടായി കുടുംബ ബഡ്ജറ്റ് തയ്യാറാക്കി ജീവിതം ചിട്ടപ്പെടുത്തുന്ന നിരവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. പൊതുവേ പുരുഷമേധാവിത്വമുള്ള കുടുംബങ്ങളാണെങ്കിലും സ്ത്രീമേധാവിത്വമുള്ള കുടുംബങ്ങളും ഇവിടെയുണ്ട് വിദ്യാഭ്യാസത്തിൽ താല്പര്യം കാണിക്കാത്തവർ വിരളമാണ്.

മതമൈത്രിയുടെ മഹനീയസന്ദേശം മാനവലോകത്തിന് പ്രദാനം ചെയ്ത ശ്രീനാരായണ ഗുരുദേവന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട അരുവിപ്പുറം പ്രദേശം ഉൾപ്പെടുന്ന പെരുങ്കടവിള പഞ്ചായത്തിൽ മത സംഘട്ടനങ്ങൾ ഉണ്ടാകാറില്ല.

◆ ◆ ◆ ◆ ◆ ◆ ◆

## പ്രധാന സ്ഥലങ്ങൾ



# പെരുങ്കടവിള ഗ്രാമ പഞ്ചായത്ത്

വിസ്തീർണ്ണം: 17.54 ചതു: കി: മീ.

# കൃഷിയും ജലസേചനവും

പെരുങ്കടവിള പഞ്ചായത്തിലെ ഭൂമിയുടെ കിടപ്പ് സമതലം, കുന്ന്, ചരിവ് എന്നീ രീതിയിലാണ്. കുന്നിൻ പ്രദേശങ്ങളിൽ വ്യാപകമായി റബ്ബർ കൃഷി ചെയ്യുന്നു. മാവ്, പ്ലാവ്, പുളി, ആഞ്ഞിൽ തുടങ്ങിയവയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണാൻ കഴിയും. നിരപ്പായ പ്രദേശവും ചതുപ്പ് നിലങ്ങളും പഞ്ചായത്തിൽ കാണാൻ കഴിയും. മലയോര പഞ്ചായത്തായ പെരുങ്കടവിളയിൽ പാറക്കെട്ടുകളും കുന്നിൻ ചരുവുകളുമാണ് കൂടുതലായി കാണപ്പെടുന്നത്. അരുവിപ്പുറം പഴമല ആങ്കോട് പ്രദേശങ്ങളിലാണ് പാറക്കെട്ട് വളരെ കൂടുതലായി കാണപ്പെടുന്നത്.

### *മണ്ണ്*

പലസ്വഭാവ ഗുണമുള്ള മണ്ണാണ് ഈ പഞ്ചായത്തിലുള്ളത്. പ്രധാന മണ്ണിനങ്ങൾ- മണൽ മണ്ണ്, കളിമണ്ണ്, പശിമരാശിമണ്ണ്, എക്കൽ മണ്ണ് എന്നിവയാണ്. ചരൽ മണ്ണ് മൈലപ്പൊറ്റ-താത്തിയൂർ ഭാഗങ്ങളിലും, മണൽ മണ്ണ് ആയയിൽ - തോട്ടവാരം പഴമല ഭാഗത്തും, പാരുമണ്ണ് അരുവിപ്പുറം ഭാഗത്തും കാണപ്പെടുന്നു.

ഏകദേശം 30 കൊല്ലങ്ങൾക്ക് മുമ്പ് മലഞ്ചെരുവുകളിൽ മരച്ചീനിയും സമതലങ്ങളിൽ തെങ്ങും, നെല്ലും ആയിരുന്നു. പഞ്ചായത്തിലെ പ്രധാന മരച്ചീനി കൃഷികൾ- നൂറുമുട്ടൻ, കരിയിലപ്പൊരിയൻ, കയ്യാലചാടി, അടുക്കുമുട്ടൻ, കലിയൻ, വെള്ളപ്പിരിയൻ, വിശാഖം, മാങ്കൊഴുന്തൻ എന്നിവയായിരുന്നു. ഇപ്പോൾ മരച്ചീനി കൃഷി വളരെ കുറവാണ്. മരച്ചീനി കൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ നാണ്യവിളയായ റബ്ബർ കയ്യടക്കിയിരിക്കുകയാണ്. റബ്ബർ, തെങ്ങ്, കുരുമുളക്, വാഴ, പച്ചക്കറികൾ എന്നിവയാണ് ഇപ്പോഴത്തെ പ്രധാന കൃഷികൾ.

ജലസേചന സൗകര്യമുള്ള പ്രദേശങ്ങളിൽ വാഴ വൻതോതിൽ കൃഷിചെയ്യുന്നു. ഈ പ്രദേശങ്ങിലെ ഏത്തവാഴ പേരുകേട്ടതാണ് വാഴകൃഷിക്ക് രാസവളങ്ങളും, ജൈവവളങ്ങളും കർഷകർ ഉപയോഗിക്കുന്നുണ്ട്. പാളയൻതോടൻ, കപ്പ, ഏത്തൻ, രസകദളി, അണ്ണാൻ, മൊന്തൻ, ചിങ്ങൻ, പൂവൻ, റോബസ്റ്റ തുടങ്ങിയവയാണ്, ഇവിടുത്തെ പ്രധാന വാഴയിനങ്ങൾ. വാഴകൃഷിയോടൊപ്പം തന്നെ പാടങ്ങളിൽ ചീര, ഇഞ്ചി, വെണ്ട, പടവലം, ചേമ്പ്, വെള്ളരി, പാവൽ, ചീനി എന്നിവയും കൃഷിചെയ്യുന്നു. അടുക്കളതോട്ടങ്ങൾ അപൂർവ്വമായി മാത്രമേ പഞ്ചായത്ത് പ്രദേശത്ത് കാണുന്നുള്ളൂ.

പഴമക്കാർ കാളകളേയും, പോത്തുകളേയും ഉപയോഗിച്ചാണ് നിലങ്ങൾ ഉഴുതിരുന്നത്. ഏഴുചാലും മരമടിയും നടത്തിയ ശേഷമാണ് കർഷകർ വിത്ത് വിതക്കുന്നത്. ഈ പ്രദേശങ്ങളിൽ ഉപയോഗിച്ചിരുന്ന പ്രധാന നെൽ വിത്തിനങ്ങളാണ് ആര്യൻ, പൊന്നാര്യൻ, വട്ടൻ, ഈഞ്ചക്കാടൻ, മേടൻ, കഴമ, കിഴക്കൻവെള്ള, തുളനാടൻ, തവളക്കണ്ണൻ, ജീരകചമ്പാവ്, വാങ്കുനെല്ല് എന്നിവ. ഇതിൽ വാങ്കുനെല്ല് പൊരി ഉണ്ടാക്കുന്നതിനുവേണ്ടി ഉപയോഗിച്ചിരുന്നു. ഇപ്പോൾ നിലം ഉഴുന്നതിന് ചിലയിടങ്ങളിൽ ട്രാക്ടർ ഉപയോഗിക്കുന്നുണ്ട്. അത്യുല്പാദന ശേഷിയുള്ള ഐ ആർ 8, ജയ, സരസ്വതി, സൂര്യപ്രഭ, എച്ച് 4, അശ്വതി, ഭാരതി, രോഹിണി, ജ്യോതി എന്നീ നെൽ വിത്തിനങ്ങളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്.

തോട്, ആറ് എന്നിവയുടെ തീര പ്രദേശങ്ങളിലും വയൽക്കരകളിലുമാണ് ഇപ്പോൾ തെങ്ങ് കൃഷി കൂടുതലായുള്ളത്. നെൽപ്പാടങ്ങൾ നികത്തിയും ഇപ്പോൾ തെങ്ങ് കൃഷിചെയ്യുന്നുണ്ട്. റ്റി എക്സ് ഡി, വെസ്റ്റ് കോസ്റ്റ്, ഡി എക്സ് റ്റി, ഡബ്ല്യൂ സി റ്റി, ആൻറമാൻ ഓഡിനറി, ജാവ, കടപ്പാടൻ, കോമാടൻ തുടങ്ങിയ ഇനം തെങ്ങുകളാണ് ഇപ്പോൾ ഈ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നത്. കേര കർഷകരെ സങ്കേതികമായി സഹായിക്കുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടി വാർഡ് തോറും കേരകർഷകസമിതികൾ

പ്രവർത്തിച്ചിരുന്നു. ഒരു കേരകർഷകസമിതി പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ കർഷകരെ സഹായിക്കുന്നതിന് വേണ്ടി കൃഷിഭവൻ, പെരുങ്കടവിള പഞ്ചായത്താഫീസിനു സമീപം സ്ഥിതിചെയ്യുന്നു. 1988 മുതലാണ് പഞ്ചായത്തിന്റെ കീഴിൽ കൃഷിഭവൻ നിലവിൽ വന്നത്. പഞ്ചായത്ത് പ്രദേശത്തെ എല്ലാ കർഷകർക്കും കൃഷി ഭവന്റെ സേവനം ലഭിക്കുന്നില്ല എന്ന് പരക്കെ പരാതിയുണ്ട്. മണ്ണ് പരിശോധനയും അതിനനുസരിച്ചുള്ള വളങ്ങൾ നിർദ്ദേശിക്കുന്ന രീതിയും ഇപ്പോൾ ഇവിടെ നിലവിലില്ല. ചാമ്പലും, ചാണകവും, പച്ചില വളവും കൃഷിക്കായി ഉപയോഗിക്കുന്നുവെങ്കിലും രാസവളമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. രാസവള പ്രയോഗം കൂടുതൽ വിളവ് ലഭ്യമാക്കുന്നു എന്നാണ് കർഷകരുടെ പൊതുവേയുള്ള അഭിപ്രായം.

പെരുങ്കടവിള പഞ്ചായത്ത് പ്രദേശത്തെ കർഷകർക്ക് കൃഷിചെയ്യുന്നതിനാവശ്യമായ വായ്പ പ്രധാനമായും ലഭിക്കുന്നത്. ആങ്കോട്, മാരായമുട്ടം സഹകരണ സംഘങ്ങളിൽ നിന്നും, നെയ്യാറ്റിൻകര കാർഷിക വികസന ബാങ്ക്, പെരുങ്കടവിള ഐ ഓ ബി, ജില്ലാ സഹകരണ ബാങ്ക് അരുവിപ്പുറം ശാഖ, പെരുമ്പഴുതൂർ ഇൻഡ്യൻ ബാങ്ക് എന്നിവിടങ്ങളിൽ നിന്നാണ്.

## ജലസേചനം

ഈ പഞ്ചായത്തിലെ കർഷകർ പ്രധാനമായും നെയ്യാർഡാമിലെ ജലത്തെയും മഴയെയും ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്. നെയ്യാർഡാമിലെ ഇടതുകര മെയിൻ കനാൽ നമ്മുടെ പഞ്ചായത്തിലൂടെ പത്ത് കിലോമീറ്റർ ദൂരം കടന്നു പോകുന്നുണ്ട്. ഇതിൽ തത്തിയൂർ ഒരു അക്വിഡേറ്റ് സ്ഥിതി ചെയ്യുന്നുണ്ട്. രണ്ട് കുന്നുകൾ തമ്മിൽ യോജിപ്പിച്ചുകൊണ്ടുള്ള കോൺക്രീറ്റ് ബോക്സ് വഴി ചിറ്റാറിന് മുകളിലൂടെ ചാനൽ ജലം ഒഴുകുന്നത് കൗതുകം ജനിപ്പിക്കുന്ന കാഴ്ചതന്നെയാണ്. മെയിൻ കനാലിൽ നിന്നു ഉപകനാലുകൾ വഴിയും അവയിൽ നിന്നും കാഡാ പദ്ധതി വഴിയുള്ള തോടുകളിലൂടേയും ജലസേചന സൗകര്യം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപിപ്പിച്ചിട്ടുണ്ട്. ടി പദ്ധതി ഇനിയും വ്യാപിപ്പിക്കേണ്ടതായിട്ടുണ്ട്. ഉപചാനലുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം മണ്ണ് നിറഞ്ഞു കിടക്കുകയും ചാനൽ ജലം പലപ്പോഴും പാഴായി പോകുക പതിവാണ്. കർഷകർക്ക് കൃഷിക്ക് ആവശ്യമുള്ള സമയത്ത് ജലം ലഭിക്കുന്നില്ല എന്ന പരാതി ഗ്രാമസഭകളിൽ പൊന്തിവന്നിട്ടുണ്ട്. ചാനൽ ജലം ആവശ്യാനുസൃതം തുറക്കുവാനും അടക്കുവാനും വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം നല്കണമെന്ന് ഗ്രാമസഭകളിൽ ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്.

ചെറുതോടുകളും കുളങ്ങളും ചിറ്റാറും നെയ്യാറുമാണ് മറ്റു പ്രധാന ജല സ്രോതസ്സുകൾ മഴക്കാലങ്ങളിൽ കുന്നും പ്രദേശത്തുനിന്നും ജലം കുത്തൊലിച്ച് നദിയിൽ പതിക്കുകയാണ് ചെയ്യുന്നത്. ശാസ്ത്രീയമായ രീതിയിൽ കൃഷി ഭൂമികളെ തട്ടുകളാക്കിമാറ്റി ജലസംഭരണം ഉറപ്പ് വരുത്തുവാൻ സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്. കുളങ്ങളുടെ ചോർച്ച കാരണം വേനൽ കാലങ്ങളിൽ കൃഷിക്ക് ആവശ്യമായ ജലം ലഭിക്കുന്നില്ല.

കൃഷി ഭവനിൽ നിന്നും കർഷകർക്ക് കൃഷിക്ക് ആവശ്യമുള്ള പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും കിണർ കുഴിക്കുന്നതിനും സബ്സീഡിയും ലോണുകളും നല്കുക. തെങ്ങിനും മറ്റ് വിലകൾക്കും സബ്സീഡി നിരക്കിൽ വളം നല്കുന്നതോടൊപ്പം ചില വിത്തുകളും തൈകളും സബ്സിഡി ഇനത്തിൽ വിതരണം ചെയ്യണം. കർഷകരെ മാനിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ നടപ്പിലാക്കിയ കാർഷിക ദിനാചരണവും ആണ്ടുതോറും നടത്തുന്നുണ്ട്. 8 ലക്ഷം രൂപാ ചെലവിൽ പെരുങ്കടവിള വാർഡിൽ മാറാക്കുഴിയിൽ നടപ്പിലാക്കിയ സാമൂഹിക ജലസേചന പദ്ധതി കമ്മീഷൻ ചെയ്തു കഴിഞ്ഞിരിക്കുന്നു. കാർഷികരംഗത്ത് വിപ്ലവകരമായ മാറ്റം നമ്മുടെ പഞ്ചായത്തിൽ പ്രതീക്ഷിക്കുന്ന ഈ പദ്ധതി ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെയാണ് പൂർത്തിയാക്കിയത്.

ആനാവൂർ വാട്ടർ ഷെഡിന്റെ ഭാഗമായി പെരുങ്കടവിള പഞ്ചായത്തിലെ ആങ്കോട്, പെരുങ്കടവിള, പാൽക്കുളങ്ങര, അയിരൂർ, ആലത്തൂർ ഭാഗികമായും, അരുവിപ്പുറം വാട്ടർ ഷെഡിന്റെ ഭാഗമായി അരുവിപ്പുറം-അയിരൂർ

വാർഡുകളിലും കൃഷിഭൂമി സംരക്ഷണ പദ്ധതികൾ നടന്നുകൊണ്ടിരിക്കുകയാണ്. അരുവിപ്പുറം, മാരായമുട്ടം, വടകര, ചുള്ളിയൂർ, തത്തിയൂർ ഭാഗങ്ങളെ ഉൾപ്പെടുത്തികൊണ്ടുള്ള ചിറ്റാർ വാട്ടർ ഷെഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

*കാർഷിക ജലസേചന രംഗത്തെ പ്രശ്നങ്ങൾ*

1. കുന്നിൻ ചെരുവിലെ മണ്ണൊലിപ്പ്.
2. നെൽകൃഷി നശിച്ചുകൊണ്ടിരിക്കുന്നു.
3. ഉയർന്ന സ്ഥലങ്ങളിൽ വൻതോതിലുള്ള പാറപൊട്ടിക്കൽ.
4. കൃഷി ഭവന്റെ നീതി പൂർവ്വകമല്ലാത്ത പ്രവർത്തനം.
5. പാടങ്ങൾ മണ്ണിട്ട് നികത്തൽ
6. കുളങ്ങളുടെ ചോർച്ച.
7. ആധുനിക സാങ്കേതിക വിദ്യയെക്കുറിച്ചുള്ള അറിവില്ലായ്മ.
8. ചിറ്റാറിലെ മണലൂറ്റൽ
9. നല്ലയിനം വിത്തുകളുടെ അഭാവം.
10. മണ്ണിന്റെ ഫലഭൂയിഷ്ഠതയില്ലായ്മ.
11. പ്രകൃതിക്ഷോഭം
12. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.
13. മണ്ണു പരിശോധനയുടെ അഭാവം.
14. ഉല്പന്നങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലായ്മ.
15. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യമില്ലായ്മ.
16. കർഷക തൊഴിലാളികളുടേയും കൃഷിഭൂമിയുടേയും ലഭ്യതക്കുറവ്.
17. കൃഷി ഭൂമിയുടെ അശാസ്ത്രീയമായ ഉപയോഗം.
18. നടീൽ വസ്തുക്കളുടേയും വിത്തുകളുടേയും ലഭ്യതക്കുറവ്.
19. വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പോരായ്മ.
20. വർദ്ധിച്ചുവരുന്ന രോഗ കീടബാധ.

1. *തെങ്ങ് രോഗങ്ങൾ* വേരു ചീയൽ, ചെന്നീരൊലിപ്പ്, മണ്ടചീയൽ
2. *വാഴ* കൂമ്പടപ്പ്, സിഗാട്ടോക്ക
3. *നെല്ല്* - പുള്ളികുത്ത്, കുലവാട്ടം, പോള രോഗം.
4. *റബ്ബർ* പിങ്ക്രോഗം, ഇലപൊഴിച്ചിൽ രോഗം.

*നിർദ്ദേശങ്ങൾ*

1. മണ്ണൊലിപ്പ് ഫലപ്രദമായി തടയുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിക്കുക.
2. പഞ്ചായത്തിലെ എല്ലാ മെയിൻ തോടുകളിലും ചിറ്റാറിലും സൈഡ്വാൾ കെട്ടുക.
3. കുളങ്ങളുടെ ചോർച്ചകൾ അടക്കുകയും നവീകരിക്കുകയും ചെയ്യുക.
4. കൃഷിക്കാവശ്യമായ സമയങ്ങളിൽ തോടുകളിൽ ജലം എത്തിക്കാൻ നടപടി സ്വീകരിക്കുക.
5. കുന്നിൻപ്രദേശങ്ങളിൽ പാറകൾ പൊട്ടിക്കുന്നത് തടയുക.
6. പച്ചക്കറി കൃഷി വ്യാപിപ്പിക്കുകയും പച്ചക്കറി വിതരണത്തിനായി സഹകരണ സംഘങ്ങൾ സ്ഥാപിച്ച് പച്ചക്കറി സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.
7. ഗ്രാമീണ വിപണി ഉണ്ടാക്കുക.
8. നെല്പാടങ്ങൾ നികത്തുന്നത് കർശനമായി തടയുക.
9. കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക.
10. കൃഷി ഭവന്റെ പ്രയോജനം നീതിപൂർവ്വമാക്കുക.
11. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് കർഷകർക്ക് വായ്പകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുക.
12. അടുക്കള കൃഷിത്തോട്ടത്തിനുള്ള ധനസഹായം സ്ത്രീകൾക്ക് നൽകുക.
13. അയിരൂർ വാർഡിലും പെരുങ്കടവിള വാർഡിലും ചാനലിനു വേണ്ടി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ ഉടൻ ചാനൽ നിർമ്മിക്കുക.
14. കർഷകർക്ക് സാങ്കേതിക പരിജ്ഞാനം നൽകുക.
15. യന്ത്രങ്ങൾ, ഗുണമേന്മയുള്ള വിത്തിനങ്ങൾ, കീടനാശിനികൾ എന്നിവ സബ്സിഡി ഇനത്തിൽ നൽകുക.
16. പ്ലാന്റേഷൻ ആനുകൂല്യങ്ങൾ നൽകുക.
17. കൊക്കോട്-ഇരുമ്പകൽകോണം വടകര ബ്രാഞ്ച് കനാൽ പൂർത്തിയാക്കുക.

18.മിനി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ചിറ്റാറിന്റെ ഇരുവശങ്ങളിലും നടപ്പിലാക്കുക.

19.വളം ഡിപ്പോകൾ സ്ഥാപിക്കുക.

20.കാലാകാലങ്ങളിൽ മണ്ണ് പരിശോധന നടത്തി മണ്ണിന്റെ ഫലപുഷ്ടിക്കുറവ് പരിഹരിക്കുക.

21.മുരപ്പാറ, കറ്റലക്കടവ്, തീണ്ടാപ്പാറ, തത്തമല, വടകര എന്നി സ്ഥലങ്ങളിൽ കൃഷിക്ക് വെള്ളമെത്തിക്കാൻ ക്രോസ്സ് ബാർ നിർമ്മിക്കുക.

22.നെൽക്കൃഷിക്കുള്ള വളത്തിന് സബ്സിഡി നല്കുക.

23.പ്രകൃതിക്ഷോഭം മൂലം കർഷകനുണ്ടാകുന്ന നഷ്ടം നികത്താൻ പദ്ധതികൾ രൂപീകരിക്കുക.

24.ആനാവൂർ വാട്ടർഷെഡ് ആലത്തൂർ, അയിരൂർ വാർഡിലെ കർഷകർക്ക് പൂർണ്ണമായും ഉപയുക്തമാക്കുക.

25.തൊഴിലാളികളുടെ ലഭ്യതയ്ക്ക് സ്ഥിരം കർഷകത്തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുക.

26.കാർഷിക വൃത്തിയിൽ അവശത അനുഭവിക്കുന്നവർക്ക് ഇൻഷ്വറൻസ് പദ്ധതി രൂപപ്പെടുത്തുക.

27.പഞ്ചായത്തടിസ്ഥാനത്തിൽ എല്ലാ വർഷവും കാർഷിക പ്രദർശനവും സെമിനാറും വിള മത്സരവും നടത്തുക.

28.അച്ചാറ്, ജല്ലി, ജാം മുതലായവ നിർമ്മിക്കുന്ന ഫുഡ് പ്രോസസിംഗ് യൂണിറ്റ് സ്ഥാപിക്കുക.

29.കരുമ്പാലക്കുഴിയിൽ ഒരു കുളം നിർമ്മിച്ച് തലമണ്ണൂർകോണം ഏലായിൽ നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുക.

30.പഞ്ചായത്തിൽ ഉൾപ്പെട്ട എല്ലാ കുളങ്ങളും കൃഷിക്ക് ആവശ്യമായ രീതിയിൽ ഉപയുക്തമാക്കുക.

31.സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പച്ചക്കറി സംഭരണ ഡിപ്പോയും വിപണനകേന്ദ്രവും പഞ്ചായത്തിൽ ആരംഭിക്കുക.

32.ഊർജ്ജിത പച്ചക്കറി കൃഷി പദ്ധതി പെരുങ്കടവിള പഞ്ചായത്തിൽ നടപ്പിലാക്കുക.

33.കർഷകർക്ക് കൂടുതൽ വായ്പ ലഭ്യമാക്കുന്നതിനുവേണ്ടി എസ് ബി റ്റിയുടെ ഒരു ബ്രാഞ്ച് പെരുങ്കടവിള പഞ്ചായത്തിൽ സ്ഥാപിക്കുക.

**പട്ടിക 1 തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| I | 5207 | 19113 | 24320 |
| II | 3450 | 12111 | 15561 |
| III | 4695 | 19887 | 24582 |
| IV | 2595 | 15410 | 18005 |
| V | 2095 | 13697 | 15792 |
| VI | 3768 | 16979 | 20747 |
| VII | 5384 | 18000 | 23384 |
| VIII | 2369 | 15036 | 17405 |
| IX | 9234 | 20148 | 29382 |
| X | 7234 | 12663 | 19897 |


**പട്ടിക 2 വിളകളും വിസ്തീർണ്ണവും**

| വിള | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| നെല്ല് | 93.29 |
| പച്ചക്കറികൾ | 12 |
| തെങ്ങ് | 530 |
| വാഴ | 116 |
| മരച്ചീനി | 266 |
| കുരുമുളക് | 41 |
| പ്ലാവ് | 6 |
| മാവ് | 2 |
| റബ്ബർ | 463 |
| കവുങ്ങ് | 6 |

**പട്ടിക 3 കൃഷിഭവന്റെ ദുരിതാശ്വാസ വിതരണം**

| വർഷം | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 1 | 2 | 3 |
| 1993-94 | 224 | 32330 |
| 1994-95 | 172 | 46736 |
| 1995-96 | 214 | 60131 |

## പ്രധാന തോടുകളും പുഴകളും




# പെരുങ്കടവിള ഗ്രാമ പഞ്ചായത്ത്

വിസ്തീർണ്ണം: 17.54 ചതു: കി: മീ.

പ്രാഥമിക മേഖല

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിതം നയിക്കുന്നവരാണ് നമ്മുടെ പഞ്ചായത്തിലെ 70% ജനങ്ങളും. 50% കുടുംബങ്ങളിലും ഒരു പശുവോ, ആടോ, എരുമയോ വളർത്തുന്നുണ്ട്. കാർഷികമേഖലയിൽ വരുന്ന യന്ത്രവല്ക്കരണവും ദീർഘകാലവിളകളിലേക്കുള്ള മാറ്റവും തൊഴിലില്ലായ്മ വർദ്ധിപ്പിക്കും എന്നതുകൊണ്ട് മൃസംരക്ഷണത്തിനും പാലുല്പാദനത്തിനും മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. ഇവിടത്തെ പ്രധാന വളർത്തുമൃങ്ങൾ പശു, ആട്, എരുമ, പന്നി, മുയൽ തുടങ്ങിയവയാണ്. കോഴിയും, താറാവുമാണ് വളർത്തു പക്ഷികളിൽ പ്രധാനം. കൗതുകത്തിനായി, തത്ത, പ്രാവ്, ലൗബേർഡ്സ്, മൈന തുടങ്ങിയവയേയും വളർത്തുന്നുണ്ട്. ഇവിടെയുള്ള പശുക്കളിൽ അധികവും സങ്കരയിനങ്ങളിൽപ്പെട്ടവയാണ്. ഇവയിൽ പകുതിയിലധികവും പ്രതിദിനം 12 ലിറ്ററിലധികം പാലുല്പാദിപ്പിക്കാൻ കഴിവുള്ളവയാണ്. പഞ്ചായത്ത് പ്രദേശത്ത് പെരുങ്കടവിളയിൽ ഒരു മൃഗാശുപത്രിയും ചുള്ളിയൂർ മണലുവിളയിൽ ഒരു ഐ.സി.ഡി.പി. സബ്സെൻററും പ്രവർത്തിക്കുന്നു.

*മൃസംരക്ഷണ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ*

1. ഗുണനിലവാരമുള്ള കാലിത്തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലയും ആണ് കർഷകർ നേരിടുന്ന മുഖ്യപ്രശ്നം. കൂടാതെ വയ്ക്കോലിന്റെ ദൗർലഭ്യവും ചുരുങ്ങിയ തീറ്റപ്പുൽകൃഷിയും കാലിവളർത്തൽ കർഷകരെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നു.
2. പാൽ ഉത്പാദനചിലവിന് അനുസൃതമായ വിലകർഷകന് ലഭിക്കുന്നില്ല.
3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
4. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം.
5. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ ആശാസ്ത്രീയമായ മൃഗചികിത്സ.
6. അശാസ്ത്രീയമായ മാംസോല്പാദന വിപണന രീതികൾ.
7. ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത.
8. സമഗ്രപ്രവിഷ നിയന്ത്രണ പദ്ധതികളുടെ അഭാവം.
9. മൃഗചികിത്സാ സൗകര്യങ്ങളുടെ പര്യാപ്തത ആവശ്യം വേണ്ടുന്ന മരുന്നകുളുടെ ദൗർലഭ്യം. ലബോറട്ടറി സൗകര്യമില്ലായ്മ, പഞ്ചായത്തിലെ മിക്ക വാർഡുകളിലും ബീജധാന സൗകര്യങ്ങൾ ഇല്ല.
10. പാൽ വിപണനത്തിലുള്ള അസൗകര്യം.
11. പേപ്പട്ടിശല്യം അനുഭവപ്പെടുന്നു.

***നിലവിലുള്ള പദ്ധതികൾ: പോരായ്മകൾ-മാറ്റങ്ങൾ***

**1. *പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി***

ഈ പദ്ധതി പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ തോട്ടവാരം, ചുള്ളിയൂർ എന്നി ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ കീഴിൽ വരുന്ന കന്നുകുട്ടികളുടെ എണ്ണം താരതമ്യേന വളരെക്കുറവാണ്. ഉയർന്ന ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റ ആരോഗ്യപരിപാലനം, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നല്കി. ആദ്യപ്രസവം മുപ്പത് മാസത്തിനുള്ളിൽ സാദ്ധ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളെയും ഉൾപ്പെടുത്തുകയും പശുക്കുട്ടികൾക്ക് പുറമേ എരുമക്കുട്ടികളെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരേണ്ടതാണ്.

2. *പേ വിഷ നിയന്ത്രണ പദ്ധതി*

വളർത്ത് നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ് ഇപ്പോൾ നർബന്ധമല്ല. പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കളേയും നിർബന്ധിത പ്രതിരോധ കുത്തിവയപ്പിന് വിധേയമാക്കുകയും ലൈസൻസിംഗ് ഏർപ്പെടുത്തുകയും വേണം. ലൈസൻസ് ഇല്ലാത്തതും അലഞ്ഞു തിരിഞ്ഞു നടക്കുന്നതുമായ നായ്ക്കളെ നശിപ്പിക്കുകയും വേണം.

3. *കാലിരോഗ നിയന്ത്രണ പദ്ധതി*

കാലാകാലങ്ങളിൽ കന്നുകാലികൾക്കും, കോഴികൾക്കും ഉണ്ടാകുന്ന പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധകുത്തിവയ്പ്പു നടത്തുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. ഈ പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാ കർഷകരും പൂർണ്ണമായും പ്രയോജനപ്പെടുത്തിന്നില്ല. ഒരു പ്രദേശത്തെ എല്ലാ കന്നുകാലികളെയും യഥാസമയം പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണം.

4. *ഊർജ്ജിത പന്നി വളർത്തൽ പദ്ധതി.*

പന്നികുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിന് സ്വകാര്യമേഖലയിലും, പ്രാദേശിക ജീവിത രീതിയ്ക്ക് അനുസൃതമായും പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കണം. അനുയോജ്യമായ സ്ഥലങ്ങൾകണ്ടെത്തി വിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുക.

5. *ആട് വളർത്തൽ പദ്ധതി*

നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. പച്ചിലത്തീറ്റയുടെ ദൗർലഭ്യം, ഒരു പോരായ്മയാണ്. നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കണം. കൂടാതെ സാമൂഹ്യ വനവനൽക്കരണ പദ്ധതി മുഖേന ഇതിനുവേണ്ട പച്ചിലത്തീറ്റ കൂടുതൽ പ്രചരിപ്പിക്കുകയും വേണം.

6. *ഇറച്ചിക്കോഴി വളർത്തൽ പദ്ധതി.*

ഈ മേഖല ഇന്ന് തികച്ചും അസംഘടിതമാണ് തീറ്റയും കോഴികുഞ്ഞുങ്ങളുടെയും അമിതമായ വിലയും, ഇടത്തരക്കാരുടെ ചൂഷണവും ഈ മേഖല നേരിടുന്ന പ്രശ്നമാണ്. നല്ലയിനം കോഴികുഞ്ഞുങ്ങളേയും കുറഞ്ഞ വിലയ്ക്ക് തീറ്റയും പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം. ഇടത്തട്ടുകാരെ ഒഴിവാക്കുകയും കോഴിയിറച്ചിയുടെ വിപണനത്തിനായി സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും ചെയ്യണം.

7. *അടുക്കളമുറ്റത്തെ കോഴി വളർത്തൽ*

എല്ലാവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. ആവശ്യക്കാർക്ക് രണ്ട് മാസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ സഹായനിരക്കിൽ ലഭ്യമാക്കണം.

8. *ബീജസങ്കലന സൗകര്യങ്ങൾ*

ബീജസങ്കലന കേന്ദ്രങ്ങൾ പരിമിതമാണ്. വർഗ്ഗോദ്ധാരണ ശേഷിയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന കണക്കിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

9. *മുയൽ വളർത്തൽ പദ്ധതി*

മാംസോല്പാദനത്തിനുവേണ്ടി മുയൽ വളർത്തൽ വ്യാപകമാക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ മേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന രീതിയിൽ പദ്ധതി ആവിഷ്ക്കരിക്കേണ്ടതുണ്ട്.

10. *എഗ്ഗർ നേഴ്സറി*

നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ ലഭ്യമല്ല. സർക്കാർ ഫാമുകളിൽ നിന്നും ഇവ ലഭ്യമാക്കണം. ഈ പദ്ധതി മറ്റു മുട്ടക്കോഴി വളർത്തൽ പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കണം.

11. *വികസനവും, പരിശീലനവും, വിജ്ഞാന വ്യാപനവും.*

കർഷകർക്ക് ശാസ്ത്രീയമായ മൃഗപരിപാലന രീതികളെക്കുറിച്ചുള്ള അറിവു പകരുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ കർഷകരെയും ബോധവത്ക്കരിക്കത്തക്ക വിധത്തിൽ സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ, പ്രായോഗിക പരിശീലനങ്ങൾ എന്നിവ വ്യാപകമായ തോതിൽ സംഘടിപ്പിക്കേണ്ടതുണ്ട്.

*സാദ്ധ്യതകൾ / പരിഹാരങ്ങൾ*

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾ ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിത വിലയ്ക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും, പ്രാദേശികമായി തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനും ഇതു സഹായിക്കും.

2. പഞ്ചായത്ത് പുറമ്പോക്കു സ്ഥലങ്ങളും, കനാലിന്റെ ഇരുകരകളും തീറ്റപ്പുല്ല് കൃഷിയ്ക്ക് വേണ്ടി ലേല വ്യവസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്.

3. പാൽ വിപണന സ്ഥാപനങ്ങൾ കർഷകന് പ്രാപ്യമായ രീതിയിൽ പുനരാസൂത്രണം ചെയ്യുകയും പാലിന് അർഹരായ വില ഉറപ്പുവരുത്തുകയും വേണം.

4. പാൽ സൊസൈറ്റിയും ധനകാര്യസ്ഥാപനങ്ങളും കർഷകരും ചേർന്ന് കൂട്ടുത്തരവാദിത്വത്തോടെ ഉള്ള വായ്പാ സംവിധാനം ഉണ്ടാക്കുക.

5. മൃഗാശുപത്രികളിൽ ആവശ്യം വേണ്ടുന്ന മരുന്നുകൾ ലഭ്യമാക്കുക.

6. പഞ്ചായത്ത് തലത്തിൽ പക്ഷിമൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക.

7. വർഗ്ഗോദ്ധാരണ ശേഷിയുള്ള 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ ക്രിതൃമ ബീജസങ്കലന കേന്ദ്രങ്ങൾ ആരംഭിക്കണം.

8. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസ വിപണനസൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യണം.

9. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ശാസ്ത്രീയമായി നടപ്പിലാക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

10. ചികിത്സാരംഗം രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമായി നിജപ്പെടുതുക.

11. മൃഗാശുപത്രിയിൽ വികസനത്തിന് ആവശ്യമായ ഫോൺ കണക്ഷൻ ഉൾപ്പെടെ ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം.

12. സമഗ്ര പേ വിഷ നിയന്ത്രണ നയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധകുത്തിവയ്പ്പ് നൽകുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

13. ക്ഷീര വികസന സംഘങ്ങളുടെ ലാഭവിഹിതം ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതു പ്രവണതമാറ്റി, പകരം ക്ഷീരസംഘങ്ങളുടെ പരിധിക്കുള്ളിൽ വരുന്ന കർഷകരെ കണ്ടെത്തി പശുലോൺ നല്കി പാലുല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

14. മൃഗാശുപത്രിയിലെ ഡോക്ടർമാരുടെ സേവനം ക്ഷീര സംഘങ്ങൾവഴി അടിയന്തിരമായി എത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

15. എല്ലാ ക്ഷീരോല്പാദക സഹകരണ സംഘങ്ങളോടനുബന്ധിച്ചും മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.

16. പിഗ്ഗറി സബ്‌യൂണിറ്റും, ആട് വളർത്തൽ കേന്ദ്രവും ആരംഭിക്കുക.

ഒൻപതാം പദ്ധതിയ്ക്കുവേണ്ടി മൃഗസംരക്ഷ മേഖലയിൽ നിന്ന്, പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ അടിസ്ഥാനമാക്കാൻ ഉതകുന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ചുവടെ ചേർക്കുന്നു.

## ഉല്പാദനമേഖല

**1. *പാൽ ഉല്പാദനം.***

ചെറുകിട നാമമാത്ര കർഷകരേയും കർഷകതൊഴിലാളികളെയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കുക. പാലിന്റെ ഉത്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുക. കാലിവളർത്തൽ മുഖ്യതൊഴിലായോ, ഉപതൊഴിലായോ

സ്വീകരിക്കുന്നതിന് പ്രോത്സാഹനം നൽകുക. എന്നിവയാണ് മുഖ്യ ലക്ഷ്യങ്ങൾ.

a. *ഡയറി യൂണിറ്റുകൾ.*

മൂന്നു പശുക്കൾ അടങ്ങുന്ന ഒരു യൂണിറ്റ്. ബാങ്ക് വായ്പ്പയുടെയും, സബ്സിടിയുടെയും സഹായമുണ്ടെങ്കിൽ ആദായകരമായ രീതിയിൽ കർഷകന് ഈ യൂണിറ്റ് മുന്നോട്ടുപോകാവുന്നതാണ്.

b. *കന്നുകുട്ടി പരിപാലന പദ്ധതി.*

നാലുമുതൽ 12 മാസം വരെ പ്രായമുള്ള സങ്കരയിനം പശുകുട്ടികൾക്ക് (എരുമ കുട്ടികൾക്ക് 2 മുതൽ 42 മാസം വരെ) സൗജന്യമായ നിരക്കിൽ കാലിത്തീറ്റ, മരുന്ന്, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നൽകി ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2. *മുട്ട ഉല്പാദനം.*

a. *വിട്ടുവളപ്പിലെ കോഴി വളർത്തൽ.*

വീടുകളിലേയ്ക്ക് ആവശ്യമായ മുട്ട ഉല്പാദിപ്പിക്കുന്നതിനു പുറമേ ഒരു വരുമാന മാർഗ്ഗവും, തൊഴിലും ഉറപ്പുവരുത്തുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. 60 ദിവസം പ്രായമായ 5 മുട്ടക്കോഴികുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വീട്ടമ്മമാർക്ക് വിതരണം ചെയ്യത്തക്ക രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

b. *എഗ്ഗർ നഴ്സറി.*

ഗുണമേന്മയുള്ള മുട്ടക്കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ 60 ദിവസം വരെ ശാസ്ത്രീയമായി വളർത്തി വിപണനത്തിന് തയ്യാറാക്കുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് 500 കുഞ്ഞുങ്ങൾ അടങ്ങുന്ന യൂണിറ്റുകൾ ആദായകരമായ രീതിയിൽ നടത്താവുന്നതാണ്.

c. *സ്ക്കൂൾ പൗൾട്രി ക്ലബ്.*

കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തൽ താത്പര്യവും ഉണ്ടാക്കുകയാണ് ഈ പദ്ധതയിടെ ലക്ഷ്യം. 2 മാസം പ്രായമുള്ള 3 മുട്ടക്കോഴികുഞ്ഞുങ്ങളെ സൗജന്യമായി കുട്ടികൾക്ക് നൽകുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്യാവുന്നതാണ്.

3. *വ്യാവസായിക അടിസ്ഥാനത്തിൽ മുട്ടക്കോഴി വളർത്തൽ*

സാമ്പത്തിക ശേഷിയുള്ള തൊഴിൽ രഹിതരായവർക്ക് മുട്ട ഉത്പാദന സഹകരണ സംഘങ്ങൾ സ്ഥാപിച്ച് മുട്ടക്കോഴി വളർത്തൽ ആദായകരമായി നടത്താം. കോഴിത്തീറ്റ ഉത്പാദനവും മുട്ടയുടെ വിപണനവും സംഘം വഴി നടത്താം.

4. *മാംസ ഉത്പാദനം*

a. *ഇറച്ചിക്കോഴി വളർത്തൽ.*

രണ്ടാഴ്ചയിലൊരിക്കൽ വിപണനപ്രായം എത്തിയ 250 ഇറച്ചിക്കോഴികളെ വില്പനയ്ക്ക് സജ്ജമാക്കുകയാണ് ഈ പദ്ധതി വഴി ലക്ഷ്യമാക്കുന്നത്. സർക്കാർ വക ഫാമുകളിൽ നിന്നോ സ്വകാര്യ ഹാച്ചറികളിൽ നിന്നോ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കാം. ബാങ്ക് വായ്പ്പകളുടെയും മറ്റു സാമ്പത്തിക ആനുകൂല്യങ്ങളുടെയും പിൻബലം ഉണ്ടെങ്കിൽ ഈ രംഗം കൂടുതൽ ശോഭനമാക്കാം,

b. *ആടു വളവർത്തൽ.*

മാംസോത്പാദനത്തിനായി ആടുകളെ വളർത്തുന്നത് ആദായകരമായ ഒരു മാർഗ്ഗമാണ്. ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതികൾക്ക് അനുസൃതമായി ആടു വളർത്തൽ പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്. മാംസ-സംസ്ക്കരണ വിപണന സഹകരണസംഘങ്ങൾ കൂടി ഉണ്ടായാൽ ഈ പദ്ധതി കൂടുതൽ ഫലപ്രദമാക്കാം.

c. *പന്നിവളർത്തൽ.*

പന്നിയിറച്ചിയുടെ ഉത്പാദനവും ലഭ്യതയും വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ രീതിയിൽ മേഖലാടിസ്ഥാനത്തിലുള്ള സാദ്ധ്യതകളും മതപരമായ പരിഗണനകളും കണക്കിലെടുത്ത് ഈ പദ്ധതി നടപ്പിലാക്കാം. ഹോട്ടൽ അവശിഷ്ടങ്ങൾ, പച്ചക്കറി മാർക്കറ്റിലെ അവശിഷ്ടങ്ങൾ ഇവ സംസ്ക്കരിച്ച് പന്നിയുടെ തീറ്റ തയ്യാറാക്കുന്നതിനൊപ്പം മാലിന്യദുരീകരണവും സാദ്ധ്യമാകുന്നു.

*d. കാളക്കുട്ടി പരിപാലനം.*

3 മാസം വരെ പ്രായമായ കാളക്കുട്ടികളെ 12 മാസം വരെ ശാസ്ത്രീയമായ രീതിയിൽ പരിചരിച്ച് മാംസ ആവശ്യത്തിനായി ഉപയോഗിക്കുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്.

*e. മുയൽ വളർത്തൽ.*

മാംസോത്പാദനത്തിനായി 2 പെൺ മുയലുകളും ഒരു ആൺമുയലും അടങ്ങുന്ന യൂണിറ്റുകൾ വിദ്യാർത്ഥികൾക്കോ വീട്ടമ്മമാർക്കോ സൗജന്യനിരക്കിൽ നൽകി ആദായകരമായ രീതിയിൽ ഈ പദ്ധതി നടപ്പിലാക്കാം,

*5. ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ.*

പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സഹകരണ അടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കണം.

## സേവനമേഖല

*മെച്ചപ്പെട്ട മൃഗാശുപത്രി സൗര്യങ്ങൾ.*

പെരുംകടവിള പഞ്ചായത്തിന്റെ മൃഗസമ്പത്ത് കണക്കിലെടുക്കുമ്പോൾ നിലവിലുള്ള മൃഗാശുപത്രി സൗകര്യങ്ങൾ അപര്യാപ്തമാണ്. ആയതിനാൽ ഒന്നിൽകൂടുതൽ ഡോക്ടർമാരും വാഹന സൗകര്യമുള്ള ഒരു വെറ്റിനറി പോളി ക്ലിനിക്കായി നിലവിലുള്ള ആശുപത്രി ഉയർത്തണം.

*പേ വിഷനിയന്ത്രണം*

പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും പ്രതിരോധകുത്തിവയ്പ്പ് നല്കുകയും ലൈസൻസ് നിർബന്ധമാക്കുകയും, അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

*അറവ്ശാലകൾ.*

ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുക, മാംസപരിശോധനയും വിപണനവും കാര്യക്ഷമമാക്കുക.

*വിജ്ഞാന വ്യാപനം.*

വിജ്ഞാനവ്യാപനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക

## ആസൂത്രണമേഖല

പ്രാദേശിക തലത്തിൽ പ്രായോഗികമായി വിജയിക്കുന്ന മൃഗസംരക്ഷണ പദ്ധതികൾക്ക് രൂപം നൽകുക.

## വനിതാ പങ്കാളിത്തം.

*a. വനിതാ സംരംഭകർക്കുള്ള പശു വളർത്തൽ.*

മഹിളാസംഘങ്ങൾ വഴി പശുവളർത്തുന്ന പദ്ധതി

*b. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ്.*

ചെറുകിട ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ മഹിളാസംഘങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതി.

*c. വിപണനകേന്ദ്രങ്ങൾ.*

സംസ്ക്കരിച്ച കോഴിയിറച്ചി, മുട്ട, കോഴിയിറച്ചിയും, മുട്ടയും ഉപയോഗിച്ചുണ്ടാക്കുന്ന വിവിധ വിഭവങ്ങൾ എന്നിവയുടെ വിപണനം വനിതകളുടെ ആഭിമുഖ്യത്തിലുള്ള വിപണനകേന്ദ്രങ്ങൾ നടത്താവുന്നതാണ്.

മൃഗസംരക്ഷണരംഗത്തെ പ്രവർത്തനമേഖല പരിശോധിച്ച് ഒരു സമഗ്ര ആസൂത്രണ പദ്ധതി രൂപപ്പെടുത്തുകയും അതിനെ കേരളത്തിലെ ജനങ്ങളുടെ ആഹാരക്രമം, പോഷകലഭ്യത, അദ്ധ്വാനം, ആരോഗ്യം എന്നവയുമായി ബന്ധപ്പെടുത്തി ജനങ്ങളുടെ സർവ്വതോൻമുഖമായ പുരോഗതിക്ക് സഹായമാക്കുകയും ചെയ്യുക എന്നതായിരിക്കണം ലക്ഷ്യം. ഗ്രാമതല ആസൂത്രണത്തിലൂടെ തീർച്ചയായും അത് സാദ്ധ്യമാക്കാം.

## A. വളർത്തുപക്ഷി സംഖ്യ

| ഇനം | പൂവൻകോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ |
| എണ്ണം | 471 | 3310 | 299 | 88 | 223 |

## B. വളർത്തുമൃഗസംഖ്യ

| ഇനം | കാള-നാടൻ | | കാള-സങ്കരം | | പശു-നാടൻ | | പശു-സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവയുള്ളവ | കറവയില്ലാത്തവ | കറവയുള്ളവ | കറവയില്ലാത്തവ | കറവയുള്ളവ | കറവയില്ലാത്തവ | | | |
| എണ്ണം | 1 | 12 | 5 | 42 | 5 | 7 | 1760 | 369 | 148 | 50 | 23 | 1281 | 1412 |

## C. രോഗവിവരങ്ങൾ

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | താറാവ് | കോഴി |
|---|---|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 1700 | 92 | 145 | 17 | 53 | 630 | 1250 |
| 2 | ശ്വാസകോശസംബന്ധമായവ | 260 | 53 | 247 | 13 | 28 | 450 | 1145 |
| 3 | ഉപാചയസംബന്ധമായവ | 72 | 43 | 24 | | | - | - |
| 4 | ത്വക്ക്രോഗങ്ങൾ | 320 | 51 | 151 | 14 | 37 | 33 | 56 |
| 5 | ധാതുലവണ സംബന്ധമായവ | 36 | 29 | 18 | 6 | 12 | 93 | 114 |
| 6 | വാതരോഗങ്ങൾ | 226 | 79 | 64 | 17 | 47 | 18 | 96 |
| 7 | പ്രത്യുത്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 408 | 83 | 103 | 14 | 17 | - | - |
| 8 | വന്ധ്യത | 15 | 4 | 4 | | | - | - |
| 9 | അകിടുവീക്കം | 153 | 52 | 31 | | | - | - |
| 10 | മുടന്തൻപനി | 84 | 62 | 21 | | | - | - |
| 11 | പകർച്ചവ്യാധികൾ | 13 | 2 | 6 | | 6 | 14 | 9 |

# ക്ഷീരവികസനം

ഒൻപതു പഞ്ചായത്തുകൾ അധികാരപരിധിയായിട്ടുള്ള പെരുങ്കടവിള ബ്ലോക്ക് ക്ഷീരവികസന ആഫീസ് പെരുങ്കടവിളയിലാണ് പ്രവർത്തിക്കുന്നത്. ക്ഷീരവിസകന ആഫീസിൽ നിന്നും ക്ഷീര കർഷകർക്കായി വാണിജ്യ അടിസ്ഥാനത്തിൽ പുൽകൃഷി നടത്തുന്ന സബ്സിഡിയോടുകൂടിയ സാമ്പത്തിക സാങ്കേതിക സഹായം നല്കുന്നുണ്ട്. മാതൃകാ കന്നുകാലി വളർത്തൽ യൂണിറ്റുകൾക്ക് സാമ്പത്തികസഹായം നല്കുന്നുണ്ട്. വൻപയർ, ചോളം തുടങ്ങിയ ഇടവിള കൃഷികൾക്കുള്ള വിത്തുകൾ സബ്സിഡിയോടു കൂടിവിതരണം ചെയ്യുന്നുണ്ട്. കന്നുകാലി തൊഴുത്ത് നിർമ്മാണത്തിന് 1250 രൂപ സബ്സിഡി നല്കുന്നു. കന്നുകാലി പ്രദർശനം വർഷാവർഷം ബ്ലോക്ക് അടിസ്ഥാനത്തിൽ ക്ഷീരവികസന മേള എന്ന പേരിൽ സംഘടിപ്പിക്കാറുണ്ട്. ഐ.എച്ച്.ഡി.പി. കോളനികളിൽ താമസിക്കുന്നവർക്കായുള്ള പ്രത്യേക സഹായ പദ്ധതികൾ നിലവിലുണ്ട്. ക്ഷീര ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്ന ചെറുകിട യൂണിറ്റുകൾക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നല്കുന്നുണ്ട്.

ക്ഷീര വികസനവുമായി ബന്ധപ്പെട്ട ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. അധികാരപരിധിയുടെ വിസ്തൃതിയും നിലവിലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണവും കണക്കിലെടുത്താൽ പെരുങ്കടവിള ക്ഷീരവികസന ആഫീസ് ഫോൺകണക്ഷൻ ഉൾപ്പെടെ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ക്ഷീരവികസനവുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർക്ക് മത,ജാതി പരിഗണന കൂടാതെ തന്നെ സഹായങ്ങൾ എത്തിക്കുവാൻ നടപടിയുണ്ടാകണമെന്ന അവശ്യവും ഗ്രാമസഭയിൽ ഉയർന്നിട്ടുണ്ട്.

*നിർദ്ദേശങ്ങൾ*

1. സഹകരണ അടിസ്ഥാനത്തിൽ ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ വടകരയിലും, അരുവിപ്പുറത്തും, തെള്ളുക്കുഴിയിലും സ്ഥാപിക്കുക.
2. ക്ഷീരകർഷക ഗ്രാമപഞ്ചായത്തായി പെരുങ്കടവിള പഞ്ചായത്തിനെ പ്രഖ്യാപിച്ച് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
3. ക്ഷീര വികസന ആഫീസിന് കെട്ടിടം നിർമ്മിക്കുക.

# മത്സ്യബന്ധനം

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി വലിയ തോടുകളും, 45 കുളങ്ങളും 16 കി.മീറ്റർ നീളമുള്ള ചിറ്റാറും, പഞ്ചായത്തിന്റെ പിടിഞ്ഞാറെ അതിർത്തിയിലൂടെ ഒഴുകുന്ന 8 കി.മീറ്റർ ഭാഗം വരുന്ന നെയ്യാർ നദിയുമാണ് പെരുങ്കടവിള പഞ്ചായത്തിലെ വിവിധ ഉപരിതല ജലസ്രോതസ്സുകൾ. മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ ആരുംതന്നെ ഈ പഞ്ചായത്തിലില്ല. ശുദ്ധജല മത്സ്യകൃഷി ചെയ്യാൻ പറ്റിയ നിരവധി കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ രംഗത്ത് മത്സ്യകൃഷിയുടെ സാദ്ധ്യത പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്. മത്സ്യ വിപണനം നടത്തുന്ന 5 കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. മാരായമുട്ടം. പെരുങ്കടവിള ചന്തകളാണ് മത്സവിപണനത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്.

*ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ*

1. കുളങ്ങളിൽ മത്സ്യകൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക് മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
2. മത്സ്യവിപണനകന്ദ്രങ്ങളിൽ മാലിന്യവും ദുർഗന്ധവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

*നിർദ്ദേശങ്ങൾ*

1. പഞ്ചായത്തിൽ ഉൾപ്പെട്ട എല്ലാ കുളങ്ങളിലും മത്സ്യകൃഷി നടത്തുക.
2. സാമ്പത്തിക-സാങ്കേതിക സഹായം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.
3. ശാസ്ത്രീയ മത്സ്യകൃഷിയെ കുറിച്ചുള്ള ബോധവല്ക്കരണ പ്രചരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
4. പഞ്ചായത്തു കുളങ്ങളെ മത്സ്യകൃഷി ചെയ്യുന്നതിന്, പാട്ടത്തിന് ലേലം ചെയ്തു കൊടുക്കുക.

ദ്വിതീയ മേഖല

# വ്യവസായം

തൊഴിൽ മേഖല പരിശോധിക്കുമ്പോൾ വ്യാവസായികമായി പെരുങ്കടവിളയുടെ അവസ്ഥ വളരെ മെച്ചമല്ല എന്നു കാണാം. തൊഴിലെടുക്കുന്നവരിൽ ചെറിയൊരുഭാഗം മാത്രമാണ് വ്യവസായ മേഖലയിൽ ഉള്ളത്. ഇവരിൽ പകുതിയോളം പേർ പരമ്പരാഗത വ്യവസായങ്ങളിലും മറ്റുള്ളവർ ആധുനിക വ്യവസായങ്ങളിലും പണിയെടുക്കുന്നു. തൊഴിലാളികളിൽ ഭൂരിഭാഗവും പഞ്ചായത്തിനു പുറത്തുള്ള വ്യവസായ ശാലകളിലാണ് പണിയെടുക്കുന്നത്. പഞ്ചായത്തിൽ തത്തിയൂർ, അരുവിപ്പുറം ഭാഗങ്ങളിൽ കൈത്തറി, നെയ്ത്തുശാലകളും, വടകര അരുവിപ്പുറം ഭാഗങ്ങളിൽ തീപ്പെട്ടി നിർമ്മാണ ശാലകളും ബീഡിച്ചുരുട്ടു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും. പായ്, കരകൗശല ഉല്പന്നങ്ങൾ, ചകിരിനാര് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംഘങ്ങളും കുടിൽ വ്യവസായ വനിതാ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സൂര്യ റബ്ബർ ഫാക്ടറിയും, ഗ്രാനൈറ്റ് ഖനനത്തിൽ പ്രവർത്തിക്കുന്ന ഗ്രാനൈറ്റ് കമ്പനിയും ഇവിടെയുണ്ട്. ഗ്രാനൈറ്റ് മേഖലയിൽ 80ഓളം ആൾക്കാർ പ്രവർത്തിക്കുന്നു.

വ്യവസായികയൂണിറ്റുകളിൽ പഞ്ചായത്തിന് നേരിട്ടുള്ള നിയന്ത്രണമില്ല. പരമ്പരാഗത വ്യവസായ മേഖലയിൽ പ്രമുഖം കൈത്തറി നെയ്ത്താണ്. 200ഓളം തൊഴിലാളികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. അരുവിപ്പുറത്ത് ശ്രീനാരായണ ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റായാണ് കൈത്തറി നെയ്ത്ത് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നത്.

തൃപ്തികരമല്ലാത്ത സാങ്കേതികവിദ്യ വിദഗ്ധ തൊഴിലാളികളുടെ അഭാവം, നൂലിന്റെ അപ്രതീക്ഷിതമായ വിലക്കയറ്റം എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്. താരതമ്യേന കുറഞ്ഞ കൂലിനിരക്കും, തൊഴിലാളികളുടെ അസംഘടിതാവസ്ഥയും പ്രധാന പ്രശ്നങ്ങളാണ്. കൈത്തറി വ്യവസായത്തിലേക്ക് സ്ത്രീ തൊഴിലാളികളുടെ ശ്രദ്ധ കൂടുതൽ പതിയേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ കുടിൽ വ്യവസായമായി നടന്നിരുന്ന ബീഡി തെറുപ്പ്, ബീഡി കമ്പനികളുടെ കടന്നുകയറ്റത്തോടെ ഏകദേശം അപ്രത്യക്ഷമായിരിക്കുകയാണ്. പർപ്പടകനിർമ്മാണ യൂണിറ്റകുളുടേയും സ്ഥിതി ഇതാണ്. പഞ്ചായത്തിലുള്ള ഏഴോളം തടി അധിഷ്ഠിത വ്യവസായ യൂണിറ്റുകളിൽ 3 എണ്ണം അറപ്പുമില്ലുകളാണ്. കാർപ്പൻററി വർക്കേഴ്സ് ഇൻഡസ്ട്രിയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഈ പഞ്ചായത്തിൽ ഇല്ല.

നാല്പതോളം തൊഴിലാളികൾ പണിയെടുക്കുന്ന തീപ്പെട്ടി നിർമ്മാണശാലകൾ പല പ്രതിസന്ധികളും അഭിമുഖീകരിക്കുകയാണ്. ഇതിനുള്ള പ്രധാനകാരണം വിപണനസൗര്യത്തിന്റെ അപര്യാപ്തതയാണ്.

കൊപ്രയാട്ടു വ്യവസായ ശാലകൾ 10 എണ്ണം ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 2 ഇഷ്ടിക നിർമ്മാണ ശാലകൾ ഉണ്ടെങ്കിലും അവയും ഗുരുതരമായ പ്രതിസന്ധിയിലാണ്.

ആധുനിക വ്യവസായ ശാലകളിൽ പ്രധാനം സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന സൂര്യറബ്ബർ ഫാക്ടറിയാണ്. ആങ്കോട് പഴമലകളിൽ പ്രവർത്തിക്കുന്ന ഗ്രാനൈറ്റ് കമ്പനികളുമാണ് ഈ വ്യവസായ ശാലകളിൽ 105 ആൾക്കാർ പണിയെടുക്കുന്നുണ്ട്.

സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ പ്രശസ്തി കൈവരിച്ചിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രായേണ കുറ

വാണ്. ഇപ്പോൾ രണ്ട് അച്ചാർ നിർമ്മാണ യൂണിറ്റു കൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മാരായമുട്ടം കേന്ദ്രീകരിച്ച് ന്യൂട്രോണിക്സ് ഇന്ത്യ എന്ന പേരിൽ ഇലക്ട്രോണിക്സ് അനുബന്ധ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള 40 വ്യക്തികളുണ്ട്.

*പ്രശ്നങ്ങൾ*

1. വിദഗ്ധതൊഴിലാളികളുടെ അഭാവം.
2. ഗ്രാമീണ ഉല്പന്നങ്ങൾക്കുള്ള വിപണന കേന്ദ്രങ്ങളുടെ അഭാവം.
3. സഹകരണ അടിസ്ഥാനത്തിലുള്ളതോ പൊതുമേഖലയിലോ ഉള്ള വ്യവസായ ശാലകളുടെ അഭാവം.
4. അസംസ്കൃത വസ്തുക്കളുടെ അഭാവം.
5. മുഖ്യകാർഷികോല്പന്നമായ നാളികേരം വ്യവസായ രംഗത്ത് ഉപയോഗപ്പെടു ന്നില്ല.
6. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ കുറവ്.
7. വ്യവസായശാലകൾ സ്ഥാപിക്കാനുള്ള സ്ഥലസൗര്യം ലഭിക്കുന്നില്ല.
8. വനിതകൾക്ക് വ്യവസായ മേഖലയിൽ തൊഴിലവസരം തീരെ കുറവാണ്.
9. പരമ്പരാഗതവ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലാളി കൾക്കും പരിശീലനം ലഭിക്കാനുള്ള സംവിധാനമില്ല.

*സാദ്ധ്യതകളും പരിഹാരങ്ങളും*

1. റബ്ബർ അധിഷ്ഠിത വ്യവസായം ആങ്കോട് പെരുങ്കടവിള, അരുവിപ്പുറം, വടകര, തുടങ്ങിയ സ്ഥലങ്ങളിൽ ആരംഭിക്കുക.
2. പഞ്ചായത്തിൽ ബ്ലോക്കാഫീസിനോട് അടുത്തുള്ള സർക്കാർ നിയന്ത്രണത്തി ലുള്ള കെട്ടിടത്തിൽ കുടിൽ വ്യവസായ ഉല്പന്നങ്ങൾ വില്ക്കാനുള്ള വിപണന കേന്ദ്രം ആരംഭിക്കാം.
3. അയിരൂർ കേന്ദ്രമാക്കി ഒരു എംബ്രോയി ഡറി യൂണിറ്റ് ആരംഭിക്കണം.
4. ഗതാഗതസൗര്യങ്ങളും, സ്ഥലസൗകര്യ ങ്ങളും ഊർജ്ജവും ലഭ്യമാക്കാൻ പഞ്ചായത്ത് നടപടി ഉണ്ടാക്കണം.
5. വ്യാവസായിക പ്രവർത്തനങ്ങൾക്ക് രൂപം നല്കുന്നതിനും ഏകോപിപ്പിക്കുന്ന തിനും പഞ്ചായത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കണം.
6. അച്ചാർ നിർമ്മാണ യൂണിറ്റുകൾ വിപുലീ കരിക്കുക.
7. പെരുങ്കടവിളയിലും, അരുവിപ്പുറത്തും, വടകരയിലും കൈത്തറി സഹകരണ സംഘങ്ങൾ ആരംഭിക്കുക.
8. പെരുങ്കടവിള വാർഡിൽ ഡി.ഡബ്ല്യൂ. സി.ആർ.എ. യൂണിറ്റ് ആരംഭിക്കുക.
9. അരുവിപ്പുറം വാർഡിൽ വനിതാ ബുക്ക് നിർമ്മാണ സഹകരണ സംഘം ആരംഭിക്കുക.
10. ആങ്കോട് വാർഡിൽ മണ്ണറക്കോണം എന്ന സ്ഥലത്ത് സുലഭമായി ലഭിക്കുന്ന പാറ കൊണ്ട് വിവിധ ഉല്പന്നങ്ങൾ (പാറമണൽ, ചിപ്പ്സ്, മെറ്റൽ, ഇഷ്ടികയുടെ വലിപ്പത്തിലുള്ള കല്ല്) ഉണ്ടാക്കുന്ന വ്യവസായ ശാല സ്ഥാപിക്കുക.

ദ്വിതീയ മേഖല

# ഊർജ്ജം, ഗതാഗതം

## ഊർജ്ജം

നെയ്യാറ്റിൻകരയ്ക്കടുത്തുള്ള തൊഴുക്കലിൽ സ്ഥിതിചെയ്യുന്ന 110 കെവി സബ് സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിനാവശ്യമുള്ള വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പഠിച്ചതിൽ നിന്ന് എല്ലാ ട്രാൻസ്ഫോർമറുകളും അധിക ഭാരം വഹിക്കുന്നവയാണ് എന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഒട്ടേറെ സ്ഥലങ്ങളിൽ ട്രൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതുണ്ട്. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്ട് ലോഡിലും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്.

പെരുങ്കടവിള ഗ്രാമത്തിൻെറ എല്ലാ ഭാഗത്തും വൈദ്യുതി ലഭ്യമായിട്ടില്ല. വൈദ്യുത ഊർജ്ജ ഉപയോഗത്തിൻെറ 65% ഉം ഗാർഹിക ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. 25% വ്യവസായ മേഖലയിലും 10% കാർഷിക മേഖലയിലും ഉപയോഗിക്കുന്നു. പഞ്ചായത്തിലെ 55% വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇവയിൽ 28% വീടുകളിൽ ട്യൂബ് ലൈറ്റുകൾ ഉപയോഗിക്കുന്നു.

ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ പ്രധാനമായും അഭിമുഖീകരിക്കുന്ന പ്രശ്നം വോൾട്ടേജ് ക്ഷാമമാണ്. അമിതഭാരം വഹിക്കുന്നതും കാലഹരണപ്പെട്ടതുമായ ലൈനുകൾ, ദ്വിതീയ വിതരണശൃംഖലയിലെ പ്രശ്നങ്ങൾ എന്നിവ വോൾട്ടേജ് ക്ഷാമത്തിന് കാരണമാകുന്നു. സ്റ്റെപ്പ്അപ് ട്രൻസ്ഫോർമറുകൾ ആവശ്യാനുസരണം സ്ഥാപിക്കേണ്ടതുണ്ട്.

*പ്രശ്നങ്ങൾ*

1. പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.
2. എല്ലാ പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.
3. പഞ്ചായത്ത് റോഡുകളിലെല്ലാം തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല.
4. വൈദ്യുതി കണക്ഷന് വളരെ താമസം നേരിടുന്നു.
5. വോൾട്ടേജ് ക്ഷാമം
6. തനത് ഊർജ്ജ സ്രോതസ്സുകളുടെ അഭാവം
7. നിലവിലുള്ള ബൾബ്ബുകൾ കത്തുന്നില്ല.
8. പഞ്ചായത്ത് ഫ്രീ കണക്ഷനുകൾ യഥാസമയം കൊടുക്കുന്നതിൽ ബോർഡ് കാട്ടുന്ന അനാസ്ഥ.
9. പാൽക്കുളങ്ങര പട്ടിക ജാതി കോളനിയിൽ എസ് സി പി പദ്ധതി അനുസരിച്ച് നടപ്പിലാക്കിയ വൈദ്യുത പദ്ധതി എല്ലാപേർക്കും ലഭിച്ചില്ല.

*നിർദ്ദേശങ്ങൾ*

1. പഞ്ചായത്തിൽ വൈദ്യുതി ലൈൻ എത്തിക്കാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിൽ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതോല്പാദനം സാധ്യമാക്കുക.
2. വൈദ്യുതി ലൈനിൽ പറ്റിക്കിടക്കുന്ന മരച്ചില്ലകൾ യഥാസമയം നീക്കം ചെയ്യാൻ ബോർഡ് നടപടി സ്വീകരിക്കുക.
3. വൈദ്യുതി ബൾബുകൾക്കുപകരം ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക. ട്യൂബുകൾ സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്നതിന് സംവിധാനം ഉണ്ടാക്കുക.
4. വൈദ്യുതി ഓഫീസുകളുടെ പ്രവർത്തനം ജനകീയ സമിതിക്ക് പരിശോധിക്കുവാനുള്ള അവകാശം നല്കുക.

5. ക്ഷമത കൂടിയ വിറക് അടുപ്പുകൾ പഞ്ചായത്തിൽ വ്യാപകമായി പ്രചരിപ്പിച്ച് വിറകിന്റെ ഉപയോഗം കുറയ്ക്കുക.

6. ഗോബർ ഗ്യാസ് യൂണിറ്റുകൾ വ്യാപിക്കുക.

7. ആഘോഷങ്ങൾക്കും ആഡംബരങ്ങൾക്കും വേണ്ടിയുള്ള വൈദ്യുതിയുടെ ഉപയോഗം നിയന്ത്രിക്കുക.

8. ഫ്യൂസായ ബൾബുകൾ യഥാസമയം തന്നെ മാറ്റി പുതിയ ബൾബുകൾ സ്ഥാപിക്കുക.

9. വൈദ്യുതി എത്തിച്ചേരാത്ത ഭാഗങ്ങളിൽ വൈദ്യുതി ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റുകളും ഹൗസ് ലൈനും സ്ഥാപിക്കുക.

10. പ്രധാനപ്പെട്ട സ്ഥലങ്ങളിൽ വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

11. പാൽക്കുളങ്ങര പട്ടികജാതി കോളനി മുഴുവൻ വൈദ്യുത സൗകര്യം ലഭ്യമാക്കുക.

12. മാരായമുട്ടം ഇലക്ട്രിസിറ്റി സബ് എൻജിനിയർ ഓഫീസ് എ ഈ ഓഫീസായി ഉയർത്തുക.

13. തൃപ്പലവൂർ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

14. പഴമല പട്ടികജാതി കോളനിയിൽ ട്രൻസ്ഫോർമർ സ്ഥാപിക്കുക.

15. സ്ഥലനാമങ്ങളും അതിർത്തി ബോർഡുകളും സ്ഥാപിക്കുക.

## ഗതാഗതം

മലയോര പഞ്ചായത്തായ പെരുങ്കടവിളയുടെ ഏക ഗതാഗതമാർഗ്ഗം റോഡാണ്. മട്ടനവധി പഞ്ചായത്തു റോഡുകൾ ഇവിടെ ഉണ്ടെങ്കിലും പഞ്ചായത്തിലെ ഉൾപ്രദേശങ്ങളിലെ ജനങ്ങൾ ഗതാഗത സൗകര്യമില്ലാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. 1968-ൽ നിലവിൽ വന്ന അമരവിള ഒറ്റശേഖരമംഗലം റോഡാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന റോഡ്. ഈ റോഡ് 7 കിലോമീറ്റർ നീളം പെരുങ്കടവിള പഞ്ചായത്തിലുണ്ട്. ഇന്നത്തെ ഗതാഗത സൗകര്യങ്ങൾ ഉണ്ടാകുന്നതിന് മുമ്പ് കാൽ നടയായിട്ടാണ് ഗ്രാമവാസികൾ വിദൂര സ്ഥലങ്ങളിലേക്ക് സഞ്ചരിച്ചിരുന്നത്. ആദ്യകാലത്ത് കാളവണ്ടിയും, കൈവണ്ടിയും ഇന്നാട്ടുകാർ ചരക്കുഗതാഗതത്തിന് വ്യാപകമായി ഉപയോഗിച്ചിരുന്നു. മോട്ടോർ വാഹനങ്ങൾ വൻതോതിൽ പ്രചാരത്തിലായതോടെ കാളവണ്ടിയും, കൈവണ്ടിയും അപ്രത്യക്ഷമായിരിക്കുകയാണ്. ഇരുചക്ര വാഹനങ്ങളും ഓട്ടോറിക്ഷകളും ബസ്സുകളും ലോറികളും കാറുകളും ഇപ്പോൾ ഇവിടെ സർവ്വസാധാരണയാണ്.

അമരവിള-ഒറ്റശേഖരമംഗലം റോഡ് പൂർത്തിയായപ്പോൾ എം.വി ട്രാവൽസും, എ.വി.എൻ ട്രവൽസുമാണ് ആദ്യമായി ഇവിടെ ബസ് സർവ്വീസ് നടത്തിയിരുന്നത്. നെയ്യാറ്റിൻകര കെ.എസ്.ആർ.റ്റി.സി ബസ്സ് സ്റ്റാൻഡ് സ്ഥാപിക്കുകയും നെയ്യാറ്റിൻകര താലൂക്കിലെ മുഴുവൻ റൂട്ടുകളും ദേശസാൽക്കരിക്കുകയും ചെയ്തതോടുകൂടി പെരുങ്കടവിള പഞ്ചായത്തിൽ കെ.എസ്.ആർ.റ്റി.സി സർവ്വീസ് ആരംഭിക്കുകയുണ്ടായി. ഇന്ന് കെ.എസ്.ആർ.റ്റി.സി സർവ്വീസിനോടൊപ്പം എല്ലാ റൂട്ടിലും സമാന്തര സർവ്വീസുകളും നടത്തുന്നുണ്ട്.

*പ്രശ്നങ്ങൾ*

1. കുഗ്രാമങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ഗതാഗത മാർഗ്ഗമില്ലായ്മ.
2. മാരായമുട്ടം അരുവിപ്പുറം റോഡിലെ ഓടകളുടെ അഭാവം.
3. മാരായമുട്ടം പെരുങ്കടവിള റോഡിലെ ഓടകളുടെ അഭാവം.
4. റോഡുകളിൽനികന്നു കിടക്കുന്ന ഓടകൾ
5. കൃത്യനിഷ്ടയില്ലാത്ത ബസ് സർവ്വീസുകൾ
6. ബസ് സർവ്വീസുകളുടെ കുറവ്.
7. വെയിറ്റംഗ് ഷെഡുകളുടെ അഭാവം.
8. പ്രധാന ഗതാഗത മാർഗ്ഗങ്ങളെ ബന്ധിപ്പിക്കുന്ന പാലങ്ങളുടെ അഭാവം.
9. സ്ലാബുകളുടെ അപര്യാപ്തത.
10. വൃത്തി ഹീനമായ റോഡ് പിരസരം.
11. റോഡുകളുടെ വീതിക്കുറവ്.

12. റോഡിന്റെ വശങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യടക്കുന്നത്.

13. വാഹന പാർക്കിംഗ് സെന്ററുകളുടെ അഭാവം.

14. ദീർഘദൂര സർവ്വീസുകളുടെ അഭാവം.

15. അന്തരീക്ഷ മലിനീകരണം നടത്തുന്ന വാഹനങ്ങൾ

*നിർദ്ദേശങ്ങളും പരിഹാരങ്ങളും*

നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും മഞ്ചവിളാകം - കൊട്ടയ്ക്കൽ- ത്തത്തിയൂർ മാരായമുട്ടം - പെരുങ്കടവിള മാമ്പഴക്കര നെയ്യാറ്റിൻകര സർക്കുലർ ബസ് സർവ്വീസ് ആരംഭിക്കുക.

നെയ്യാറ്റിൻകര മാരായമുട്ടം പെരുങ്കടവിള ആലത്തൂർ കാക്കണം മണലുവിള മാരായമുട്ടം നെയ്യാറ്റിൻകര ബസ് സർവ്വീസ് ആരംഭിക്കണം.

തിരുവനന്തപുരം നെയ്യാറ്റിൻകര അരുവിപ്പുറം മാരായമുട്ടം കന്യാകമാരി ദീർഘദൂര സർവ്വീസ് ആരംഭിക്കണം.

നെയ്യാറ്റിൻകര അരുവിപ്പുറം അയിരൂർ പെരുങ്കടവിള മാമ്പഴക്കര വർക്കല ബസ് സർവ്വീസ് ആരംഭിക്കണം.

നെയ്യാറ്റിൻകര അരുവിപ്പുറം അയിരൂർ - പെരുങ്കടവിള - ഒറ്റശേഖരമംഗലം - മണ്ഡപത്തിൻ കടവ് കാട്ടാക്കട ഡാം ബസ് സർവ്വീസ് ആരംഭിക്കണം.

പഴമല-അയിരൂർ അരുവിപ്പുറം - നെയ്യാറ്റിൻകര മെഡിക്കൽ കോളേജ് ബസ് സർവ്വീസ് ആരംഭിക്കുക.

നെയ്യാറ്റിൻകര - മാരായമുട്ടം - അരുവിപ്പുറം - പെരുമ്പഴുതൂർ - കാട്ടാക്കട ഡാം സർവ്വീസ് ആരംഭിക്കുക.

നെയ്യാറ്റിൻകരയിൽ നിലവിലുണ്ടായിരുന്ന ഠൗൺ സർവ്വീസ് പുനരാരംഭിക്കുക.

നെയ്യാറ്റിൻകര - മാരായമുട്ടം - അരുവിപ്പുറം ആയയിൽ പെരുങ്കടവിള ചെമ്പൂര് വെള്ളറട സർവ്വീസ് ആരംഭിക്കുക.

അരുവിപ്പുറം വഴി പെരുങ്കടവിളവരെ സിറ്റി സർവ്വീസ് ആരംഭിക്കുക.

1. പ്രധാന കവലകളിൽ ബസുകളുടെ സമയ വിവര പട്ടിക സ്ഥാപിക്കുക.

2. റോഡുകളുടെ നിർമ്മാണത്തിന് ബഹുജന പങ്കാളിത്തം ഉറപ്പു വരുത്തുക.

3. വികസന പ്രക്രിയയിൽ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തുക.

4. പഞ്ചായത്തുകളിലെ എല്ലാ റോഡുകളിലും ഓടകൾ നിർമ്മിക്കുക.

5. റോഡിന്റെ ശുചീകരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

6. കൃത്യ സമയയത്ത് ബസ്സർവ്വീസ് നടത്തുവാൻ കെ എസ് ആർ റ്റി സി ഡിപ്പോകൾക്ക് നിർദ്ദേശം നൽകുക.

7. റോഡുകളുടെ അറ്റകുറ്റപണികൾ യഥാസമയം ചെയ്തു തീർക്കുക.

8. റോഡിന്റെ വശങ്ങൾ സ്വകാര്യ വ്യക്തികൾ കയ്യടക്കുന്നത് കർശനമായി തടയുക.

9. തിരക്കുള്ള ജംഗ്ഷനുകളിൽ വാഹന പാർക്കിംഗ് സൗകര്യം ഉണ്ടാക്കുക.

10. പഴമല കടവിൽ കടത്തു വള്ളം അനുവദിക്കുക.

***വികസിപ്പിക്കുകയോ പുതുതായി നിർമ്മിക്കുകയോ ചെയ്യേണ്ട റോഡുകൾ***

1. ആങ്കോട് വാർഡ് പന്തപ്പള്ളി നടമുതൽ കരിമ്പാലക്കുഴി ബണ്ട് റോഡ്.

2. ആങ്കോട് വാർഡ് മൈലപ്പൊറ്റ ആറാംകല്ല് റോഡ്

3. ആങ്കോട് വാർഡ് കരിമ്പാലക്കുഴി തല മണ്ണൂർക്കോണം റോഡ്

4. a. ആങ്കോട് വാർഡ് പഞ്ചായത്താഫീസ് - പഴിഞ്ഞിക്കുഴി.റോഡ്
   b. പഴിഞ്ഞിക്കുഴി -കരിമ്പാലക്കുഴി റോഡ്

5. ആങ്കോട് വാർഡ് മുക്കണ്ണംതലയക്കൽ നെടുവാംകോണം റോഡ്

6. ആങ്കോട് വാർഡ് മണ്ണറക്കോണം - പൊറ്റൻ കുഴി ബണ്ട് റോഡും പൊതു ശ്മശാന റോഡും വികസിപ്പിക്കുക.

7. പെരുങ്കടവിള വാർഡ് തെള്ളുക്കുഴി പഴമല പട്ടികജാതി കോളനി

8. പെരുങ്കടവിള വാർഡ് പുനയൻകോണം പഴമല ആറ്റരികത്ത് റോഡ്

9. പെരുങ്കടവിള വാർഡ് കുറക്കോട് മാറാ ക്കുഴി പഴമല - വാട്ടർടാങ്ക് റോഡ്

10. പെരുങ്കടവിള വാർഡ് പഴമല - മാറാക്കുഴി തോട്ടവാരം.

11. പെരുങ്കടവിള വാർഡ് പെരുങ്കടവിള ചന്ത - പുത്തൻകുളം ബണ്ട് റോഡ് കരിമ്പോ ട്ടുവിള പഴമല.

12. അയിരൂർ വാർഡ് തത്തമല അയിരൂർ റോഡ്

13. അയിരൂർ വാർഡ് തണിയാവൂർ ശങ്കരനാരായണപുരം

14. അയിരൂർ വാർഡ് അരുവിപ്പുറം ഒടുക്കത്ത് - വിദ്യാനഗർ

15. അയിരൂർ വാർഡ് തോട്ടവാരം തോണി ക്കടവ്

16. അയിരൂർ വാർഡ് മണ്ണാംവിള പണ്ടാര ത്തോട്ടം.

17. അയിരൂർ വാർഡ് ആയയിൽ-ഭഗവതി ക്ഷേത്ര നട

18. അയിരൂർ വാർഡ് അയിരൂർ - മുള്ളൻവാഴി.

19. അരുവിപ്പുറം വാർഡ് മാലകുളങ്ങര കുട്ടൻതുറന്നവിള.

20. അരുവിപ്പുറം വാർഡ് അരുവിപ്പുറം ഒടുക്കത്ത്പുല്ലയിൽ ഒടുക്കത്ത്ബണ്ട് റോഡ്.

21. അരുവിപ്പുറം വാർഡ് വിദ്യാനഗർ വലിയപറമ്പ് മാലകുളങ്ങര
അരുവിപ്പുറം വാർഡ് മാലകുളങ്ങര മാരായമുട്ടം.
അരുവിപ്പുറം വാർഡ് ഒടുക്കത്ത് - താറാവിള വലിയപറമ്പ്

22. മാരായമുട്ടം വാർഡ് ചെമ്മരം കുഴിമുതൽ മുടിപ്പുര നടവഴി പുലിക്കോട്ടുകോണം.

23. മാരായമുട്ടം വാർഡ് ചിറ്റാറ്റിൻകര പെരുവൻമൂല മാലകുളങ്ങര ബണ്ട് റോഡ്.

24. മാരായമുട്ടം വാർഡ് വൻപറമ്പിൻതല വെള്ളിക്കുഴി.

25. വടകര വാർഡ് ഭഗവതി ക്ഷേത്രം ഏലാ റോഡ്.

26. വടകര വാർഡ് സി എസ്. ജെ. ജംഗ്ഷൻ - ഇണക്കരയ്ക്കൽ

27. വടകര വാർഡ് എസ്.ഐ. ചർച്ച്. ആർ.സി. ചർച്ച്

28. വടകര വാർഡ് ഭഗവതിക്ഷേത്രം ബണ്ട് റോഡ്

29. വടകര വാർഡ് മാരായമുട്ടം ആർ.സി. ചർച്ച് കാക്കോട്ടുകുഴി

30. വടകര വാർഡ് കറ്റിലക്കടവ് റോഡ്

31. വടകര വാർഡ് ഇടഞ്ഞി അക്വാഡക്റ്റ്

32. വടകര വാർഡ് തെങ്ങുവിളക്കുഴി മല യിൽക്കട വടകര - തെങ്ങുവിളക്കുഴി.

33. തത്തിയൂർ വാർഡ് തത്തിയൂർ മുടിപ്പുര റോഡ്

34. തത്തിയൂർ വാർഡ് തൃപ്പലവൂർ മൂവേ ലിക്കര.

35. തത്തിയൂർ വാർഡ് മേപ്പാംകോട് - പാട്ട വിള തത്തിയൂർ ഹൈ എച്ച് ഡി പി കോളനി വിരാലി.

36. തത്തിയൂർ വാർഡ് അക്വാഡക്റ്റ് കുണ്ടു ക്കോണം വിരാലി.

37. ചുള്ളിയൂർ വാർഡ് ചുള്ളിയൂർ മണലി വിള.

38 ചുള്ളിയൂർ വാർഡ് ചുള്ളിയൂർ ചടച്ചി മാർത്താണ്ഡം പാലം മുതൽ ഹരിജൻ കോളനി വഴി വടകര.

39. ചുള്ളിയൂർ വാർഡ് വടകര-കോണത്തുവിളാകം.

40. ചുള്ളിയൂർ വാർഡ് മണലുവിള - പാറയിൽ

41 ചുള്ളിയൂർ വാർഡ് ചുള്ളിയൂർ ചടച്ചി മാർത്താണ്ഡം പാലംമുതൽ അണമുഖം വഴി ചുള്ളിയൂർ റോഡ്.

42. ആലത്തൂർ വാർഡ് പുളിമാൻകോട് വാഴാലി അയിരൂർ - വാഴാലി ആലത്തൂർ - വിരാലി-പെരുംകുന്നംറോഡ്

43. ആലത്തൂർ വാർഡ് മണലുവിള വാഴാലി - തൂയൂർ - ആലത്തൂർ

44. ആലത്തൂർ വാർഡ് ആലത്തൂർ കാക്കണം.

45. ആലത്തൂർ വാർഡ് പുളിമാൻകോട് തൂയൂർ-വാഴാലി.

46. പാൽക്കുളങ്ങര വാർഡ് പെരുങ്കടവിള വില്ലേജ് ജംഗ്ഷൻ മുതൽ പന്തപ്പള്ളി പാലംവരെ.

47. പാൽക്കുളങ്ങര വാർഡ് തൂയൂർ തോട്ടുകാൽ

48. പാൽക്കുളങ്ങര വാർഡ് മച്ച്കുന്ന് ചർച്ച് പാൽക്കുളങ്ങര.

49. പാൽക്കുളങ്ങര വാർഡ് ഇലങ്കത്തറ - തൂയൂർ മണ്ണടി.

50. പാൽക്കുളങ്ങര വാർഡ് വാഴവിള വേപ്പുകോണം.

51. പാൽക്കുളങ്ങര വാർഡ് മുക്കണ്ണം തല യ്ക്കൽ നെടുവാംകോണം.

52. പാൽക്കുളങ്ങര വാർഡ് ചേനംകുഴി വരമ്പിക്കട

53. പാൽക്കുളങ്ങര വാർഡ് ചാനൽക്കര - മണ്ണടിമൂല കാക്കണം.

54. പാൽക്കുളങ്ങര വാർഡ് ആലത്തൂർ ചാനൽക്കര മണ്ണടി


55. പാൽക്കുളങ്ങര വാർഡ് പെരുമ്പാലൂർ ലക്ഷംവീട് കോളനി.

*ടാർ ചെയ്യേണ്ട റോഡുകൾ*

1. മൈലപ്പൊറ്റ ആറാംകല്ല്.
2. പഞ്ചായത്താഫീസ് പഴിഞ്ഞിക്കുഴി ആറാംകല്ല് പഴിഞ്ഞിക്കുഴി.
3. ആങ്കോട് - തലമണ്ണൂർക്കോണം ബണ്ട് റോഡ്
4. ആയയിൽ ഭഗവതി ക്ഷേത്രം റോഡ്.
5. തത്തമല - അയിരൂർ ശങ്കരനാരായണ പുരം റോഡ്.
6. ഒടുക്കത്ത്- താറാവിള - വലിയപറമ്പ് റോഡ്.
7. വിദ്യാനഗർ -വലിയപറമ്പ് - മാലകുളങ്ങര മാരായമുട്ടം

   അരുവിപ്പുറം - ഒടുക്കത്ത് - വിദ്യാനഗർ
8. അരുവിപ്പുറം ക്ഷേത്രനടറോഡ്.
9. ആലത്തൂർ കാക്കണം റോഡ് അയിരൂർ പുളിമാൻകോട് വാഴാലി
10. മേച്ചരി കോളനിറോഡ് മേപ്പാംകോട് പാട്ടവിള
11. ഇടഞ്ഞി താന്നിമൂട്- തെങ്ങുവിളക്കുഴി മലയിക്കട ഇടഞ്ഞി - അകാഡേറ്റ്.
12. വിരാലി പൊറ്റയിൽ പുതുവൽ റോഡ്.
13. ചുള്ളിയൂർ ചടച്ചി മാർത്താണ്ഡം പാലം-ഹരിജൻ കോളനി വഴിയുള്ള റോഡ്.
14. ചിറ്റാറ്റിൻകരയിൽ നിന്നും പാലിയോട് റോഡിലേയ്ക്കുള്ള ആറടി റോഡ്.
15. മണലുവിള പാറയിൽ റോഡ്.
16. ചുള്ളിയൂർ പാലം മുതൽ അണമുഖം വഴിയുള്ള റോഡ്.
17. പാൽക്കുളങ്ങര പട്ടികജാതി കോളനി ചാനൽക്കര വരമ്പിൽക്കട വടകര തെങ്ങുവിളക്കുഴി ഭഗവതി നട.
18. പെരുമ്പാലൂർ ലക്ഷംവീട് കോളനി.
19. ചേനംകുഴി വരമ്പിൽക്കട
20. ചെക്കിട്ടകാവുനട മണ്ണടിമൂല
21. ആലത്തൂർ ചാനൽക്കര-മണ്ണടിമൂല
22. പന്തപ്പള്ളിനട-മഞ്ചാടിത്തലയ്ക്കൽ.
23. പായിത്തല അയിരൂർ റോഡ്.
24. മണലിവിള വാഴാലി റോഡ്

## പ്രധാന റോഡുകൾ




# പെരുങ്കടവിള ഗ്രാമ പഞ്ചായത്ത്

വിസ്തീർണ്ണം: 17.54 ചതു: കി: മീ.

25. മാരായമുട്ടം ക്ഷേത്ര നടയിലൂടെയുള്ള റോഡ്.

*പാലങ്ങൾ*

| | | |
|---|---|---|
| 1. | മഞ്ചാടിതലയ്ക്കൽ പാലം | 1 |
| 2. | കാവിലുവിളനട പാലം | 1 |
| 3. | വാഴവിള നട - അരുവിപ്പുറം | 1 |
| 4. | നെല്ലിയറത്തല നട | 1 |
| 5. | കരിമ്പാലക്കുഴി ചാനൽപ്പാലം | 1 |
| 6. | മാലകുളങ്ങര അരുവിപ്പുറം | 1 |
| 7. | ചുള്ളിയൂർ കോളനിയിൽ | 1 |
| 8. | മണലുവിള-ചുള്ളിയൂർ റോഡിൽ | 1 |
| 9. | ചുള്ളിയൂർ അണമുഖം | 1 |
| 10. | എസ്.എൻ നഗർ അരുവിപ്പുറം | 1 |
| 11. | മണ്ണടി | 2 |
| 12. | വിയന്നൂർ | 1 |
| 13. | കോട്ടത്തല | 1 |
| 14. | മണ്ണാംതോട്ടത്ത് പാലം | 1 |
| 15. | മേലിടഞ്ഞി | |
| 16. | പണ്ടാരത്തോട്ടം- മുള്ളറവിള | 1 |
| 17. | ആയയിൽ-കരിത്തലക്കടവ് | 1 |

*സ്ലാബുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ*

1. ചേനംകുഴി 2 എണ്ണം
2. മണ്ണറക്കോണം 4 എണ്ണം
3. തലമണ്ണൂർക്കോണം 2 എണ്ണം
   പുല്ലയിൽ - 2 എണ്ണം
   ആയക്കോണം 3 എണ്ണം
4. പെരുവൻമൂല -2 എണ്ണം
5. വാഴവിള 3 എണ്ണം
   ആയയിൽ 4 എണ്ണം
6. നെല്ലിയറത്തല - 2 എണ്ണം
7. ചിറ്റയം 1 എണ്ണം
8. നെടുവക്കോണം 1 എണ്ണം
9. തോട്ടവാരം-തത്തമല 3 എണ്ണം
10. മണ്ണാൻവിള - 2 എണ്ണം
11. പായിത്തല-കുഴിവിളാകം 2 എണ്ണം
12. തൊഴിയറത്തല 1 എണ്ണം
13. മടത്തുവിളാകം 2 എണ്ണം
14. കുന്നത്തുവിളാകം 2 എണ്ണം
15. മുക്കണ്ണംതലയ്ക്കൽ - 2 എണ്ണം
16. കോട്ടറത്തല 2 എണ്ണം

*വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ*

1. അരുവിപ്പുറം ജംഗ്ഷൻ
2. എസ് എൻ നഗർ
3. മാലകുളങ്ങര
4. മാരായമുട്ടം എച്ച് എസ് ജംഗ്ഷൻ
5. അയിരൂർ ജംഗ്ഷൻ
6. ആയയിൽ മുടിപ്പുര ജംഗ്ഷൻ
7. തോട്ടവാരം
8. പെരുങ്കടവിള ചെക്ക് പോസ്റ്റ് ജംഗ്ഷൻ
9. ആങ്കോട് പന്തപ്പള്ളിനട
10. പെരുങ്കടവിള ആശുപത്രിനട
11. ആറാമത്തെ കല്ല്
12. തത്തിയൂർ
13. ആലത്തൂർ
14. കുട്ടക്കുഴി
15. ചുള്ളിയൂർ ചടച്ചി മാർത്താണ്ഡൻ പാലത്തിനു വടക്കുവശം
16. മണലുവിള-മിൽക്ക് സൊസൈറ്റിയുടെ മുൻവശം
17. കാക്കണം
18. തത്തിയൂർ അരുവിക്കര എൽ പി എസ് ജംഗ്ഷൻ
19. അക്വഡേറ്റ് ജംഗ്ഷൻ
20. പെരുങ്കടവിള ബ്ലോക്ക് ആഫീസ് ജംഗ്ഷൻ
21. ചിറ്റാറ്റിൻകര മാരായമുട്ടം
22. മാരായമുട്ടം സി എസ് ഐ ജംഗ്ഷൻ
23. വിരാലി ജംഗ്ഷൻ
24. പഴയമല

ഭൗതീയ മേഖല

# പാർപ്പിടം

മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങളായ പാർപ്പിടം, വസ്ത്രം, ഭക്ഷണം എന്നിവപോലും ലഭിക്കാത്ത ധാരാളം കുടുംബങ്ങൾ പഞ്ചായത്ത് പ്രദേശത്ത് കാണാൻ കഴിയും. പുറമ്പോക്ക് സ്ഥലങ്ങളിൽ ഓലകുത്തി ചാരി ദിനരാത്രങ്ങൾ കഴിച്ചുകൂട്ടുന്നവരുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു പഞ്ചായത്തെന്ന നിലയിൽ പരിമതമായി മാത്രമേ ഈ രംഗത്ത് പ്രവർത്തിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളു.

കുടിലുകൾ, ഓലമേഞ്ഞ കെട്ടിടങ്ങൾ, ഓടിട്ട കെട്ടിടങ്ങൾ, ടെറസ് കെട്ടിടങ്ങൾ എന്നിവ നമ്മുടെ പഞ്ചായത്തിലുണ്ട്. തെങ്ങ് കൃഷി ചെയ്തിരുന്ന ഭാഗങ്ങളിൽ റബ്ബർ കൃഷി വ്യാപിച്ച് വരുന്നതുമൂലം ഓല ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും, ഇതുമായി ബന്ധമുള്ള കൂലി വർദ്ധനവും ഓല കെട്ടിടങ്ങൾ നേരിടുന്ന പ്രതിസന്ധികളാണ്. കെട്ടിടങ്ങൾ മേയുന്നതിനുള്ള ഓടുകൾ അമരവിള തുടങ്ങിയ സ്ഥലങ്ങളിൽ നിന്നാണ് നമ്മുടെ പഞ്ചായത്തിൽ എത്തുന്നത്. അപൂർവ്വം ചിലർ, മേൽക്കൂരയ്ക്ക് ആസ്പറ്റോസ് ഷീറ്റുകൾ ഉപയോഗിക്കുന്നുണ്ട്. പച്ചക്കട്ടകൾ കൊണ്ടാണ് വീടുകൾ പൊതുവേ നിർമ്മിക്കുന്നത് എങ്കിലും ഓട്, ടെറസ് തുടങ്ങിയ കെട്ടിടങ്ങൾക്ക് ഇഷ്ടികയാണ് ഉപയോഗിക്കുന്നത്. ഇഷ്ടിക ചെമ്പരത്തിവിള, തൊഴുക്കൽ, കൊല്ലാംവിള എന്നി പ്രദേശങ്ങളിൽ നിന്നാണ് പഞ്ചായത്തിലേയ്ക്ക് കൊണ്ടുവരുന്നത്.

തടി സാധനങ്ങളുടെ വിലക്കയറ്റം മൂലം വീട് നിർമ്മാണത്തിന് ഇപ്പോൾ കോൺക്രീറ്റിൽ തീർത്ത വാതിലുകളും ജനാലകളും പ്രചാരത്തിലുണ്ട്. കെട്ടിട നിർമ്മാണത്തി നാവശ്യമായ പാറ നമ്മുടെ പഞ്ചായത്തിൽ സുലഭമാണ്. പഞ്ചായത്തിന്റെ ഒരു പ്രകൃതി വിഭവമാണ് പാറകൾ. കുടിവെള്ളവും ഗതാഗത വൈദ്യ സഹായവും വിദ്യാഭ്യാസ സൗകര്യവും ലഭിക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് വീടു നിർമ്മാണം കൂടുതലായി നടക്കുന്നത്. ഇത്മൂലം ഗ്രാമ നഗരങ്ങൾ രൂപപ്പെടുകയും ഭൂമിയുടെ വിലയിൽ വർദ്ധനവ് ഉണ്ടാവുകയും ചെയ്യുന്നു. ഇത്തരത്തിലല്ലാത്ത സ്ഥലങ്ങൾ നിരവധി ഉണ്ടെങ്കിലും റബ്ബർ തോട്ടങ്ങളായി മാറിയ ടി പ്രദേശങ്ങൾക്ക് വൻ വില നൽകേണ്ടി വരുന്നു. ഇതൊരു പ്രതിസന്ധിയായി തുടരുകയാണ്. കെട്ടിട നിർമ്മാണ രംഗത്തെ വിദഗ്ധൻമാർ ധാരാളം ഉണ്ടെങ്കിലും കൂടുതൽ കൂലി ലഭിക്കുമെന്നതിനാൽ പലരും പുറത്തേയ്ക്ക് പോകുക പതിവാക്കി യതുമൂലം ചില പ്രതിസന്ധികൾ ഇല്ലാതില്ല. നല്ലൊരു ഭാഗം വീടുകളും വൈദ്യുതി ലഭിക്കാത്ത തിനാൽ ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോഗം ടി വീടുകളിൽ എത്തിയിട്ടില്ല. ഒന്നോ രണ്ടോ ഏറിയാൽ മൂന്ന് കിടക്കമുറികളും അടുക്ക ളയും ഉൾപ്പടെയുള്ള വീടുകളാണ് സാധാരണയായി കാണുന്നത്. കുടിലുകളും രണ്ട് മുറികളോട് കൂടിയ പച്ച മൺകട്ടകൊണ്ട് നിർമ്മിച്ച വീടുകളാണ് ഭൂരിപക്ഷവും.

1. ഭവന നിർമ്മാണ വായ്പാതുകയുടെ കുറവ്.
2. ഭവനമില്ലാത്ത ദരിദ്രർ
3. അർഹരായവർക്ക് ഹൗസിംഗ് വായ്പ ലഭിക്കുന്നില്ല.
4. നിലവിലുള്ള വീടുകളുടെ ശോചനീയാവസ്ഥ.
5. ഈ മേഖലയിലെ ജനങ്ങളുടെ അറിവില്ലായ്മ.
6. വീടുകളിൽ വൈദ്യുതീകരണം ഇല്ല.
7. വീടുകളിൽ കുടിവെള്ളം ലഭ്യമല്ല.
8. കക്കൂസുകളുടെ അഭാവം.
9. ഓലയുടെ അഭാവം.
10. ഭൂമിയുടെ വില വർദ്ധനവ്.

11. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ അഭാവം.

12. മരത്തടികൾ ലഭിക്കുന്നില്ല.

13. _പട്ടികജാതി കോളനികളുടെ ശോചനീയാവസ്ഥ.

14. പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് അനുവദിക്കുന്ന സാമ്പത്തിക സഹായം സമയ ബന്ധിതമായി കൊടുക്കാത്ത്.

*നിർദ്ദേശങ്ങൾ*

1. ഈ പഞ്ചായത്തിലുൾപ്പെടുന്ന കെട്ടിട നിർമ്മാണ വായ്പകളുടെ വിവരങ്ങൾ പഞ്ചായത്ത് രേഖയിൽ സൂക്ഷിക്കുക.

2. കെട്ടിട നിർമ്മാണത്തെ സംബന്ധിച്ചുള്ള അപേക്ഷകളും വായ്പകളും പഞ്ചായത്ത് വഴി മാത്രം നടപ്പാക്കുക.

3. പലിശ ഒഴിവാക്കി വായ്പ തിരിച്ചടക്കുകയും സബ്സിഡി നൽകുകയും ചെയ്യുക.

4. ഭവന നിർമ്മാണ വായ്പയ്ക്കുള്ള പലിശ ഒഴിവാക്കി സബ്സിഡി കഴിച്ച് തിരിച്ചടയ്ക്കുവാനുള്ള പദ്ധതി തയ്യാറാക്കുക.

5. രജിസ്ട്രേഷൻ ആഫിസിലെ കാലതാമസവും അമിതമായ ഫീസും ഒഴിവാക്കുക.

6. വീട് നിർമ്മാണത്തിനാവശ്യമായ എഞ്ചിനിയർ തുടങ്ങിയ സാങ്കേതിക വിദഗ്ധരെ പഞ്ചായത്ത് തലത്തിൽ നിയമിക്കുക.

7. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

8. ഭവന നിർമ്മാണത്തിനാവശ്യമുള്ള വസ്തുക്കൾ കഴിയുന്നതും പരിസര പ്രദേശത്തു നിന്നും സ്വരൂപിക്കുക.

9. വെള്ളപ്പൊക്കം ബാധിക്കുന്ന പ്രദേശങ്ങളിൽ നിന്നും ഭവന നിർമ്മാണം ഒഴിവാക്കുക.

10. ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

11. വിദഗ്ധ പരിശീലനം ലഭിച്ച തൊഴിലാളികളെ മാത്രമുപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുക.

12. ഭവന നിർമ്മാണത്തിലെ പരമാവധി ആഢംബരങ്ങൾ കുറയ്ക്കുക.

13. ഗുണഭോക്താക്കളെ കണ്ടെത്തുവാനുള്ള അധികാരം ഗ്രമപഞ്ചായത്ത് മെമ്പർമാർക്ക് നല്കുക.

14. സ്വന്തമായി എല്ലാപേർക്കും വീട് നിർമ്മിക്കുവാനുള്ള സാഹചര്യമില്ലാത്ത സ്ഥിതി വിശേഷം കണക്കിലെടുത്ത് ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന ഒരു വീട് ഉണ്ടെങ്കിലും ആവശ്യാനുസൃതം റേഷൻ കാർഡ് നൽകുക.

15. ഒമ്പതാം പദ്ധതിക്കാലത്ത് നിർധനരായ 1000 കുടുംബങ്ങൾക്ക് സൗജന്യമായി ഭവനം നിർമ്മിച്ച് നൽകുക.

16. കക്കൂസില്ലാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ച് നൽകുക.

17. ഭവന രഹിതർക്ക് പ്രാഥമികമായി ഭൂമി ലഭിച്ചാലെ പാർപ്പിട പ്രശ്നത്തിൽ ഒരു ശാശ്വത പരിഹാരം ഉണ്ടാക്കുവാൻ കഴിയുകയുള്ളു. ഭൂരഹിതർക്ക് സർക്കാരും പഞ്ചായത്തും മുൻകൈയ്യെടുത്ത് ഭൂമിനൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.

# ആരോഗ്യം

രാജഭരണക്കാലത്ത് ഇന്നത്തെ പെരുങ്കടവിള പഞ്ചായത്ത് ഉൾപ്പെടുന്ന 10 ചതുരശ്ര കിലോമീറ്ററിനുള്ളിൽ മനുഷ്യജീവൻ കൂട്ടമായി അപഹരിച്ചിരുന്ന വസൂരി, കോളറ, മലമ്പനി തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിനായി ആരംഭിച്ച പെരുങ്കടവിള ഗവണ്മെൻറ് മലേറിയ ഡിസ്പെൻസറിയാണ് ഇന്നത്തെ പെരുങ്കടവിള പ്രൈമറി ഹെൽത്ത് സെൻറർ. ഈ ഹെൽത്ത് സെൻററിനോട് ചേർന്ന് ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസും, ഒരു ലെപ്രസി ഇൻസ്പെക്ടർ ഓഫീസും പ്രവർത്തിക്കുന്നു. അരുവിപ്പുറത്ത് ഒരു ഗവണ്മെൻറ് ആയുർവേദ ഡിസ്പെൻസറിയും ചുള്ളിയൂർ മണലുവിളയിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു.

സ്വകാര്യമേഖലയിൽ നാല് അലോപ്പൊതി ചികിത്സാ കേന്ദ്രങ്ങളും ഒരു ആയൂർവ്വേദ ആശുപത്രിയും ഒരു ഹോമിയോ ആശുപത്രിയും ഉണ്ട്. ഒരു പ്രകൃതി ചികിത്സാ കേന്ദ്രവും അരുവിപ്പുറത്ത് പ്രവർത്തിക്കുന്നു., പാരമ്പര്യ വൈദ്യന്മാരുടെയും, മർമ്മചികിത്സാ രീതിയിലൂടെയും ഉള്ള ആരോഗ്യപ്രവർത്തനങ്ങളും ഈ പഞ്ചായത്തു മേഖലയിലുണ്ട്. അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും ഭാഗമായി ചികിത്സാ രീതികളെ എതിർക്കുകയും അതിൻെറ ഫലമായി അകാലമരണങ്ങൾ ഒരു കാലത്ത് സംഭവിക്കുകയും ചെയ്തിരുന്നു. ഈ പഞ്ചായത്തിൽ സമകാലീന ജനത ആരോഗ്യ സംവിധാനങ്ങളെക്കുറിച്ച് ഏറെക്കുറെ ബോധവാന്മാരാണ്.

ഈ രംഗത്ത് ഇത്രയേറെ പുരോഗതി ഉണ്ടെങ്കിലും പഞ്ചായത്തിൻെറ പൊതു ആരോഗ്യസ്ഥിതിയിൽ തദനുസൃതമായുള്ള ഗുണപരമായ വ്യതിയാനം ദൃശ്യമല്ല. 1995-96ലെ സ്ഥിതിവിവരക്കണക്കുകളനുസരിച്ച് 1096 ആളുകൾ ജലജന്യരോഗങ്ങളാലും 33 ആളുകൾ വായുജന്യരോഗങ്ങളാലും 8 ആളുകൾ പ്രാണിജന്യ രോഗങ്ങളാലും 4 ആളുകൾ കുഷ്ഠരോഗത്താലും 280 ആളുകൾ മറ്റുള്ള രോഗങ്ങളാലും ചികിത്സയിൽ കഴിയുന്നുണ്ട്. പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെൻററിൽ നിന്നും ശേഖരിച്ച വിവരപ്രകാരം 1995-96 കാലയളവിൽ 1338 ആളുകൾ ഇൻപേഷ്യൻറായിട്ടുണ്ട്. ഇവിടെ വന്നിട്ടുള്ള രോഗികളിൽ 3642 ആളുകൾ ത്വക്ക് രോഗത്താലും 3146 ആളുകൾ വാതരോഗത്താലും കഷ്ടപ്പെടുന്നവരാണ്. 18311 ആളുകൾക്ക് 95-96ൽ പകർച്ചവ്യാധികളിൽ നിന്ന് രക്ഷനേടുന്നതിനുള്ള ശുശ്രൂഷ നല്കിയിട്ടുണ്ട്. ഈ കണക്കുകൾ കാണിക്കുന്നത്. ആരോഗ്യരംഗത്ത് സമഗ്രമായ വികസന പ്രവർത്തനങ്ങൾ ഏറെ അനിവാര്യമാണ് എന്നാണ്.

കൂടുതലായി ജനം ആശ്രിയിക്കുന്നത് അലോപ്പൊതിയെയാണ്. പക്ഷേ പെരുങ്കടവിള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ അവസ്ഥ വളരെ ശോചനീയമാണ്. വിദഗ്ധ ചികിത്സയ്ക്കുള്ള യാതൊരു സൗകര്യവും ഇവിടെ ലഭ്യമല്ല. കെട്ടിടങ്ങളുടെ അപര്യാപ്തത, സ്റ്റാഫുകളുടെ അംഗസംഖ്യയിൽ കുറവ്, ആശുപത്രിയുടെ പ്രവർത്തനത്തിന് വേണ്ടുന്ന പ്രാഥമിക സൗകര്യങ്ങളുടെ അഭാവം എന്നിവ ഈ ആശുപത്രിയെത്തന്നെ രോഗാതുരതയിൽ എത്തിച്ചിരിക്കുന്നു. ഈ പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾ വിദഗ്ദ്ധ ചികിത്സക്കായി നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയേയോ, തിരുവനന്തപുരം മെഡിക്കൽ കോളേജിനേയോഅഭയം പ്രാപിക്കേണ്ട അവസ്ഥയാണ് ഇന്നുള്ളത്. ആയൂർവേദ ആശുപത്രിയാകട്ടെ സ്വന്തമായി കെട്ടിടം പോലുമില്ലാതെ വീർപ്പുമുട്ടുന്ന സാധാരണ ജനങ്ങൾ കൂടുതൽ പ്രതീക്ഷകൾ വെച്ചു പുലർത്തുന്ന ഹോമിയോ ഡിസ്പെൻസറിക്കും കെട്ടിടമില്ല.

പഞ്ചായത്തിന് ശുചീകരണ പ്രവർത്തനം നടത്തുന്നതിലേക്കായി പ്രത്യേകഫണ്ടും സംവിധാനങ്ങളുമില്ല. ശുചീകരണ പ്രവർത്തനങ്ങളാകെ

രൂപരേഖ ഇല്ലാത്ത അവസ്ഥയിലാണ്. പഞ്ചായത്തിലെ തത്തിയൂർ, ചുള്ളിയൂർ പ്രദേശങ്ങളിലെ ജനങ്ങൾ വൈദ്യചികിത്സക്കായി ഏറെ ദൂരം സഞ്ചരിക്കേണ്ട ദുഃസ്ഥിതിയും നിലവിലുണ്ട്.

*പ്രശ്നങ്ങൾ*

1. അരുവിപ്പുറം ആയർവേദ ഡിസ്പെൻസറിക്കും, ചിള്ളിയൂർ ഹോമിയോ ഡിസ്പെൻസറിക്കും സ്വന്തമായി കെട്ടിടം ഇല്ല.
2. അയിരൂർ അംഗൻവാടിയുടെ മുന്നിലുള്ള മലിനജലം ഒഴുകിപ്പോകാനുള്ള ഓടയുടെ അഭാവം.
3. ആരോഗ്യബോധവല്ക്കരണ ക്യാമ്പുകളുടെ അഭാവം.
4. ശുചീകരണ പ്രവർത്തനങ്ങളുടെ കുറവ്.
5. പൊതുകക്കൂസുകളുടെ അപര്യാപ്തത.
6. മലിനജലം ഒഴുകിവിടാനുള്ള സൗര്യങ്ങളുടെ വൈകല്യം.
7. പോഷകാഹാര ലഭ്യതയുടെ പ്രശ്നങ്ങൾ.
8. മാരായമുട്ടം മാർക്കറ്റിലെ വൃത്തിഹീനത.
9. റബ്ബർഷീറ്റ് അടിക്കുന്ന കേന്ദ്രങ്ങളിലെ മലിനജലം ഒഴുകിപ്പോകാനുള്ള സൗകര്യമില്ലായ്മ.

*പെരുങ്കടവിള പ്രാഥമികആരോഗ്യകേന്ദ്രത്തിന്റെ പരാധീനതകൾ*

a. ഒരു വനിതാ ഡോക്ടറുടെ അഭാവം.
b. മതിയായ ജീവനക്കാരുടെ കുറവ്
c. പി.എച്ച്.സിയിലെ എക്സ്രേ യൂണിറ്റിന്റെ പ്രവർത്തന രാഹിത്യം.
d. മരുന്നുകൾ കൃത്യമായി എത്തുന്നില്ല.
e. വൃത്തിഹീനമായ ആശുപത്രി പരിസരം.
f. ആവശ്യമായ വൈദ്യുതി വിളക്കുകളുടെ കുറവ്.
g. ഡോക്ടർമാരുടെ അനാസ്ഥ.
h. ആവശ്യമായ കെട്ടിടങ്ങളുടെ ഇല്ലായ്മ.
i. കിടക്കകളുടെ കുറവ്
j. ഉപകരണങ്ങളുടെ ഇല്ലായ്മ.
k. ലബോറട്ടറികളുടെ പ്രവർത്തനം ഇല്ലായ്മ.
l. നിലവിലുള്ള കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ.
m. കക്കൂസുകളുടെ അപര്യാപ്തത.
n. കുടിക്കുന്നതിനും ശുചീകരണത്തിനും ആവശ്യമായ വെള്ളത്തിന്റെ ദൗർലഭ്യം

*സാദ്ധ്യതകളും നിർദ്ദേശങ്ങളും*

1. അരുവിപ്പുറം ആയൂർവേദ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്തുകയും ചെയ്യുക.
2. പെരുങ്കടവിള പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.
3. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ വേണ്ടത്ര കക്കൂസുകൾ നിർമ്മിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുക.
4. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം 24 മണിക്കൂർ ആക്കുകയും ഒരു ലേഡി ഡോക്ടറെയും ആവശ്യത്തിനുള്ള സ്റ്റാഫിനേയും നിയമിക്കുകയും ചെയ്യുക.
5. ആരോഗ്യബോധവത്ക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക
6. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കൃത്യസമയത്ത് മരുന്നുകൾ എത്തിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.
7. പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുക.
8. ഡോക്ടർമാരുടെ അനാസ്ഥ ഇല്ലാതാക്കുക.
9. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ വൈദ്യുത വിളക്കുകൾ സ്ഥാപിക്കുക.

10. ചുള്ളിയൂർ മണലുവിളയിലെ ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുക.

11. പഞ്ചായത്ത് പ്രദേശങ്ങൾ ശുചീകരിക്കാൻ നടപടികൾ സ്വീകരിക്കുക.

12. ദരിദ്രവിഭാഗങ്ങൾക്ക് കക്കൂസുകൾ നിർമ്മിക്കാൻ ധനസഹായം നല്കുക.

13. വിദ്യാലയങ്ങളിലൂടെ ആരോഗ്യവിദ്യാഭ്യാസ പദ്ധതി നടപ്പാക്കുക.

14. റബ്ബർഷീറ്റ് ഉല്പാദന കേന്ദ്രങ്ങളിലെ മലിന ജലം ഒഴുക്കി വിടാൻ പ്രത്യേകം ടാങ്ക് സൗകര്യങ്ങളുണ്ടാക്കുക.

15. അംഗൻവാടികളിലൂടെ പോഷകആഹാരം ഗർഭിണികൾക്കും ശിശുക്കൾക്കും ലഭ്യമാക്കുക.

16. ഒരു ഇലക്ട്രിക് ശ്മശാനം സ്ഥാപിക്കുക.

17. പകർച്ചവ്യാധികളായ ചെങ്കണ്ണ്, അഞ്ചാം പനി തുടങ്ങിയ രോഗങ്ങൾക്കുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുക.

18. ശുചീകരണ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുക.

19. പെരുങ്കടവിള പി.എച്ച്.സി. റഫറൽ ആശുപത്രിയായി ഉയർത്തുക.

20. പൊതു സ്മശാനത്തിന് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുക.

# കുടിവെള്ളവും പൊതുജനാരോഗ്യവും

മനുഷ്യൻെറ ജീവസന്ധാരണത്തിന് ആവശ്യമായ ഘടകങ്ങളാണ് ശുദ്ധമായ ജലവും വായുവും ആരോഗ്യമുള്ള ഒരു ജനത ആരോഗ്യ പൂർണ്ണമായ ഒരു രാഷ്ട്രത്തെ കുറിക്കുന്നു.

പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ 65% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്ന്. 10 ശതമാനത്തോളം ജനങ്ങൾ മാത്രമാണ് പൊതു ജലവിതരണ സംവിധാനങ്ങളെ ആശ്രിയിക്കുന്നത്. 25% കുടുംബങ്ങളും അയൽ വീടുകളെ ആശ്രയിച്ചാണ് കുടിവെള്ളം കണ്ടെത്തുന്നത്. വേനൽക്കാലത്ത് പഞ്ചായത്തിൻെറ മിക്കഭാഗങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. നിലവിലുള്ള പമ്പു ഹൗസിൻെറ പ്രവർത്തനശേഷി വർദ്ധിപ്പിക്കുകയും പുതിയ ജല സംഭരണികൾ സൃഷ്ടിക്കുകയും ചെയ്താൽ മാത്രമേ ഈ കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളു.

നിലവുലുള്ള പഞ്ചായത്ത് ശുദ്ധജല പദ്ധതി മാരായമുട്ടം ഗ്രാമീണ ശുദ്ധജലസംഭരണി എന്നാണ് അറിയപ്പെടുന്നത്. ഈ ശുദ്ധജല പദ്ധതി അശാസ്ത്രീയമായും വേണ്ടത്ര ആസൂത്രണമില്ലാതെയും നടത്തിയ പദ്ധതി രൂപീകരണങ്ങൾക്ക് ഒരു ഉദാഹരണമാണ്. ഈ പഞ്ചായത്തിലെ വലിയൊരു വിഭാഗം ഇപ്പോഴും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിച്ചു വരുന്നുണ്ട്. ഈ പഞ്ചായത്തിൻെറ എല്ലാ മേഖലയിലും ജലവിതരണം നടത്തുന്നതിനുള്ള സംഭരണശേഷി മേല്പറഞ്ഞ പദ്ധതിക്കില്ല. പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കാതെ അശാസ്ത്രീയമായ രീതിയിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക വഴി ഭൂരിഭാഗം പൊതുടാപ്പുകളിലും ജലം ലഭ്യമല്ല. പമ്പ് ഹൗസിൻെറ പ്രവർത്തനത്തിലുള്ള ക്രമക്കേടുകൾ കാരണം ചില നാളുകളിൽ പൂർണ്ണമായും ജലവിതരണം മുടങ്ങാറുണ്ട്.

പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ 58 പൊതുകിണറുകളും 34 പൊതു കുഴൽ കിണറുകളും 100 പൊതു ടാപ്പുകളും ഉണ്ട്. ഇവയിൽ പൊതുകിണറുകളിൽ ഭൂരിഭാഗവും ഉപയോഗശൂന്യമായ അവസ്ഥയിലാണ്. പൊതു കുഴൽകിണറുകളിലാകട്ടെ ചില പ്രത്യേക ധാതുക്കൾ കലർന്ന ജലമാണ് ലഭിക്കുന്നത്. അവയെ ശുദ്ധീകരിക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങളുടെ കുറവുണ്ട്. പമ്പ്ഹൗസ് ജീവനക്കാരുടെ അനാസ്ഥയും കേടുപാടുകൾ തീർക്കുന്നതിനുള്ള ഡിപ്പാർട്ടുമെൻറിൻെറ അശ്രദ്ധയും പൊതു ടാപ്പുകളെ ആശ്രയിക്കുക അസാദ്ധ്യമായിത്തീർന്നിട്ടുണ്ട്.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കുടിവെള്ളം ശേഖരിക്കുന്നതിലേക്കായി ജനങ്ങൾക്ക് ഒരു കിലോ മീറ്ററോളം ദൂരം സഞ്ചരിക്കേണ്ടി വരുന്നു. പനയ്ക്കോട്ടുകോണം സെറ്റിൽമെൻറ് കോളനിയിൽ കുടിവെള്ളക്ഷാമം കൂടുതലായി അനുഭവപ്പെടുന്നു. ഇത്തരം മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും പരിഹാരങ്ങളും ഗ്രാമസഭയിൽ ഉയരുകയുണ്ടായി.

*പ്രശ്നങ്ങൾ*

1. മാരായമുട്ടം ഗ്രാമീണ ജലവിതരണ പദ്ധതിയിലെ ജലസംഭരണശേഷിയുടെ അപര്യാപ്തത.
2. പൊതു ജലവിതരണ ശൃംഖലയിലെ അപാകതകൾ.
3. പമ്പുഹൗസ് ജീവനക്കാരുടെ അനാസ്ഥയും കേടുപാടുകൾ തീർക്കുന്നതിലുള്ള ഡിപ്പാർട്ടുമെൻറിൻെറ അശ്രദ്ധയും.
4. പൊതു കിണറുകളുടെ ഉപയോഗശൂന്യത.
5. കുഴൽ കിണറുകളുടെ അപര്യാപ്തത.
6. നിലവിലുള്ള കുഴൽകിണറുകളിലെ ജലം ശുദ്ധീകരിക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങളുടെ അഭാവം.

*പഞ്ചായത്തുതല ശുദ്ധജല പദ്ധതിയുടെ രാഹിത്യം.*
*നിർദ്ദേശങ്ങൾ പരിഹാരങ്ങൾ*

1. മാരായമുട്ടം ഗ്രാമീണ ജല പദ്ധതിയോടനുബന്ധിച്ച് പനയ്ക്കോട്ടുകോണം സെറ്റിൽമെൻറ് കോളനിയിലെ ഉയർന്ന പ്രദേശത്ത് പുതിയ ജലസംഭരണി സ്ഥാപിക്കുക.
2. പമ്പ്ഹൗസിൻെറ പ്രവർത്തനത്തിലെ ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിനുവേണ്ടി പ്രാദേശിക സമൂഹത്തിനിടപെടുന്നതിനുള്ള സ്വാതന്ത്ര്യം നല്കുകയും ജനകീയ സമിതി രൂപീകരിക്കുകയും ചെയ്യുക.
3. കൂടുതൽ പൊതുകിണറുകൾ, പൈപ്പുലൈനുകൾ കുഴൽകിണറുകൾ എന്നിവ സ്ഥാപിക്കുക.
4. പൈപ്പ് ജലത്തിതൻെറ ദുരുപയോഗം തടയുന്നതിനുവേണ്ടി ജനബോധനവും, ശിക്ഷാനടപടികളും സ്വീകരിക്കുക.
5. പെരുങ്കടവിള ബ്ലോക്ക് ഓഫീസ് ജംഗ്ഷനിൽ കേന്ദ്രമാക്കി ഒരു മിനി ശുദ്ധജലപദ്ധതി സ്ഥാപിച്ച് ഓഫീസുകളിലെയും ആശുപത്രിയിലേയും കുടിവെള്ളക്ഷാമത്തിന് അറുതി വരുത്തുക.
6. നിലവിലുള്ള പഞ്ചായത്തുകിണറുകൾ ശുദ്ധീകരിക്കുക.
7. ചുള്ളിയൂരിലെ ചമുക്കക്കുളം ശുദ്ധീകരിച്ച് ഒരു മിനി ശുദ്ധജലപദ്ധതിക്ക് രൂപം നല്കുക.
8. പൈപ്പ് ലൈനുകൾ എത്തിചേരാത്ത മുഴുവൻ പ്രദേശത്തും പൈപ്പ് ലൈൻ സ്ഥാപിക്കുക.
9. അരുവിപ്പുറം മലമുകളിൽ ലോക ബാങ്കിൻെറ സഹായത്തോടെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ശുദ്ധജലപദ്ധതി എത്രയും പെട്ടന്ന് നടപ്പിലാക്കുക.
10. ഇരുമ്പകൽകോണം ഹരിജൻകോളനിയിലെ കിണറിൽ മോട്ടോർ ഘടിപ്പിക്കുക.
11. മൈലപ്പൊറ്റ എന്ന സ്ഥലത്ത് പുതിയ പൊതു കിണർ നിർമ്മിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ആ പ്രദേശത്തുള്ള കുടിവെള്ള ക്ഷാമം പരിഹരിക്കുക.

# വിദ്യാഭ്യാസം

പെരുങ്കടവിള പഞ്ചാത്തിലെ ജനങ്ങൾ കുടിപള്ളിക്കൂടത്തിലാണ്. പണ്ടുകാലത്ത് പഠിച്ചിരുന്നത്. ചാരുംകുഴി എന്ന സ്ഥലത്ത് ആദ്യകാലത്ത് ഒരു ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനവും, അരുവിപ്പുറം ക്ഷേത്രത്തോടനുബന്ധിച്ച് ഒരു സംസ്കൃതപാഠശാലയും ഉണ്ടായിരുന്നു. ഇവ രണ്ടും ഇപ്പോൾ നിലവിലില്ല. 1948-ലെ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായിട്ടുള്ള ഔപചാരിക വിദ്യാഭ്യാസ സ്ഥാപനമായ സർക്കാർ സ്ക്കൂൾ നമ്മുടെ പഞ്ചായത്തിൽ മാരായമുട്ടം വടക്കേ അമ്പലത്താണ് ആദ്യമായി ആരംഭിച്ചത്. ഒന്നാംക്ലാസ്സുമുതൽ ഏഴാംക്ലാസ്സുവരെ മലയാളം മിഡിൽ സ്ക്കൂളായിരുന്നു അത്. ഈ സ്ക്കൂളിൽ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി നെയ്യാറ്റിൻകരയിലും കാഞ്ഞിരംകുളത്തുമാണ് പോയിരുന്നത്. പിൽക്കാലത്ത് മാരായമുട്ടം യു.പി.എസ്., എച്ച്.എസ്സ്ആയി ഉയർത്തുകയുണ്ടായി. ഈ സ്ക്കൂളിൽ, സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. കോളേജ് തലത്തിലുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്ന ഒരു സ്ഥാപനവും നമ്മുടെ പഞ്ചായത്തിലില്ല. ഈ ആവശ്യത്തിലേക്കായി. കാട്ടാക്കട, കാഞ്ഞിരംകുളം, ധനുവച്ചപുരം, തിരുവനന്തപുരം തുടങ്ങിയ സ്ഥലങ്ങളിലേക്കാണ് ഗ്രാമവാസികൾ പോകുന്നത്. പെരുങ്കടവിള പഞ്ചായത്ത് വക ബാലവാടി പഞ്ചായത്ത് ഓഫീസിനു സമീപത്തായി പ്രവർത്തിക്കുന്നു. നാല് ഗവണ്മെൻറ് എൽ.പി.എസ്സും രണ്ട് പ്രൈവറ്റ് എൽ.പി.എസ്സും ഉൾപ്പെടെ 6 എൽ.പി. സൂകൂളുകളും ഒരു പ്രൈവറ്റ് യൂ.പി.എസ്സും ഒരു ഗവൺമെൻറ് ഹൈസ്ക്കൂളും നമ്മുടെ പഞ്ചായത്തിലുണ്ട്.

1. മാരായമുട്ടം ഗവണ്മെൻറ് ഹൈസ്ക്കൂൾ
2. പരമേശ്വരവിലാസം യു.പി.എസ്സ് തത്തിയൂർ സ്വകാര്യമേഖല
3. പെരുങ്കടവിള ഗവണ്മെൻറ് എൽ.പി. ബി.എസ്സ്. പെരുങ്കടവിള
4. പെരുങ്കടവിള ഗവ. എൽ.പി.ജി.എസ്സ്. അയിരൂർ
5. മാരായമുട്ടം ഗവ. എൽ.പി.എസ്സ്. മാരായമുട്ടം.
6. തത്തിയൂർ അരുവിക്കര ഗവ. എൽ.പി.എസ്സ്. തത്തിയൂർ
7. ശ്രീധർമ്മശാസ്താ ഇംഗ്ലീഷ് മീഡിയം പബ്ലിക്ക് സ്ക്കൂൾ പെരുങ്കടവിള പ്രൈവറ്റ്
8. ശ്രീ വിദ്യാധിരാജാ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പെരുങ്കടവിള പ്രൈവറ്റ്

നമ്മുടെ പഞ്ചായത്തിൽ 8 ട്യൂഷൻ സെൻററുകളും 12 അംഗൻവാടികളും ഒരു ബേബിക്രഷും 5 പ്രൈവറ്റ് നഴ്സറികളും പ്രവർത്തന രംഗത്തുണ്ട്.

അക്ഷരവേദി, വിജ്ഞാനവേദി, ഡിസ്ട്രിക്ട് പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം ഡി.പി.ഇ.പി. തുടങ്ങിയ പരിപാടികളിലൂടെ വിദ്യാഭ്യാസ ക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് വരികയാണ്. സാമ്പത്തികമായും, സാമൂഹികമായും വളരെ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികളാണ് ഈ പഞ്ചായത്തിൽ ഭൂരിപക്ഷവും. അതുകൊണ്ടുതന്നെ അവരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ 8 സ്ക്കൂളുകളിലും പി.റ്റി.എ. വിദ്യാഭ്യാ നിലവാരം ഉയർത്തുന്നതിനു വേണ്ടി പ്രവർത്തിക്കുന്നു. ഗവ. സ്ക്കൂളുകളിലെ പി.റ്റി.എ.കളിൽ രക്ഷകർത്താക്കളുടെ ശ്രദ്ധ ഉണ്ടായാൽ മാത്രമേ കുട്ടികളുടെ വിദ്യഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. സ്ക്കൂളുകളിൽ ചുറ്റുമതിൽ ഇല്ലാത്തതും, കുടിവെള്ളം കൃത്യമായി ലഭിക്കാത്തതും,

പ്രാഥമിക സൗകര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കക്കൂസുകളുടെ അപര്യാപ്തതയും, പൊട്ടിപ്പൊളിഞ്ഞ കെട്ടിടങ്ങളും, ഫർണിച്ചറുകളുടെ അപര്യാപ്തതയും, വൃത്തികേടായ പരിസരവും കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളാണ്. ഇവയ്ക്കെല്ലാം സത്വരമായ പരിഹാരം ഉണ്ടാക്കണം.

***വിദ്യാഭ്യാസ നിലവാരം മോശമാകുന്നതിനുള്ള കാരണങ്ങൾ***

1. സർക്കാർ സ്ക്കൂളികളിലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ശരിയല്ല.
2. വിദ്യാർത്ഥികളുടെ സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥ.
3. അദ്ധ്യാപകരുടെ ജോലിഭാരം.
4. അദ്ധ്യാപകരുടെ കൃത്യനിഷ്ഠയില്ലായ്മ.
5. അദ്ധ്യായനവർഷത്തിൻെറ ആരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ ലഭിക്കാത്തത്.
6. സാദ്ധ്യായ ദിവസങ്ങളുടെ കുറവ്.
7. ചുറ്റുമതിലുകളുടെ അഭാവം.
8. മത്സരപരീക്ഷകളെ മാത്രം ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസരീതി.
9. വിദ്യാഭ്യാസകാര്യങ്ങളിൽ പ്രാദേശിക സമൂഹത്തിന് ഇടപെടാനുള്ള അവസരമില്ലായ്മ.
10. സ്ക്കൂൾ ലൈബ്രറികളുടെ പ്രവർത്തനരാഹിത്യം.
11. സ്ക്കൂൾ പ്രവർത്തനങ്ങളെക്കുറിച്ചുള്ള മൂല്യനിർണ്ണയം ഉന്നത അധികാരികളിൽ നിന്നും കാലാകാലങ്ങളിൽ ഇല്ലാത്തത്.
12. ജിവിതവും, വിദ്യാഭ്യാസവും തമ്മിലുള്ള അകൽച്ച നിലനിറുത്തിക്കൊണ്ടുള്ള പഠനരീതികൾ.

***നിർദ്ദേശങ്ങൾ***

1. സർക്കാർ സ്ക്കൂളുകളിൽ അദ്ധ്യാപിക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.
2. ടെസ്റ്റ് പേപ്പറിലോ, ക്വാർട്ടർലി പരീക്ഷയിലോ ലഭിക്കുന്ന മാർക്കിൻെറ അടിസ്ഥാനത്തിൽ കുട്ടികളുടെ ഗ്രേഡ് തിരിച്ച് മാത്സര്യ ബുദ്ധി ജനിപ്പിക്കുക.
3. സ്ക്കൂളിൽ വരുന്ന കാര്യത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും കൃത്യനിഷ്ഠ പാലിക്കുക.
4. ആധുനികപഠന മാർഗ്ഗങ്ങൾ അവലംബിക്കുക.
5. മാതൃസംഗമത്തിൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക.
6. ആരോഗ്യപരിപോഷണം നല്കി കായിക ശേഷി വർദ്ധിപ്പിക്കുക.
7. സിലബസ് കാലാനുസൃതമായി പരിഷ്ക്കരിക്കുക.
8. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.
9. ഡി.പി.ഇ.പി., വിദ്യാജ്യോതി, ക്യൂ.ഐ.പി., സാക്ഷരതാ തുടർവിദ്യാഭ്യാസ പദ്ധതി എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുക.
10. അദ്ധ്യാപകരുടെ പരിശീലന നിലവാരം വർധിപ്പിക്കുക.
11. അദ്ധ്യാപക-രക്ഷാകതൃസമിതിയുടെ പ്രവർത്തനം കൂടുതൽ രക്ഷാകർതൃ പങ്കാളിത്തത്തോടെ കാര്യക്ഷമമാക്കുക.
12. ആകാശവാണിയിലൂടെയും ദൂരദർശനിലൂടെയും കൂടുതൽ വിദ്യാഭ്യാസ പരിപാടി സംപ്രേഷണം ചെയ്യുക.

***ആവശ്യങ്ങൾ***

1. മാരായമുട്ടം ഹൈസ്ക്കൂൾ ഹയർസെക്കൻററി സ്ക്കൂളായി ഉയർത്തുക.
2. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനം പഞ്ചായത്തിതൻെറ ആഭിമുഖ്യത്തിൽ ആരംഭിക്കുക.
3. അറ്റകുറ്റപ്പണികൾക്കും, മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ ധനം യഥാസമയം ലഭ്യമാക്കുക.
4. പഞ്ചായത്ത് പ്രദേശത്ത് ഡിഗ്രികോഴ്സുകളുള്ള കോളേജ് സ്ഥാപിക്കുക.

5. നിലവിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ചുറ്റുമതിൽ നിർമ്മിക്കുക.

6. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

7. പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ സ്കൂളുകളിലും സ്റ്റേഡിയം നിർമ്മിക്കുക.

8. വേണ്ടത്ര ശുദ്ധജലം ലഭ്യമാക്കുക.

9. സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനം ലൈബ്രേറിയനെ നിയമിച്ചു കൊണ്ട് മെച്ചപ്പെടുത്തുക.

10. എല്ലാ സർക്കാർ സ്കൂളുകളിലും പ്രീ-പ്രൈമറി തലം നടപ്പിലാക്കുക.

11. സ്കൂൾ കുട്ടികളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ആരോഗ്യപരിപാടി നടപ്പിലാക്കുക.

12. ഉച്ചഭക്ഷണവും, പോഷകഹാരങ്ങളും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുക.

13. കായിക പരിശീലനത്തിനുള്ള എല്ലാവിധ ഉപകരണങ്ങളും സ്കൂൾതലത്തിൽ ലഭ്യമാക്കുക.

14. ക്ലാസ്സ് മുറികൾ കുറവായ കെട്ടിടങ്ങളുള്ള സ്കൂളികളിൽ ആവശ്യമുള്ള കെട്ടിടങ്ങൾ പണിയുക.

15. നഴ്സറിസ്ക്കൂൾ ഇല്ലാത്ത വാർഡുകളായ അയിരൂർ, പാൽകുളങ്ങര എന്നീ സ്ഥലങ്ങളിൽ നഴ്സറികൾ അനുവദിക്കുക.

16. തത്തിയൂർ എൽ.പി. സ്ക്കൂളിനെ യു.പി. സ്ക്കൂളായി ഉയർത്തുക.

17. ആയയിൽ അരുവിപ്പുറത്ത് ഒരു എൽ.പി. സ്ക്കൂൾ അനുവദിക്കുക.

18. മാരായമുട്ടം ഹൈസ്ക്കൂളിൽ കമ്പ്യൂട്ടർ കോഴ്സ് അനുവദിക്കുക.

19. അംഗൻവാടികൾക്ക് കെട്ടിടം അനുവദിക്കുക.

20. അരിവുപ്പുറം അംഗൻവാടി പ്രീ-പ്രൈമറി ആക്കി ഉയർത്തുക.

21. ആലത്തൂർ കേന്ദ്രമാക്കി എൽ.പി. സ്ക്കൂൾ അനുവദിക്കുക.

22. സർക്കാർ സ്ക്കൂളുകളിൽ യഥാസമയം മെയിൻറനൻസ് നടപ്പിലാക്കുക.

24. തത്തിയൂർ പി.വി. യു.പി.എസ് ഹൈസ്ക്കൂളാക്കി ഉയർത്തുക.

25. മുണ്ടാമല ഹരിജൻകോളനിയിൽ കമ്മ്യൂണിറ്റി ഹാൾ, അംഗനവാടി എന്നിവ നിർമ്മിക്കുക.

26. പഴമലയിൽ - അംഗനവാടി, സാംസ്ക്കാരിക നിലയം, റേഡിയോപാർക്ക് സ്ഥാപിക്കുക.

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| High School | 17 | 41 | 58 | 875 | 851 | 1726 |
| Upper Primary School | 3 | 5 | 8 | 87 | 66 | 153 |
| Lower Primary School | 21 | 31 | 52 | 816 | 716 | 1532 |

# സംസ്കാരം

കേരളസംസ്ഥാനത്തിന്റെ സാമൂഹ്യ സാംസ്ക്കാരിക പരിവർത്തനപ്രക്രിയക്ക് അടിത്തറപാകിയ നവോത്ഥാന നാകന്മാരുടെ കർമ്മഭൂമിയായി മാറിയ സാംസ്ക്കാരിക ചരിത്രമാണ് പെരിങ്കടവിള ഗ്രാമപഞ്ചായത്തിലെ അരുവിപ്പുറത്തിനുള്ളത്. വിശ്വമാനവിക മന്ത്രം ലോകജനതയ്ക്ക് സംഭാവന ചെയ്ത ശ്രീനാരായണഗുരു സങ്കല്പജാതി വ്യവസ്ഥയേയും വരേണ്യ വർഗ്ഗത്തിന്റെ കുടിലതകളേയും ചോദ്യം ചെയ്തുകൊണ്ട് നടത്തിയ അരുവിപ്പുറം ശിവ പ്രതിഷ്ഠ നമ്മുടെ പഞ്ചായത്തിലാണ്. ശ്രീനാരായണന്റെ മാനവദർശനങ്ങൾ ലോകമെങ്ങും വ്യാപിക്കുന്നതിനുവേണ്ടി രൂപം കൊടുത്ത ഇന്ത്യയിലെ ഏറ്റവും വലിയ സാമൂഹ്യസംഘടനയായ അരുവിപ്പുറം എസ്.എൻ.ഡി.പി. യോഗത്തിന്റെ ആദ്യയോഗം 1903ൽ കൂടിയ പ്ലാവ് അരുവിപ്പുറം ക്ഷേത്രപരിസരത്ത് ചരിത്ര സ്മരണകളുണർത്തി ഇന്നും നിലനിൽക്കുന്നു. അരുവിപ്പുറം ക്ഷേത്രത്തിൽ ദീർഘനാൾ ശാന്തിജോലി ചെയ്തിരുന്ന ഭൈരവൻ ശാന്തിയുടെ സമാധി അരുവിപ്പുറത്ത് സ്ഥിതിചെയ്യുന്നു. നമ്മുടെ പഞ്ചായത്തിലും പെരുമ്പഴുതൂർ പഞ്ചായത്തിലുമായി വ്യാപിച്ചു കിടക്കുന്ന ശ്രീനാരായണന്റെ തപോഭൂമിയായ അരുവിപ്പുറം കൊടിതൂക്കി മലയെന്നറിയപ്പെടുന്ന "വിശ്വഗിരി"യിലെ ദൃശ്യങ്ങൾ പ്രകൃതി സ്നേഹികളേയും വിനോദ സഞ്ചാരികളേയും ആകർഷിച്ചുവരുന്നു. അഗസ്ത്യ പർവ്വതത്തിന്റേയും വെള്ളറടയ്ക്ക് സമീപത്തുള്ള തെക്കൻ കുരിശുമലയുടേയും മനോഹരദൃശ്യങ്ങൾ, കോവളം കടൽ തീരത്തെ ലൈറ്റ് ഹൗസിന്റെ പ്രകാശവും ഹരിതാഭമായ കുന്നുകളും കൂലം കുത്തി ഒഴുകുന്ന നെയ്യാറ്, സൂര്യന്റെ ഉദയാസ്തമനങ്ങളും ഇവിടത്തെ പ്രധാന കാഴ്ചകളാണ്. സാഹിത്യലോകം ആശയ ഗംഭീരൻ എന്ന് വിശേഷിപ്പിച്ച വിപ്ലവകവിയും സ്നേഹഗായകനുമായ കുമാരനാശാൻ അരുവിപ്പുറത്ത് താമിസിച്ച് സാഹിത്യ രചനകൾ നടത്തുകയും സാമൂഹ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തിരുന്ന കാലഘട്ടത്തിൽ കേരളത്തിലെ സാമൂഹ്യ സാംസ്ക്കാരിക നായകന്മാരുടെ ഒരു സംഗമവേദിയായി അരുവിപ്പുറം മാറിയിരുന്നു.

ചിറ്റാറിന് സമീപത്തായി സ്ഥിതി ചെയ്യുന്ന തൃപ്പലവൂർ ശിവക്ഷേത്രം, തോട്ടവാരത്ത് സ്ഥിതി ചെയ്യുന്ന തൃക്കടമ്പ് ശിവക്ഷേത്രം, നെയ്യാറിന് സമീപം സ്ഥിതി ചെയ്യുന്ന അരുവിപ്പുറം ശിവക്ഷേത്രം, പെരുങ്കടവിളയിലെ ആങ്കോട് ശിവക്ഷേത്രം എന്നിവ നമ്മുടെ പഞ്ചായത്തിലെ പ്രധാന ശിവക്ഷേത്രങ്ങളാണ്. ആങ്കോട് ശിവക്ഷേത്രത്തിൽ ഉത്രാടം തിരുനാൾ മഹാരാജാവ് എഴുന്നള്ളിയിട്ടുണ്ട്. പത്ത് ദിവസം നീണ്ടു നില്ക്കുന്ന ശിവരാത്രി മഹോത്സവമാണ് ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന അരുവിപ്പുറം ക്ഷേത്രത്തിൽ സംഘടിപ്പിക്കുന്നത്. ഉത്സവത്തോടനുബന്ധിച്ച് ചേരുന്ന വിവിധ സമ്മേളനങ്ങളിൽ കേരളത്തിലെ സാമൂഹ്യ സാംസ്ക്കാരിക രാഷ്ട്രീയ മത രംഗത്തെ പ്രഗത്ഭന്മാർ പങ്കെടുക്കുന്നുണ്ട്. ശ്രീനാരായണ ധർമ്മ പ്രചരണത്തിന്റെ ഭാഗമായി അരുവിപ്പുറം കൺവെൻഷനും സംഘടിപ്പിക്കുന്നുണ്ട്. അറിവിന്റെ തീർത്ഥാടനമായ ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ചും, ശ്രീനാരായണ ജയന്തി സമാധി ദിനങ്ങളോടനുബന്ധിച്ചും, ശിവരാത്രി മഹോത്സവത്തോടനുബന്ധിച്ചുമാണ് അരുവിപ്പുറത്ത് ശ്രീനാരായണവിശ്വാസികൾ ഒത്തുകൂടുന്നത്.

വിശാലമായ മണൽപ്പരപ്പോടുകൂടിയ ആയയിൽ, ഭഗവതി നഗറിൽ സ്ഥിതിചെയ്യുന്ന "ആയയിൽ ഭഗവതി" ക്ഷേത്രവും പരിസരവും ഹൃദയഹാരിയാണ്. നാടൻ കലാരൂപങ്ങളുടേയും നിരവധി ഗജവീരന്മാരുടേയും അകമ്പടിയോടെ നടത്തുന്ന ആയയിൽ വിളക്കുകെട്ട് ഘോഷയാത്ര "ആയയിൽ പൊങ്കാല"താലപ്പൊലി, കുത്തിയോട്ടം തുടങ്ങിയവ ഈ പഞ്ചായത്തിലെ പ്രധാന

ആഘോഷങ്ങളിൽ ഒന്നാണ്. പുരാതന ആചാര അനുഷ്ഠാനമായി 6 വർഷത്തിലൊരിക്കൽ പറണേറ്റ് മഹോത്സവം നടത്തുന്ന രണ്ട് ക്ഷേത്രങ്ങളാണ്. മാരായമുട്ടം ശ്രീനീലകേശി ക്ഷേത്രവും, തത്തിയൂർ മുടിപ്പുരയും. കൊല്ലം വിളാകം ശ്രീബാലഭദ്രകാളി ക്ഷേത്രവും, പഴമല ബാലഭദ്രകാളി ക്ഷേത്രം തുടങ്ങിയവ നമ്മുടെ പഞ്ചായത്തിലെ പ്രധാന ക്ഷേത്രങ്ങളാണ്. ഈ ക്ഷേത്രങ്ങളിലെ കുത്തിയോട്ട ഘോഷയാത്രയും, താലപ്പൊലിയും, പൊങ്കാല മഹോത്സവവും ഈ പഞ്ചായത്തിലെ പ്രധാന ആഘോഷങ്ങളിൽ പെടുന്നു. ശ്രീകൃഷ്ണ ജയന്തിയോടനുബന്ധിച്ച് ഈ പഞ്ചായത്തിലെ വിവിധ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് ശോഭയാത്രകൾ സംഘടിപ്പിക്കാറുണ്ട്.

മാരായമുട്ടം, കാക്കണം, പെരുങ്കടവിള, ഇടഞ്ഞി, താറാവിള തുടങ്ങിയ സ്ഥലങ്ങളിൽ ആർ.സി. ചർച്ചുകളും തത്തിയൂർ, ചുള്ളിയൂർ തുടങ്ങിയ സ്ഥലങ്ങളിൽ സാൽവേഷൻ ആർമി ചർച്ചുകളും, മാരായമുട്ടം, തെങ്ങുവിളക്കുഴി, ഇട വഴിക്കര, പരൽപ്പൊറ്റ തുടങ്ങിയ സ്ഥലങ്ങളിൽ സി.എസ്.ഐ. ചറച്ചുകളും കല്ലിടാന്തി, മാലകുളങ്ങര തുടങ്ങിയ സ്ഥലങ്ങളിൽ ലൂഥറിൻ ചർച്ചുകളും സ്ഥിതി ചെയ്യുന്നു. എല്ലാ തിരുപ്പിറവി യോടനുബന്ധിച്ച് വിവിധ ക്രിസ്തീയ വിഭാഗങ്ങളുടെ ഐക്യകൺവെൻഷനും വർണ്ണശബളമായ ഘോഷ യാത്രയും മാരായമുട്ടത്ത് സംഘടിപ്പിക്കാറുണ്ട്. തോട്ടവാരം ചർച്ചിന്റെ ആഭിമുഖ്യത്തിൽ വർഷാ വർഷം ക്രൈസ്തവ കൺവെൻഷനും സംഘടിപ്പി ക്കുന്നുണ്ട്.

നമ്മുടെ നാട്ടിലെ ഗ്രാമീണ ജനതയുടേ തായ പാവക്കൂത്ത്, കൈകൊട്ടികളി, തോറ്റംപാട്ട്, കാക്കാരശി നാടകം, കമ്പ്കൊട്ടികളി, തോൽക്കളി, വിൽപ്പാട്ട്, റമാൻകളി, തിരുവാതിരക്കളി, ഓട്ടൻതുള്ളൽ തുടങ്ങി ഒട്ടനവധി കലാരൂപങ്ങൾ പഞ്ചായത്തിതന്റെ വിവിധ ഭാഗങ്ങളിൽ പണ്ട്കാലത്ത് നിലനിന്നിരുന്നു. എന്നാൽ അവ സംരക്ഷിക്കപ്പെടാതെ നശിച്ചുകൊണ്ടിരിക്കു കയാണ്. റേഡിയോ, ടി.വി. പ്രൊഫിഷണൽ നാടകഗ്രൂപ്പുകൾ, സിനിമകളുടേയും വരവോടെ ഗ്രാമീണരുടെ കലാമനോഭാവത്തിന് മാറ്റം സംഭവിച്ചു. പന്ത്കളി, കളരിപ്പയറ്റ്, ഗോലികളി, കുട്ടിയുംകോലുംകളി തുടങ്ങിയ കായിക വിനോദ ങ്ങൾ ഈ പഞ്ചായത്തിലെ പരമ്പരാഗത കളികളാണ്. തോട്ടവാരത്തും വടകരയിലും കളരി സംഘങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നു.

പെരുങ്കടവിള പഞ്ചായത്തിന്റെ സാംസ്ക്കാരിക ചരിത്രത്തിൽ നിർണ്ണായക സ്വാധീന മാണ് സന്നദ്ധസംഘടനകൾക്കുള്ളത്. 1989-ൽ കേരള സർക്കാർ സാക്ഷരതാ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചപ്പോൾ പഞ്ചായത്തിലെ സന്നദ്ധ സംഘടനകളുടെ നിസ്വാർത്ഥമായ സഹകരണ ത്തോടെയാണ് പെരുങ്കടവിള പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിച്ചത്. നാല് ജനവിദ്യാ കേന്ദ്രങ്ങളിലൂടെ തുടർവിദ്യാഭ്യാസ പരിപാടി നടന്നുവരുന്നു. ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിച്ച് ജനങ്ങളുടെ വായനാശീലവും, ചിന്താശീലവും വളർത്തുവാനും വിവിധ സാംസ്ക്കാരിക പരിപാടികളും വിവിധ വിഷയങ്ങളിൽ ചർച്ചായോഗങ്ങളും സെമിനാറു കളും സംഘടിപ്പിച്ച് ജനങ്ങളിൽ അവബോധവും ഉൾക്കാഴ്ചയും വളർത്തുന്നതിന് സന്നദ്ധ സംഘടന കളും പ്രസ്ഥാനങ്ങളും ശ്രമിച്ചുകൊണ്ടിരിക്കുന്നു. കൈയ്യെഴുത്ത് മാസികകൾ പ്രസിദ്ധീകരിച്ച് ഗ്രാമീണരുടെ സാഹിത്യാഭിരുചി വളർത്തുവാനും ഗ്രാമവികസന പ്രക്രിയകളിലും സംഘടനകൾ ശ്രദ്ധപതിപ്പിച്ച് വരുന്നു. കേരളോത്സവം തുടങ്ങിയ സർക്കാർ പരിപാടികളിൽ പങ്കെടുത്തും സ്വന്ത മായി കലാകായിക പരിപാടികൾ സംഘടിപ്പിച്ചും കലാകായിക പ്രവർത്തനങ്ങൾ നടത്തുന്നു.

# കായികരംഗം

നിരവധി കായിക പ്രതിഭകളുള്ള പഞ്ചാ യത്താണ് പെരുങ്കടവിള. ജില്ലാതലം വരെ മത്സരിച്ച് വിജയിച്ചിട്ടുള്ള ഫുട്ബാൾ, ഷട്ടിൽ ടീമുകളും അത്ലറ്റിക്സ് താരങ്ങളും നമ്മുടെ പഞ്ചായത്തി ലുണ്ട്. ഈ രംഗത്തെ പ്രതിഭകളെ കണ്ടെത്തി വേണ്ട പരിപോഷണം നല്കാൻ കഴിഞ്ഞാൽ സംസ്ഥാന നിലവാരമുള്ള കായിക താരങ്ങളെ സംഭാവന ചെയ്യാൻ പഞ്ചായത്തിന് സാധിക്കും. കായിക മത്സരങ്ങൾ സംഘടിപ്പിക്കുവാനോ പരിശീലന ത്തിനോ പര്യാപ്തമായ ഒരു പൊതു കളിസ്ഥലത്തി ന്റേയും ഗ്രാമീണ കായിക പരിശീലന കേന്ദ്രത്തി ന്റേയും അഭാവം കായികരംഗത്തെ തളർത്തുക യാണ്. കായികരംഗത്ത് തത്പരരായ വ്യക്തികളുടെ

സാമ്പത്തിക പിന്നോക്കാവസ്ഥ മറ്റൊരു പരാധീന തയാണ്. ഇവയ്ക്ക് സത്വരമായ പരിഹാരം കണ്ടെത്തിയാൽ മാത്രമേ പെരുങ്കടവിള പഞ്ചായത്തിന്റെ കായികരംഗം വികസിക്കുകയുള്ളു.

# പഞ്ചായത്തിലെ നിലവിലുള്ള സന്നദ്ധ സംഘടനകളും ക്ലബ്ബുകളും.

1. അനാമൃത പ്രസ്ഥാനം
2. പ്രകാശധാര ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, അയിരൂർ.
3. നാട്ടുകൂട്ടം കലാകായിക സംസ്ക്കാരിക സമിതി, തത്തമല
4. പാസ് ക്ലബ്ബ് മാരായമുട്ടം
5. പാസ് ക്ലബ്ബ് ആങ്കോട്, പെരുങ്കടവിള
6. ചുള്ളിയൂർ പൗരസമിതി, ചുള്ളിയൂർ
7. മഹാത്മാഗാന്ധി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് തത്തിയൂർ.
8. തത്തിയൂർ പൗരസമിതി, തത്തിയൂർ
9. ആയയിൽ പൗരസമിതി, ആയയിൽ
10. സൂര്യാ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, അരുവിപ്പുറം.
11. അമർജ്യോതി കലാകായിക സാംസ്ക്കാരിക സമിതി, അരുവിപ്പുറം.
12. മാതൃഭൂമി കലാകായിക സാംസ്ക്കാരിക സമിതി, മരായമുട്ടം.
13. ജനസേവിനി ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, ആലത്തൂർ.
14. പരിവർത്തൻ ക്ലബ്ബ്, തോട്ടവാരം.
15. സരസ് ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്, പെരുങ്കടവിള.
16. അയിരൂർ പൗരസമിതി, അയിരൂർ.
17. പെരുങ്കടവിള പൗരസമിതി, പെരുങ്കടവിള.
18. മുരളീധരൻ നായർമെമ്മോറിയൽ സ്പോർട്ട്സ് ആൻറ് ആർട്സ് ക്ലബ്ബ്, തത്തിയൂർ.
19. ചർക്കാ - ചാരിറ്റബിൾ സൊസൈറ്റി തോട്ടവാരം.

# ഗ്രന്ഥശാലകൾ

1. ഗ്രാമീണ ഗ്രന്ഥശാല പെരുങ്കടവിള
2. കൗമുദി ഗ്രന്ഥശാല മാരായമുട്ടം
3. അനാമൃത ഗ്രന്ഥശാല
4. മരളീധരൻ നായർ മെമ്മോറിയൽ ഗ്രന്ഥശാല - തത്തിയൂർ.
5. ബഞ്ചമിൻ മോളായിസ് ഗ്രന്ഥശാല വാഴാലി.
6. വൈ.എം.എ. ഗ്രന്ഥശാല ആലത്തൂർ.

*സാംസ്ക്കാരികരംഗത്തെ പ്രശ്നങ്ങൾ*

1. വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും സാങ്കേതിക സംവിധാനങ്ങളുടെ കുറവ്.
2. ജനങ്ങളുടെ വായനശീലക്കുറവ്
3. ഗ്രാമത്തിന്റെ സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ.
4. പഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിന്റെ അഭാവം.
5. കലാകായിക രംഗത്തെ വിദഗ്ദ്ധരുടേയും പരിശീലനസ്ഥാപനങ്ങളുടേയും അഭാവം.
6. പൊതു കളിസ്ഥലത്തിന്റെ അഭാവം.
7. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അമിതമായ സ്വാധീനം.
8. കേരളോത്സവം ഓണംസ്പോർട്സ് എന്നീ സർക്കാർ മേളകളുടെ ധൃതിപിടിച്ചുള്ള നടത്തിപ്പ്.
9. സ്ക്കൂൾതലത്തിലെ പ്രോൽസാഹനക്കുറവ്.
10. നാടൻ കലാരൂപങ്ങളെ സംരക്ഷിക്കുവാനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തത.

*നിർദ്ദേശങ്ങൾ*

1. ചരിത്രപ്രധാനമായ അരുവിപ്പുറത്ത് അന്താരാഷ്ട്ര പ്രാധന്യമുള്ള ഒരു സാംസ്ക്കാരിക നിലയവും ചരിത്ര പഠനഗവേഷണ സ്ഥാപനവും സ്ഥപിക്കുകയും സഞ്ചാരികൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

2. നാടൻ കലകളുടെ സംരക്ഷണത്തിന് വേണ്ടി നാടൻ കലാസംരക്ഷണസമിതി സ്ഥാപിക്കുക.

3. ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്ത സ്ഥലങ്ങളിൽ അവസ്ഥാപിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക.

4. വനിതകൾക്കുവേണ്ടി സാമൂഹ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

5. അടുപ്പുകൂട്ടിപ്പാറ, പാണ്ഡവൻപാറ, ചൊക്കൻപാറ എന്നീ ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുക.

6. സാക്ഷരതാ പ്രവർത്തനം സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ശക്തിപ്പെടുത്തുക,

7. വികസന പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുക.

8. ചുള്ളിയൂർ പ്രദേശത്ത് പണ്ട് കാലത്ത് നിലനിന്നിരുന്ന ചാമുണ്ഡിപാട്ടുകൾ കാസറ്റുകളിലാക്കി സംരക്ഷിക്കുക.

9. ഗ്രന്ഥശാലകളുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ട ധനസഹായം നല്കുക.

10. ഓരോവർഷവും പഞ്ചായത്തിന്റെ അൺടൈഡ് ഫണ്ടിൽ നിന്നും കലാകായിക വിദ്യാഭ്യാസ സാംസ്ക്കാരിക പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ ചെലവഴിക്കുവാനായി 25,000 രൂപയെങ്കിലും ബഡ്ജറ്റിൽ വകകൊള്ളിച്ച് ടി പ്രവർത്തനങ്ങൾ നടത്തുക.

11. ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2മുതൽ 31നകം ഗ്രാമതല കേരളോത്സവം സംഘടിപ്പിക്കുകയും കേരളപിറവി ദിനമായ നവംബർ ഒന്നിന് അനുമോദന സമ്മേളനം നടത്തത്തക്കവിധം കേരളോത്സവം നടത്തുവാൻ പഞ്ചായത്ത് നിയമത്തിൽ വ്യവസ്ഥ ചെയ്യുക.

12. സ്വാതന്ത്ര്യദിനാഘോഷം, ഗാന്ധിജയന്തി, കേരളപ്പിറവിദിനം, കേരളോത്സവം, ഓണംസ്പോർട്ട്സ് തുടങ്ങിയ സാംസ്ക്കാരിക പരിപാടികളും മറ്റ് പഞ്ചായത്തുതല വികസനപ്രവർത്തനങ്ങളും കോർത്തിണക്കി വർഷാവർഷം പഞ്ചായത്തുതല പ്രവർത്തന കലണ്ടറുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി നടത്തുക.

13. കലാകായിക സാംസ്ക്കാരിക സന്നദ്ധ സംഘടകളെ ഉൾപ്പെടുത്തികൊണ്ട് പഞ്ചായത്ത് സാംസ്ക്കാരിക വേദി രൂപീകരിക്കുക.

14. പൊതു പരിപാടികൾ സംഘടിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ സ്ഥലം കണ്ടെത്തി ഒരു ഓപ്പൺ എയർ തിയേറ്റർ സ്ഥാപിക്കുക.

15. വടകര-അംഗനവാടിക്കു മുകളിൽ ഗ്രന്ഥശാല നിർമ്മിക്കുക.

16. പഴമല, അരുകോട് ഗ്രന്ഥശാലകൾ സ്ഥാപിക്കുക.

17. പെരുങ്കടവിള ഗ്രാമീണ ഗ്രന്ഥശാലയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുക.

***കലാകായികരംഗത്തെ നിർദ്ദേശങ്ങൾ***

1. കായികരംഗത്തെ പ്രതിഭകൾക്ക് പരിശീലനം നല്കുന്നതിനുവേണ്ടി ഈ രംഗത്തെ വിദഗ്ദ്ധരുടെ സഹകരണത്തോടെ ഒരു പരിശീനകേന്ദ്രം സ്ഥാപിക്കുക.

2. ബ്ലോക്ക്-ജില്ലാ സംസ്ഥാന കേരളോത്സവം ഓണംസ്പോർട്ട്സ് തുടങ്ങിയ സർക്കാർ പരിപാടികളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് ധനസഹായം നല്കുക.

3. ജില്ലയിലെ മികച്ച കായിക ടീമുകൾ പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിലെ കായികവിസകനത്തിനും പരിശീലനത്തിനും വേണ്ടി ഒരു പഞ്ചായത്ത് കളിസ്ഥലം നിർമ്മിക്കുക.

4. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന കായികപ്രതിതഭകൾക്ക് ധനസഹായം നല്കാൻ പാക്കേജ് തയ്യാറാക്കുക.

# നമ്മുടെ പരിസ്ഥിതി

പ്രകൃതിയുടെ നിഗൂഢതകൾ തേടിയുള്ള യാത്ര, മനുഷ്യൻ ആദികാലം മുതലേ തുടങ്ങിയിരുന്നു. വിശ്വപ്രകൃതിയെ കീഴടക്കാനുള്ള ജൈത്രയാത്രയിൽ പ്രകൃതിയുടെ സംതുലിതാവസ്ഥയെ തകിടം മറിക്കുന്ന പ്രവർത്തനങ്ങളിൽ പലകാരണങ്ങളാൽ മനുഷ്യർ വ്യാപൃതരായിട്ടുണ്ട്. വർധിച്ച്വരുന്ന ജലസാന്ദ്രതയും ആധുനിക ജീവിതനിലവാരത്തിലേയ്ക്കുള്ള കുതിച്ച് ചാട്ടവും പരിസ്ഥിതിയെ ബാധിക്കുന്ന ഘടകങ്ങളായി തുടരുകയാണ്, നിലവിലുള്ള സൃഷ്ടികളെ കൂട്ടിയോജിപ്പിക്കുന്നതും വേർപിരിക്കുന്നതും പരിസ്ഥിതി പ്രശേനങ്ങൾക്ക് കാരണമാകുന്നുണ്ട്. വ്യക്തമായ ഭൂമിശാസ്ത്ര പഠനത്തിൻെറ അഭാവം മൂലം കാർഷിക വ്യവസായ മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികളിൽ ചിലതെങ്കിലും പരിസ്ഥിതി പ്രശ്നം സൃഷ്ടിച്ചിട്ടുണ്ട്. നമ്മുടെ തലമുറ നമുക്ക് നല്കിയ പ്രകൃതിയെ വരും തലമുറയ്ക്ക് കഴിയുന്നത്ര കോട്ടങ്ങൾ വരുത്താതെ നല്കുവാൻ നാം ശ്രദ്ധിച്ചില്ലെങ്കിൽ പ്രകൃതിയിൽ മനുഷ്യൻെറ നിലനില്പ് തന്നെ അസാധ്യമായിത്തീരുമെന്നതിൽ സംശയിക്കേണ്ടതില്ല.

ആദ്യകാലങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നം പേമാരിയും വെള്ളപൊക്കവും മണ്ണിടിച്ചിലുമാണെന്ന് കാണാം. കൊല്ലവർഷം 1110-ൽ മലമ്പനി പിടിപെട്ട് കൂട്ടമരണങ്ങൾ സംഭവിച്ചത് ആരോഗ്യപരമായ പരിസ്ഥിതി പ്രശ്നം സൃഷ്ടിച്ചിട്ടുണ്ട്. വ്യാപകമായ വനനശികരണം മൂലം കുന്നിൻ ചരിവുകൾ ധാരാളമുള്ള നമ്മുടെ പ്രദേശത്തെ മേൽ മണ്ണുകളിൽ നല്ലൊരു പങ്ക് ഒലിച്ച് പോയിട്ടുണ്ട്. ഈ അടുത്തകാലത്തായി കുന്നിൽ ചരിവുകളിൽ റബ്ബർ കൃഷി വ്യാപകമായതോടെ മണ്ണൊലിപ്പ് ശമനം വന്നിട്ടുണ്ട്. കുന്നുകളുടെ ചരിവുകളിൽ മഴവെള്ളം തങ്ങിനില്ക്കുവാൻ ഇടയായതു മൂലം സമതലങ്ങളിൽ വെള്ളപൊക്കം നിയന്ത്രിക്കാനും കുന്നിൻ പുറങ്ങളിൽ ഭൂഗർഭ ജലശേഷി വർധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. വാട്ടർഷെഡ് പദ്ധതികൾ വഴി ഇത്തരം പ്രവർത്തനങ്ങൾ നാട്ടിൻെറ നാനാഭാഗത്തെന്നതുപോലെ നമ്മുടെ പ്രദേശങ്ങളിലും നടക്കുന്നത് പ്രതീക്ഷയ്ക്ക് വക നല്കുന്നുണ്ട്.

മണൽ ശേഖരിക്കൽ വ്യാപകമായതു മൂലം നമ്മുടെ പുഴകളുടേയും, തോടുകളുടേയും ജലനിരപ്പ് താഴുകയും ഇരുകരകളും ഇടിഞ്ഞ് താഴുകയും ചെയ്ത്വരുന്നു. ഇതുമൂലം മഴക്കാലത്ത് തോട് ബണ്ടുകൾ മുറിഞ്ഞ് നെൽപാടങ്ങൾ മണ്ണ് മൂടുന്ന അവസ്ഥയുണ്ടാകാറുണ്ട്. വെള്ളത്തിൻെറ ഗതിമാറി ഒഴുകുന്നതുമൂലമുണ്ടാകുന്ന നാശവും കൂടി കണക്കിലെടുത്താൽ ഇതൊരു പ്രധാന പ്രശ്നം തന്നെയാണ്. കുടിവെള്ളത്തിനായി നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം പേരും ആശ്രയിക്കുന്നത് കിണറ്റിലെ ജലത്തെയാണ്. തോടിൻേറയും പുഴയുടേയും ജലനിരപ്പ് താഴുന്നതുമൂലം സമീപപ്രദേശത്തെ കിണറുകളിൽ ജലം ലഭിക്കുന്നതിൻെറ അളവ് കുറഞ്ഞ് വരുകയാണ്. ഇത് കുടിവെള്ള പ്രശ്നം രൂക്ഷമാക്കുന്നു. ചുറ്റുമതിലുകൾ കെട്ടാത്തവയായി ചില കിണറുകളെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ട്. കക്കൂസുകളുടെ അഭാവവും അജ്ഞതയും മൂലം മലമൂത്രവിസർജ്ജനങ്ങൾ തുറസ്സായ സ്ഥലങ്ങളിൽ നടത്തുന്നതം മഴക്കാലത്ത് ആരോഗ്യപരമായ പരിസ്ഥിതി പ്രശ്നങ്ങൾ നമ്മുടെ പ്രദേശത്ത് സൃഷ്ടിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിനും, സമീപ പഞ്ചായത്തുകൾക്കും നിലവിലുള്ള ശുദ്ധജല പദ്ധതികൾക്കുള്ള ജലം നെയ്യാറിൽ നിന്നാണ് ശേഖരിക്കുന്നത്. ചിറ്റാറിലും മറ്റ് തോടുകളിലും നിന്ന് ജലം പൊതുവേ കുടിക്കാൻ എടുക്കുന്നി

ല്ലെങ്കിലും മറ്റ് പല ആവശ്യങ്ങൾക്കും വ്യക്തികൾ ഉപയോഗിക്കുന്നുണ്ട്. ടി പുഴകളിൽ കോഴി, പട്ടി തുടങ്ങിയ വളർത്തു ജന്തുക്കളുടെ ശവശരീരങ്ങൾ ഒഴുക്കി വിടുന്ന പ്രവണതയും ചാരായ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള അവശിഷ്ടങ്ങൾ ഒഴുക്കുന്ന പ്രവണതയും അറപ്പും, വെറുപ്പും ഉളവാക്കുന്നതോടൊപ്പം രോഗങ്ങൾ ക്ഷണിച്ചു വരുത്തുകയും ചെയ്യുന്നു.

ആധുനിക യന്ത്രസാമഗ്രികളും സ്പോടക വസ്തുക്കളും ഉപയോഗിച്ചുള്ള വ്യാപകമായ പാറ പ്പൊട്ടികൽ പരിസര പ്രദേശത്തെ ഭവനങ്ങൾക്കും മനുഷ്യജീവനും ഭീഷണിയായി മാറിക്കൊണ്ടിരിക്കു കയാണ്. കൂറ്റൻ യന്ത്രങ്ങളും മറ്റ് വാഹനങ്ങളും നമ്മുടെ പഞ്ചായത്തിലെ ഇടുങ്ങിയ റോഡുക ളിലൂടെ ഓടുന്നതുമൂലം റോഡുകൾക്കും നിലവി ലുള്ള പാലങ്ങൾക്കും കേട്പാടുകൾ സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ഒറ്റകെട്ടായി ഗ്രാമസഭകളിൽ ജനങ്ങൾ ഇതിനെതിരെ ശബ്ദമുയർത്തുകയുണ്ടാ യിട്ടുണ്ട്. കൂറ്റൻ യന്ത്രങ്ങളുടെ രാത്രിയും പകലുമുള്ള ശബ്ദകോലാഹലങ്ങളും പുക പടലങ്ങളും ശബ്ദമലിനീകരണവും വായു മലിനീ കരണവും പ്രസ്തുത പ്രദേശങ്ങളിൽ ഉളവാക്കുന്നുണ്ട്.

പഞ്ചായത്തിലെ പ്രധാന റോഡായ അമരവിള ഒറ്റശേഖരമംഗലം റോഡിൽ മാരായമുട്ടം പെരുങ്കടവിള ജംഗ്ഷനുകൾ മഴക്കാലത്ത് സൈഡ് ഓടകളുടെ ആസൂത്രണ പിഴവുമൂലം വെള്ള പൊക്കം ഉണ്ടായി മണ്ണ് നിറയുന്നത് ഗതാഗത സൗകര്യത്തിനും കാൽ നടക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന പ്രശ്നമായി അവശേഷിക്കുന്നു. അയിരൂർ ജംഗ്ഷനിലും, മാരായമുട്ടം, അരുവിപ്പുറം റോഡിൽ എസ്.എൻ നഗർ ഭാഗത്തും ആവശ്യത്തിനുള്ള ഓടനിർമിക്കാത്തതുമൂലം മഴക്കാലത്ത് റോഡിൽ മണ്ണ് നിറയുക പതിവാണ്. നീരുറവകൾ സംരക്ഷിക്കപെടേണ്ടതാണെങ്കിലും ചില വ്യക്തികളുടെ നേതൃത്വത്തിൽ പഞ്ചായത്ത് പ്രദേശത്തെ ചില കുളങ്ങൾ നികത്തി കൃഷിയിടങ്ങളായി മാറ്റിയിട്ടുണ്ട്. തോടുകൾ ചിലതിനെ റോഡുകളാക്കി മാറ്റിയത് മഴക്കാലത്ത് ചില പ്രശ്നങ്ങൾ സൃഷ്ടിക്കാതെയല്ല.

റബ്ബർ കൃഷി വ്യാപകമായതോടെ കരിച്ചപോലുള്ള ചില പ്രാണികളുടെ ശല്യം ചില പ്രദേശങ്ങളിലുണ്ടായിട്ടുണ്ട്. റബ്ബർഷീറ്റ് നിർമ്മാണ കേന്ദ്രങ്ങളിൽ നിന്ന് പുറത്തേയ്ക്ക് വരുന്ന ദുർഗന്ധം വമിക്കുന്ന പുതിയ പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുന്നതായി ഗ്രാമസഭകളിൽ പൊന്തി വന്നിട്ടുണ്ട്. പ്രധാന മാർക്കറ്റായ മാരായമുട്ടം മാർക്കറ്റിൽ ചപ്പ് ചവറുകൾ കെട്ടികിടക്കുന്ന തുമൂലവും ഓടകൾ ഉപയോഗപ്രദമായി സംരക്ഷിക്കാത്തതു മൂലവും ടി സ്ഥലം പലപ്പോഴും അനാരോഗ്യകരമായ പരിസ്ഥിതിയിലാണ് ഉപയോഗിക്കുന്നത്. പ്രധാന സ്ക്കൂളായ മാരായമുട്ടം ഹൈസ്ക്കൂളിൽ ഭക്ഷണം കഴിച്ചതിന് ശേഷമുള്ള അവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതും മറവ് ചെയ്യാതെ കുന്ന് കൂട്ടി ഇട്ടിരിക്കുന്നതും സ്ക്കൂൾ അന്തരീക്ഷത്തിന് ദുർഗന്ധം വമിക്കുന്നു. പഠന പരിസ്ഥിതിയെ ഇത് പ്രതികൂലമായി ബാധിക്കുന്നു. സാധാരണ ക്കാരുടെ ആധുരാലയമായ നമ്മുടെ പെരുങ്കടവിള ആശുപത്രി വേണ്ടത്ര കക്കൂസുകളും ശുദ്ധജലവും ലഭിക്കാത്തതുമൂലം ഉണ്ടാകുന്ന പ്രതിസന്ധി ഒരു രോഗമായി എത്തുന്ന വ്യക്തിയ്ക്ക് മറ്റൊരു രോഗവുമായി സ്ഥലം വിടേണ്ട ഗതികേടിൽ എത്തിക്കുന്നുണ്ട്. ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടത് അത്യാന്താപേക്ഷി തമാണ്. നമ്മുടെ കർത്തവ്യമാണ്.

*നിർദ്ദേശങ്ങൾ*

1. സ്വയം വൃത്തിയായത് കൊണ്ടുമാത്രം ഗുണമില്ല പരിസരവും വൃത്തിയായി സൂക്ഷിക്കുക എന്ന സന്ദേശം ജനഹൃദയ ങ്ങളിലെത്തിക്കുക. പരസ്യബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുക.
2. പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ജിവിതം നയിക്കുക.
3. ജനസംഖ്യാ വിസ്പോടനം തടയുക.
4. ഭൂമിശാസ്ത്രപരമായ സമഗ്രപഠനങ്ങൾക്കു ശേഷം മാത്രം പദ്ധതികൾ നടപ്പിലാക്കുക.

5. ജൈവ വളപ്രയോഗം വ്യാപകമാക്കുക.

6. മണ്ണിടിച്ചിൽ തടയുക. ബണ്ടുകൾ നിർമ്മിച്ച് വെള്ളപൊംക്കം നിയന്ത്രിക്കുക.

7. വാട്ടർഷെഡ് പദ്ധതി വ്യാപിപ്പിക്കുക.

8. സന്നദ്ധസംഘടനവഴി സാമൂഹ്യ വന വല്ക്കരണം ശക്തിപ്പെടുത്തുക.

9. ജൂൺ-5 ലോകപരിസ്ഥിതി ദിനമായി ആചരിക്കുക.

10. സന്നദ്ധസംഘടനകളുടെ സഹകരണ ത്തോടെ പരിസ്ഥിതി ബോധവല്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക.

11. തുറസായ സ്ഥലങ്ങൾ മലമൂത്ര വിസർജ്ജനം നടത്താതിരിക്കുക.

12. ആവശ്യാനുസൃതം കക്കൂസുകൾ സ്ഥാപി ക്കുക.

13. പ്ലാസ്റ്റിക്കിൻെറ ഉപയോഗം കുറക്കുക.

14. പുഴകളിൽ നിന്നുള്ള മണൽ ശേഖരിക്കൽ നിയന്ത്രിക്കുക. പാറപൊടി പോലുള്ളവ ഉപയോഗിക്കുക.

15. മാരായമുട്ടം ഹൈസ്ക്കൂളിലും പെരുങ്കട വിള ആശുപത്രിയിലും മറ്റ് ആവശ്യമുള്ള സ്ഥലങ്ങളിലും മാലിന്യങ്ങൾ ശേഖരി ക്കുന്നതിനുള്ള ബോക്സുകൾ സ്ഥാപി ക്കുകയും യഥാകാലം നീക്കം ചെയ്യുവാ നുമുള്ള നടപടി സ്വീകരിക്കുകയും ചെയ്യുക.

16. വ്യാപകമായ പാറപൊട്ടിക്കൽ നിയന്ത്രി ക്കുക.

17. സ്ഫോടകവസ്തുക്കൾ ഉപയോഗിക്കുന്ന ചെറുകിട വൻകിട വ്യവസായ ശാലകൾ ജനവാസം ഇല്ലാത്ത സ്ഥലത്ത് മാത്രം അനുവദിക്കുക.

18. മാരായമുട്ടം ചന്തയിൽ ചപ്പുചവറുകൾ കമ്പോസറ്റുവളമാക്കി മാറ്റുവാൻ വേണ്ട നടപടി കൈകൊള്ളുക. ഓടകൾ വൃത്തി യാക്കുക.

19. എല്ലാ സർക്കാർ അർദ്ധസർക്കാർ സ്ഥാപന ങ്ങളിലും പൊതു സ്ഥലങ്ങൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിലും പുകവലി നിരോധിക്കുക.

20. പെരുങ്കടവിള ജംഗ്ഷനിൽ കാരക്കോണം റോഡിൽ കുറുകെ കലുങ്ക് നിർമ്മിച്ച് ബ്ലോക്ക് ആഫീസ് പരിസരത്ത് നിന്നും വരുന്ന മഴവെള്ളം വടക്കോട്ട് ഒഴുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

21. മാരായമുട്ടം മാർക്കറ്റ് നടയിൽ അരുവിപ്പുറം റോഡിനടി ഭാഗത്തുകൂടെ മഴവെള്ളം സുഗമമായി പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

22. അരുവിപ്പുറം മാരായമുട്ടം റോഡിൽ എസ്സൻ നഗർ ഭാഗത്തും അയിരൂർ ജംഗ്ഷ നിലും റോഡ് സൈഡിൽ ഓടകൾ നിർമ്മി ക്കുക.

23. നീരുറവകൾ സംരക്ഷിക്കുക.

24. റബ്ബർഷീറ്റ് നിർമ്മാണ കേന്ദ്രങ്ങളിൽ നിന്നും പുറത്തേക്ക് വരുന്ന ദുർഗന്ധം വമിക്കുന്ന ജലം ഉപയോഗിച്ച് ഗ്യാസ് പ്ലാൻേറുകൾ പ്രവർത്തിപ്പിക്കുക.

# സാമൂഹ്യക്ഷേമം

മലയോര പഞ്ചായത്തായ പെരുങ്കടവിളയിലെ 70% ജനങ്ങളും ദാരിദ്രരേഖയ്ക്ക് താഴെ ജീവിക്കുന്നവരാണ്. അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സാമ്പത്തികശേഷി ഭൂരിഭാഗം ജനതയ്ക്കുമില്ല. തൊഴിൽ ശാലകൾ അപൂർവ്വമാണ്. പ്രധാനതൊഴിൽ മേഖല കാർഷിക മേഖലയാണ്. ദാർഘവിളകളുടെ വരവോടെ ഈ രംഗത്ത് തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടു. ജീവിതത്തിൻെറ ഭൂരിഭാഗവും കൃഷിഭൂമിയിൽ അധ്വാനിച്ച് വാർദ്ധ്യക്യത്തിൻെറ പിടിയിലകപ്പെട്ട് കഴിയുന്ന അർഹതപ്പെട്ട അനുകൂല്യം ലഭിക്കാത്ത ഒട്ടനവധി വ്യക്തികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വിവിധ ഇനം പെൻഷൻ പദ്ധതികൾ നിലവിലുണ്ടെങ്കിലും അർഹരായ എല്ലാവർക്കും അത് ലഭിച്ചിട്ടില്ല. ദരിദ്രജനവിഭാഗങ്ങളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഒട്ടനവധി ക്ഷേമപദ്ധതികൾ സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ നടക്കുന്നുണ്ടെങ്കിലും അതിൻെറ പ്രയോജനം ലഭിക്കാത്ത ധാരാളം കുടുംബങ്ങളുണ്ട്. സ്വാധീനശക്തി ഉപയോഗിച്ച് പാവപ്പെട്ടവർക്കുവേണ്ടിയുള്ള സർക്കാർ ആനുകൂല്യം തട്ടിയെടുത്ത ചരിത്രവും ഈ പഞ്ചായത്തിലുണ്ട്. അധ്വാനശക്തി കൈമുതലായുള്ള അടിസ്ഥാന വർഗത്തിൻെറ അവകാശങ്ങൾ നിഷേധിക്കുന്ന സാഹചര്യം ഇനിയാവർത്തിക്കാതിരിക്കണം. പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ നിലവിൽ വന്ന ഗ്രാമസഭകൾ ഗ്രാമീണർക്ക് ഒരാശ്വാസമായി മാറുമെന്ന കാര്യത്തിതൽ സംശയമില്ല.

ദാരിദ്രനിർമാർജനത്തിൻെറ ഭാഗമായി 2 ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകളാണ് പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നത്. കോരാമാറ്റ് കസ്തൂർബാ യൂണിറ്റും, അരുവിപ്പുറം ശ്രീനാരായണ വിവിംഗ് സെൻററും. ഇതിൽ അരുവിപ്പുറം വാർഡിൽ ആയയിൽ ഒടുക്കത്തുള്ള വിവിംഗ് സെൻറർ മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളൂ. നിർധനരായ 10 കുടുംബങ്ങളിലെ സ്ത്രീകൾക്ക് ഇതൊരു അനുഗ്രഹമായി തീർന്നിട്ടുണ്ട്. ട്രൈസം പരിപാടിയുടെ അച്ചാർ നിർമാണത്തിൽ 14 പേർക്ക് ഈ പഞ്ചായത്തിൽ പരിശീലനം ലഭിച്ചിട്ടുണ്ട്.

പാവപ്പെട്ടവർക്ക് കക്കൂസ് നിർമ്മിച്ച് നല്കുക, ഹരിജനങ്ങളായവർക്ക് വീട് നിർമ്മിക്കാൻ ധനസഹായം നല്കുക. തുടങ്ങിയ ക്ഷേമപദ്ധതികൾ പഞ്ചായത്തിൽ നടന്ന് വരുന്നു. വാർദ്ധ്യക്യ പെൻഷൻ, കർഷകപെൻഷൻ, വിധവാപെൻഷൻ, വികലാംഗപെൻഷൻ. തൊഴിലില്ലായ്മ വേതനം തുടങ്ങിയവയിലൂടെ 386 പേർക്ക് ധനസഹായം ലഭിക്കുന്നുണ്ട്.

ഐ.ആർ.ഡി.പി. സർവ്വേപ്രകാരം
ദരിദ്രരേഖയ്ക്ക് താഴെ ഉള്ളവരുടെ വിവരം.

| ക്രമനമ്പർ | വാർഡിൻെറ പേര് | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്.സി.എസ്.റ്റി. കുടുംബങ്ങൾ |
|---|---|---|---|
| 1. | ആങ്കോട് | 327 | 21 |
| 2. | പെരുങ്കടവിള | 258 | 37 |
| 3. | അയിരൂർ | 312 | 16 |
| 4. | അരുവിപ്പുറം | 297 | 9 |
| 5. | മാരായമുട്ടം | 254 | 27 |
| 6. | വടകര | 286 | 24 |
| 7. | തത്തിയൂർ | 293 | 29 |
| 8. | ചുള്ളിയൂർ | 289 | 46 |
| 9. | ആലത്തൂർ | 203 | 3 |
| 10 | പാൽകുളങ്ങര | 137 | 20 |
| | ആകെ | 2656 | 232 |

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം
ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| ക്രമനമ്പർ | വാർഡിന്റെ പേര് | വീട് ആവശ്യമുള്ളകുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1. | ആങ്കോട് | 140 |
| 2. | പെരുങ്കടവിള | 124 |
| 3. | അയിരൂർ | 163 |
| 4. | അരുവിപ്പുറം | 132 |
| 5. | മാരായമുട്ടം | 137 |
| 6. | വടകര | 122 |
| 7. | തത്തിയൂർ | 142 |
| 8. | ചുള്ളിയൂർ | 131 |
| 9. | ആലത്തൂർ | 97 |
| 10. | പാൽകുളങ്ങര | 64 |
| | ആകെ. | 1252 |

*പ്രശ്നങ്ങൾ*

1. അർഹരായ പലർക്കും പെൻഷൻ ലഭിക്കുന്നില്ല.
2. പെൻഷൻ കൃത്യസമയത്ത് ലഭിക്കുന്നില്ല.
3. വില്ലേജ് ആഫീസിന്റെ പ്രവർത്തനം തൃപ്തികരമല്ല.
4. പെൻഷൻ തുക അപര്യാപ്തമാണ്.
5. ആങ്കോട് പെരുങ്കടവിള അംഗൻവാടികൾക്ക് സ്വന്തം കെട്ടിടമില്ല.
6. ഐ.ആർ.ഡി.പി. ലിസ്റ്റിലെ ക്രമക്കേടുകൾ.
7. അംഗൻവാടികളിൽ കളിക്കോപ്പുകളില്ല.
8. മാവേലിസ്റ്റോറിന്റെ അഭാവം.
9. ക്ഷേമപദ്ധതികളെക്കുറിച്ച് അറിവില്ലായ്മ.

*നിർദ്ദേശങ്ങൾ*

1. പെൻഷനുകളുടെ തുക വർദ്ധിപ്പിക്കുക.
2. തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുക.
3. കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുക.
4. അംഗൻവാടികളുടെ പ്രവർത്തനം വിലയിരുത്താൻ ജനകീയസമിതികൾ ശക്തിപ്പെടുത്തുക.
5. വാർദ്ധക്യകാല പെൻഷൻ അർഹരായ എല്ലാപേർക്കും നൽകുക.
6. ദരിദ്രരുടെ ആനുകൂല്യം സമ്പന്നർ തട്ടിയെടുക്കുന്നത് തടയുക.
7. ഓരോ വാർഡിലും ഓരോ ഡി ഡബ്ല്യൂ സി ആർ എ യൂണിറ്റ് സ്ഥാപിക്കുക.
8. കാര്യക്ഷമമായി പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ധനസഹായം ലഭ്യമാക്കുക.
9. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിച്ച് നൽകുക.
10. ഒൻപതാം പദ്ധതിയിൽ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക.
11. വില്ലേജ് ഓഫീസിൽ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
12. കർഷകതൊഴിലാളി ക്ഷേമനിധി, കർഷകതൊഴിലാളി പെൻഷൻ എന്നിവയുടെ ഇടപാടുകൾ പഞ്ചായത്തുകളിൽ കൂടിയാക്കുക.
13. ക്ഷേമപദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നൽകുക.
14. വില്ലേജ് ഗ്രാമസഭകൾ ശക്തിപ്പെടുത്തുക.
15. സബ്‌രജിസ്റ്റർ ഓഫീസിന് കെട്ടിടം നിർമ്മിക്കുക.
16. മാവേലിസ്റ്റോർ ആരംഭിക്കുക.

# വനിത

പെരുങ്കടവിള പഞ്ചായത്തിലെ വനിതകളിൽ ഭൂരിപക്ഷവും ഗാർഹിക ജോലികളിൽ വ്യാപൃതരായി കഴിയുന്നവരാണ്. ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകൾക്ക് സ്വന്തമായി വരുമാനം ഉണ്ടാക്കാവുന്ന പദ്ധതികൾ പഞ്ചായത്തിൽ വിരളമാണ്. കേരള സർക്കാർ നടപ്പിലാക്കിയ സാക്ഷരതാ പരിപാടിയിലൂടെ പെരുങ്കടവിള പഞ്ചായത്തിലെ 90% നിരക്ഷരരായ വനിതകളും എഴുതുവാനും വായിക്കുവാനും പഠിച്ചിട്ടുണ്ട്. ഈ സംരംഭത്തോടെയാണ് ഏതാനും വനിതകൾ പൊതു പ്രവർത്തന രംഗത്തേക്ക് പ്രവേശിച്ചത്. എങ്കിലും വിദ്യാസമ്പന്നരായ ഒട്ടനവധി വനിതകൾ പൊതു പ്രവർത്തനവുമായി ബന്ധപ്പെടാതെ വേറിട്ടു നില്ക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ തൊഴിൽ ചെയ്യുന്ന വനിതകൾ ധാരാളമുണ്ട്. റബ്ബർ ടാപ്പിംഗ്, നെയ്ത്ത്, തയ്യൽ കരകൗശല വസ്തുനിർമ്മാണം, ഞാറ് നടീൽ, കളയെടുക്കൽ, ഓല മെടയൽ, കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ, ചല്ലിയടി, വട്ടി, കുട്ട നിർമ്മാണം എന്നിവയാണ് വനിതകൾ ഏർപ്പെട്ടിരിക്കുന്ന പ്രധാന തൊഴിലുകൾ. ഒരേ ജോലിക്ക് തുല്യവേതനം എന്ന തത്വം പഞ്ചായത്തിൻെറ ചില രംഗങ്ങളിലെങ്കിലും അംഗീകരിച്ചിട്ടില്ല. കുടുംബങ്ങളിൽ പുരുഷമേധാവിത്വം നിലനില്ക്കുന്നതായിട്ടാണ് പൊതുവേ കാണുന്നത്. സ്ത്രീകൾക്ക് തുറന്ന അഭിപ്രായം പറയുന്നതിനും പൊതുരംഗത്തേക്കുള്ള പ്രവേശനത്തിനും ചില കുടുംബങ്ങളിൽ പുരുഷൻ ഒരു പ്രതിബന്ധമായി നിൽക്കുകയാണ്. സ്ത്രീകൾ അദ്ധ്വാനിച്ച് കുടുംബം പോറ്റുന്ന [illegible] കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. വ്യാജവാറ്റും, മദ്യപാനവുംമൂലം ദുരിതങ്ങളും പീഢനങ്ങളും അനുഭവിക്കുന്നവരും, സാമ്പത്തിക പരാധീനത് മൂലം കടപ്പെട്ടിരിക്കുന്നവരുമായ സ്ത്രീകൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്.

പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തി സ്ത്രീകൾക്ക് 33% സീറ്റുകൾ സംവരണം ചെയ്തതിലൂടെ നാളിതുവരെ പുരുഷൻമാർ മാത്രം കൈകാര്യം ചെയ്തുകൊണ്ടിരുന്ന അധികാരങ്ങൾ സ്ത്രീകൾക്കും കൂടി പങ്കുവെച്ചപ്പോൾ അവർക്ക് ആത്മവിശ്വാസവും സുരക്ഷിതത്വബോധവും കൈവന്നിരിക്കുയാണ്. പെരുങ്കടവിള പഞ്ചായത്തിലെ 10 വാർഡുകളിൽ 5ഉം വനിതകളാണ്. സ്ത്രീകൾ നേതൃത്വം നല്കുന്ന സംഘടനകൾ പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും ഇല്ല. അസംഘടിതരായ സ്ത്രീകളെ സംഘടിപ്പിക്കുതിനുള്ള ബഹുമുഖങ്ങളായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടത് കാലഘട്ടത്തിൻെറ അനിവാര്യതയാണ്.

***പെരുങ്കടവിള പഞ്ചായത്തതിൽ സ്ത്രീകൾ നേതൃത്വം നല്കുന്ന സംഘടനകളും തൊഴിൽ ശാലകളും.***

1. രശ്മി മഹിളാ സമാജം പെരുങ്കടവിള
2. എൻ.ഇ.എസ്. വനിത സമാജം -പെരുങ്കടവിള
3. മമത വ്യവസായ സഹകരണസംഘം പെരുങ്കടവിള
4. അയിരൂർ വനിതക്ഷേമ കേന്ദ്രം അയിരൂർ
5. രമ്യകോരപ്പായ് നെയ്ത്തു സെൻറർ അയിരൂർ
6. കസ്തൂർബാ മഹിളാ സമാജം അയിരൂർ
7. ഹരിജൻ നെയ്ത്ത് സഹകരണസംഘം ആങ്കോട്
8. ശ്രീനാരായണ ഡി.ഡബ്ല്യു.സി.ആർ.എ. വീവിംഗ് സെൻറർ - ആയയിൽ
9. അന്ത്യോദയ വനിതാ പ്രസ്ഥാനം

അരുവിപ്പുറം

10. വനിത വ്യവസായ സഹകരണസംഘം അരുവിപ്പുറം

11. ജയഭാരത് മഹിളാ സമാജം - തത്തിയൂർ

12. ഗാന്ധി മെമ്മോറിയൽ മഹിളാ സമാജം തോട്ടവാരം

13. കൃഷ്ണമഹിളാ സമാജം - തത്തിയൂർ

14. എൻ.എസ്.എസ്. മഹിളാ സമാജം തത്തിയൂർ

15. ചിത്രാ ഹരിജൻ മഹിളാ സമാജം തത്തിയൂർ

*പ്രശ്നങ്ങൾ*

1. സ്ത്രീധന പീഡനം

2. പൊതു പ്രവർത്തനരംഗത്ത് വനിതകളുടെ പങ്കാളിത്തകുറവ്.

3. മദ്യപാനികളായ ഭർത്താക്കന്മാരിൽ നിന്ന് സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന പീഡനങ്ങൾ.

4. വനിതാ തൊഴിൽ സംരംഭങ്ങളുടെ അഭാവം.

5. കുറഞ്ഞ വായനാശീലം

6. ഒരേ ജോലിക്ക് സ്ത്രീക്കും പുരുഷനും വ്യത്യസ്ഥ വേതനം

7. വനിതാ തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ അഭാവം.

8. വൃദ്ധസദനങ്ങളുടെ അഭാവം.

9. സ്ത്രീകളുടെ അന്ധവിശ്വാസം.

10. സ്ത്രീകൾക്കനുഭവിക്കേണ്ടിവരുന്ന ജോലി ഭാരം.

*പരിഹാരങ്ങൾ*

1. എല്ലാ വാർഡിലും വനിതാ തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുക.

2. വനിതകൾക്കുവേണ്ടി റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കുക.

3. വനിതാസമാജങ്ങളും സഹകരണ സംഘവും സ്ഥാപിക്കുക.

4. പഞ്ചായത്തിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

5. സഹകരണസംഘങ്ങളിൽ നിന്നും വനിതകൾക്ക് വായ്പകൾ അനുവദിക്കുക.

6. നിരർദ്ധനരായ സ്ത്രീകൾക്ക് സാമ്പത്തിക സഹായപദ്ധതികൾ ആവിഷ്ക്കരിക്കുക.

7. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

8. വനിതകൾക്ക് സാമൂഹ്യബോധവത്ക്കരണ ക്ലാസ്സുകൾ നല്കുക.

9. സ്ത്രീകളുടെ തൊഴിൽ സംരംഭങ്ങൾക്ക് വായ്പാ സബ്സിഡി നല്കുക.

10. പഞ്ചായത്ത് തലത്തിൽ വനിതാ കമ്മീഷൻ രൂപീകരിക്കുക.

11. സ്ത്രീ സാക്ഷരത ശക്തിപ്പെടുത്തുക.

12. സ്ത്രീധന പീഡനങ്ങൾ തടയുക.

13. അടുക്കള പച്ചക്കറി-കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാൻ സ്ത്രീകൾക്ക് ധനസഹായം നല്കുക.

14. സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിലേക്കായി ബോധവല്ക്കരണം നടത്തുക.

15. മഹിളാ സമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ മഹിളാ സമാജം സ്ഥാപിക്കുക.

# പട്ടിക ജാതി പട്ടികവർഗ്ഗക്ഷേമം

പെരുങ്കടവിള പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 5% പട്ടികജാതിക്കാരാണ്. പട്ടിക വർഗ്ഗക്കാർ പഞ്ചായത്തിൽ വിരളമാണ്. മണലുവിള, കരിമ്പുവിളക്കുഴി, കോണത്തു വിളാകം, പെരുവമ്മൂല, പെരുമ്പാലൂർ, മണ്ണറക്കോണം, പനയക്കോട്ടുകോണം, കിഴക്കേഭാഗം, വലിയപറമ്പ്, വെള്ളിക്കുഴി, മാരായമുട്ടം, ചുള്ളിയൂർ, പാൽക്കുളങ്ങര, മാറാക്കുഴി, പഴമല എന്നീ സ്ഥലങ്ങളിലാണ് ഹരിജനങ്ങൾ പ്രധാനമായും താമസിക്കുന്നത്. അയ്യനവർ, സാമ്പവർ, ചേരമർ അഥവാ പുലയർ, പറയർ മണ്ണാൻ, പാണൻ എന്നീ വിഭാഗങ്ങളാണ് ഈ പഞ്ചായത്തിൽ താമസിക്കുന്നത്. തമിഴ്നാട്ടിലെ സാമുദായിക ലഹളയെ തുടർന്ന് അമ്പൂർ, വെല്ലൂർ പ്രദേശങ്ങളിൽ നിന്നും തെക്കൻ മലമ്പാതകൾ വഴി കേരളത്തിൽ എത്തിച്ചേർന്നവരാണ് ഇവിടത്തെ അയ്യനവർ. അവരുടെ ഭാഷ ചെന്തമിഴായിരുന്നു.

നൂറ് വർഷങ്ങൾക്ക് മുമ്പ് പട്ടികജാതിക്കാരുടെ ജീവിത നിലവാരം വളരെ ശോചനീയമായിരുന്നു. ജന്മിയുടെ പുരയിടത്തിൽ പൊന്നു വിളയിച്ചിരുന്ന ഇവർക്ക് സ്വന്തമായി ഭൂമിയും കിടപ്പാടവും ഇല്ലായിരുന്നു. പുരയിടങ്ങളുടെ ഒരു മൂലയിൽ ചെറുമാടങ്ങൾ കെട്ടി വിള ഭൂമിയുടെ കാവൽക്കാരായി ജീവിച്ചിരുന്നു. പകലന്തിയോളം പാടങ്ങളിൽ പണിയെടുത്തിരുന്ന ഇവർക്ക് കൂലിയായി ജന്മിമാർ നിശ്ചയിക്കുന്ന അളവിൽ തുഛമായ ഉല്പന്നങ്ങളാണ് നല്കിയിരുന്നത്. സാമ്പത്തികമായി വളരെ പിന്നിലായിരുന്ന ഇവർക്ക് സാമൂഹിക അംഗീകാരം നൽകാൻ മേലാളൻമാർ എന്നു ധരിച്ചു നടന്നിരുന്ന ന്യൂനപക്ഷം തയ്യാറായില്ല. ജാതി പറഞ്ഞ് പരിഹസിക്കുന്ന രീതിയും പണ്ട് ഇവിടെ ഉണ്ടായിരുന്നു. വിദ്യാലയങ്ങളിലും ചായക്കടകളിലും ബാർബർ ഷാപ്പുകളിലും ഇവർക്ക് പ്രവേശനം നിഷേധിച്ചിരുന്നു. ഈ അവകാശ നിഷേധത്തിനെതിരെ കൊല്ലവർഷം 90-ാം മാണ്ടിൽ സങ്കല്പ ജാതിയുടെ പേരിൽ ഒരു സംഘട്ടനം ചുള്ളിയൂർ കേന്ദ്രമാക്കി നടന്നിട്ടുണ്ട്. ഇതിനെ 90-ാം മാണ്ട് ലഹള എന്നാണ് അറിയപ്പെടുന്നത്.

ഉണ്ണാനും, ഉടുക്കാനും, ഉറങ്ങാനും വേണ്ടി മാത്രം അവസരം ലഭിച്ചാൽ അതാണ് ജീവിതമെന്ന് കരുതി ജീവിച്ചവരാണ് പഴയകാലത്തെ പട്ടികജാതിക്കാരിൽ ഭൂരിപക്ഷവും. അവകാശങ്ങളും അധികാരങ്ങളും ചോദിച്ചു വാങ്ങുവാനുള്ള അറിവോ സംഘബോധമോ ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസ കാര്യത്തിലും ഇവർ തീരെ താല്പര്യം പ്രകടിപ്പിച്ചിരുന്നില്ല.

വീടുകൾ നിർമ്മിച്ചിരുന്നത് ഓലയും ചെളിയും മരക്കമ്പുകളും കൊണ്ടായിരുന്നു. ഞാറ്റുപാട്ടുകൾ പാടി വയലേലകളിൽ ഉൽസാഹത്തോടെ ഇവർ പണിയെടുക്കുമായിരുന്നു. കുടുംബങ്ങളിൽ പുരഷമേധാവിത്വം നിലനിന്നിരുന്നു. സ്ത്രീകൾ കാതിൽ തോടകളും മൂക്ക് കുത്തിയും മാലയും ആഭരണങ്ങളായി ധരിച്ചിരുന്നു. സ്ത്രീകൾക്ക് ചേലയും പുരുഷൻമാർക്ക് മുണ്ടുമായിരുന്നു പ്രധാന വസ്ത്രങ്ങൾ.

ആദ്യകാലത്ത് ഹിന്ദുക്കളായിരുന്ന ഇവർ യൂറോപ്യൻമാരുടെ വരവോടെ ക്രിസ്ത്യീയ മത വിശ്വാസികളായി തീർന്നു. പിൽക്കാലത്ത് ഇവർ ഹിന്ദുമതം തന്നെ സ്വീകരിച്ചു. ക്രിസ്ത്യൻ മിഷനറിമാർ പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിച്ചപ്പോൾ പട്ടികജാതിക്കാർക്ക് വിദ്യാഭ്യാസം ചെയ്യുവാനുള്ള സാഹചര്യം ഉണ്ടായി. ഇതോടെ സാമൂഹ്യ സാംസ്ക്കരിക വിദ്യാഭ്യാസ രംഗങ്ങളിൽ പട്ടിക ജാതിക്കാർ ചരിത്രപരമായ ഒരു മുന്നേറ്റം തന്നെ നടത്തുകയുണ്ടായി. വിദ്യാഭ്യാസപരമായി പുരോഗതി പ്രാപിച്ച ഇവർക്ക് അവകാശങ്ങൾക്ക് വേണ്ടി പോരാടാൻ 1947-ൽ അയ്യനവർ മഹാജനസംഘം കേരള സംസ്ഥാലത്ത് രൂപം കൊണ്ടപ്പോൾ അതിൻെറ ഒരു ശാഖ പെരുങ്കടവിള പഞ്ചായത്തിലും പ്രവർത്തനം ആരംഭിച്ചു. 1957-ൽ ശ്രീ. ഇ.എം.

ശങ്കരൻനമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രി സഭ കേരളത്തിൽ അധികാരത്തിൽ വന്നപ്പോൾ നടത്തിയ സാമൂഹ്യ പരിഷ്ക്കാര നടപടികളുടെ ഭാഗമായി മറ്റ് സമുദായങ്ങളോടൊപ്പം ഉയർന്ന് ജീവിക്കുവാൻ അവസരമുണ്ടായി.

പഞ്ചായത്തിൽ നടപ്പിലാക്കിയ സാക്ഷരതാ പരിപാടിയുടെ ഫലമായി ഇവരിൽ 90% പേരും സാക്ഷരരായി. പട്ടിക ജാതിക്കാർ നേതൃത്വം നല്കുന്ന ബഹുജന സംഘടനകൾ, കക്ഷി രാഷ്ട്രീയ പാർട്ടികൾ സന്നദ്ധ സംഘടനകൾ, സഹകരണ സംഘങ്ങൾ തുടങ്ങിയവ ഇപ്പോൾ നിലവിലുണ്ട്. പഞ്ചായത്തു തെരെഞ്ഞെടുപ്പുകളിൽ ജനറൽ സീറ്റുകളിൽ പോലും പട്ടികജാതിക്കാരായ കക്ഷി രാഷ്ട്രീയ പ്രമുഖരായ വ്യക്തികളെ മത്സരിപ്പിച്ച് ജയിപ്പിച്ച പാരമ്പര്യമാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. പെരുങ്കടവിള പഞ്ചായത്തിന്റെ സമാരാദ്ധ്യനായ പ്രസിഡന്റ് ശ്രീ. ഡി. സുന്ദരം ഇത്തരത്തിൽ തെരെഞ്ഞെടുക്കപ്പെട്ട വ്യക്തിയാണ്. പട്ടികജാതിക്കാർക്ക് വേണ്ടി സംവരണം ചെയ്ത ജനറൽ സീറ്റിൽ പഞ്ചായത്തു പ്രതിനിധിയായി രണ്ടാം വാർഡിൽ നിന്നും ശ്രീമതി നിർമ്മലയെ തെരെഞ്ഞെടുത്തത് പട്ടികജാതി വനിതകൾക്ക് രാഷ്ട്രീയരംഗത്തുള്ള പ്രാതിനിധ്യം വെളിവാക്കുന്നു. സാമൂഹ്യ സാംസ്ക്കാരിക കലാകായിക രംഗങ്ങളിൽ പ്രഗത്ഭമതികളായ ഒട്ടനവധി വ്യക്തികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ജില്ലാതല കേരളോത്സവങ്ങളിൽ പങ്കെടുത്ത് വിജയിച്ചിട്ടുള്ള മാരായമുട്ടം ജെ. പ്രേംകുമാറും, സാംകുട്ടിയും, സുനിൽകുമാറും ആങ്കോട് മധുവും കുമാരി അനിതയും പഞ്ചായത്ത് പ്രതിഭകളാണ്.

പട്ടിക ജാതിക്കാരുടെ സംഘടനയായ അയ്യനവർ മഹാജന സംഘവും, ചേരമർ സംഘവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇവരുടെ ക്ഷേമത്തിനായി ചുള്ളിയൂർ ഹരിജൻ സഹകരണ സംഘവും ആങ്കോട് ഹരിജൻ സഹകരണ സംഘവും ആങ്കോട് വനിതാ ഹരിജൻ സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഇവർക്കു വേണ്ടിയുള്ള പ്രത്യേക തൊഴിൽ പരിശീലന കേന്ദ്രങ്ങളൊന്നും നിലവിലില്ല. ഭവനരഹിതരായിട്ടുള്ള ഒട്ടനവധി കുടുംബങ്ങൾ ഇവിടെയുണ്ട്.

**പഞ്ചായത്തിലെ പട്ടിക ജാതി കോളനികൾ**

| | |
|---|---|
| 1. | മുണ്ടാമല മലയിൽക്കട |
| 2. | അയിരൂർ |
| 3. | മാറാക്കുഴി |
| 4. | വടകര |
| 5. | ചുള്ളിയൂർ |
| 6. | തത്തിയൂർ |
| 7. | ആങ്കോട് |
| 8. | വലിയപറമ്പ് |
| 9. | പഴമല |
| 10. | പെരുങ്കടവിള |
| 11. | മണ്ണറക്കോണം |
| 12. | പാൽക്കളങ്ങര |
| 13. | കീഴിടഞ്ഞി |
| 14. | പുളിമാൻകോട് |
| 15. | പൂവൻകാല |
| 16. | പൊറ്റയിൽ പുതുവൽ (I.H.D.P) |
| 17. | വെള്ളിക്കുഴി |
| 18. | ഇരുമ്പൽകോണം |
| 19. | പനയ്ക്കോട്ട്കോണം |
| 20. | കരിമ്പുവിളക്കുഴി |

ആദ്യകാലങ്ങളിൽ 7 മുതൽ 9 വരെ അംഗങ്ങളുള്ള വലിയ കുടുംബങ്ങളായിരുന്നവ ഇന്ന് 3 മുതൽ 5 വരെയായി ചുരുങ്ങിയിട്ടുണ്ട്. പുരുഷൻമാരോടൊപ്പം സ്ത്രീകളും കൂലിവേല ചെയ്തിരുന്നു. ഇന്ന് അതിന് മാറ്റം സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഏതാനും ഹരിജൻ വനിതകൾ സർക്കാർ ഉദ്യോഗസ്ഥകളായി സേവനമനുഷ്ടിക്കുന്നു. സർക്കാർ 8% ജോലി സംവരണം നടപ്പിലാക്കിയതാണ് ഈ മാറ്റത്തിനു കാരണം.

കാലഘട്ടങ്ങളിലൂടെ ഉണ്ടായ സാമൂഹ്യ പരിവർത്തന പ്രക്രിയയിലൂടെ ഹരിജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ഒരു കാലത്ത് അടിച്ചമർത്തപ്പെട്ടിരുന്ന ഇവർ അധികാരികളായി തീരുന്ന കാഴ്ചയാണ് ഈ നൂറ്റാണ്ടിന്റെ അവസാനത്തിൽ നമുക്ക് കാണാൻ കഴിയുന്നത്.

*പ്രശ്നങ്ങൾ*

1. കാർഷിക മേഖലയിൽ പണിയെടുക്കുന്നവർക്ക് വർഷത്തിൽ എല്ലാ ദിവസവും പണി ലഭിക്കുന്നില്ല.

2. എല്ലാ പേർക്കും സ്വന്തമായി വീടുകളില്ല.
3. വീടുവയ്ക്കാൻ ലഭിക്കുന്ന ധനസഹായം തൃപ്തികരമല്ല.
4. വൈദ്യുതീകരിക്കാത്ത കോളനികൾ.
5. കോളനികളിൽ കുടിവെള്ളമില്ല.
6. സാമ്പത്തിക പിന്നോക്കാവസ്ഥ.
7. കക്കൂസുകളുടെ അഭാവം.
8. വർഷങ്ങളായി താമസിച്ചിട്ടും പട്ടയം കിട്ടാത്ത പട്ടിക ജാതിക്കാർ.
9. ഭൂരഹിതരായ പട്ടാകജാതിക്കാർ.
10. ക്ഷേമപദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവി ല്ലായ്മ.
11. പട്ടിക ജാതി സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളുടെ അഭാവം.
12. പൊട്ടിപ്പൊളിഞ്ഞ കോളനികൾ.
13. പോഷകാഹാരക്കുറവ്.
14. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും.
15. കൃത്യമായ വൈദ്യസഹായത്തിന്റെ കുറവ്.
16. വിദ്യാഭ്യാസ പുരോഗതി വേണ്ടത്ര കൈവരി ച്ചിട്ടില്ല.
17. ക്ഷേമ പദ്ധതികൾ കിട്ടാനുള്ള കാല താമസം.
18. തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ അഭാവം.
19. ആരോഗ്യ സംരക്ഷണ സംവിധാനം തൃപ്തികരമല്ല.
20. നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹ ത്തിനും ആവശ്യമായ ധന സഹായം ലഭിക്കു ന്നില്ല.
22. സാക്ഷരതാ നിലവാരം തൃപ്തികരമല്ല.

***നിർദ്ദേശങ്ങൾ***

1. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധി പ്പിക്കുക.
2. പ്രത്യേക പോഷകാഹാര പരിപാടി നടപ്പാക്കുക.
3. തനതു കലാരൂപങ്ങൾ സംരക്ഷിക്കാൻ നടപടിയെടുക്കുക.
4. ജനസംഖ്യാനുപാതികമായി ഉദ്യോഗ സംവരണം വർദ്ധിപ്പിക്കുക.
5. പട്ടികജാതിക്കാരെ സമൂഹത്തിന്റെ മുഖ്യ ധാരയിലെത്തിക്കുവാൻ ബോധ വൽക്കരണ പരിപാടി സംഘടിപ്പിക്കുക.
6. മതപരിവർത്തന കൂടാതെ പട്ടാകജാതി ക്കാർക്ക് സർക്കാർ ധന സഹായം ലഭ്യമാ ക്കുക.
7. പട്ടിക ജാതിക്കാർക്ക് വേണ്ടി പ്രത്യേക സൗജന്യ മെഡിക്കൽ ക്യാമ്പുകൾ വർഷാ വർഷം നടത്തുക.
8. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഉദാരവായ്പാ സംവിധാനം നടപ്പാക്കുക.
9. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി വിതരണം ചെയ്യുക.
10. പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനും വിലയിരുത്തുന്ന തിനും വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിപ്പിക്കുക.
11. ജാതി മത സർട്ടിഫിക്കറ്റുകൾ നല്കുന്നതിന് അപേക്ഷകന്റെ മൂന്ന് തലമുറ അന്വേ ഷണം അവസാനിപ്പിച്ച് നിലവിലുള്ള സർട്ടിഫിക്കറ്റുകൾ നല്കുക.
12. പരമ്പരാഗത തൊഴിൽ നിലനിർത്തുന്നതിന് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും അസംസ്കൃത വസ്തുക്കൾ എത്തിച്ചു കൊടുക്കുന്നതിനുമുള്ള ക്രയവിക്രയ സൊസൈറ്റികൾ സ്ഥാപി ക്കുക.
13. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വെൽഫെയർ സൊസൈറ്റികൾ സ്ഥാപി ക്കുക.
14. പട്ടിക ജാതിക്കാർ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ മാതൃശിശു സംരക്ഷണകേന്ദ്രം സ്ഥാപിക്കുക.
15. പട്ടിക ജാതിക്കാരുടെ ഇടയിൽ വയോജന വിദ്യാഭ്യാസം ശക്തിപ്പെടുത്തുക,
16. പട്ടികജാതിക്കാർ താമസിക്കുന്ന സ്ഥല ങ്ങളിലെ റോഡുപണികൾ അടിയന്തിരമായി നടത്തുക.
17. കലാകായിക പ്രതിഭകളായ പട്ടികജാതി ക്കാർക്ക് സാമ്പത്തി സാങ്കേതിക സഹായ ങ്ങൾ നല്കുക.
18. നിർദ്ധനരായ പട്ടികജാതിക്കാർക്ക് ക്ഷാമ കാലങ്ങളിൽ സൗജന്യ റേഷൻ അനുവ ദിക്കുക.
19. നെല്ലിക്ക, മാങ്ങ, ചക്ക തുടങ്ങിയ പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

# സഹകരണം

സാധാരണക്കാരായ ഇടത്തരം വരുമാനക്കാർക്ക് എന്നും ആശ്വാസം പകരുന്ന മേഖലയായി സഹകരണ പ്രസ്ഥാനം കേരളത്തിൽ പടർന്നു പന്തലിച്ചു കഴിഞ്ഞുവല്ലോ! ഇന്ത്യയിൽ 1904-ൽ സഹകരണപ്രസ്ഥാനം ആരംഭിച്ച് 20 വർഷം പിന്നിട്ടപ്പോൾ 1924ൽ പെരുങ്കടവിള പഞ്ചായത്തിലെ മാരായമുട്ടത്ത് മാരായമുട്ടം സർവ്വീസ് സഹകരണ സംഘം സ്ഥാപിച്ചു. സഹകരണസംഘം ആരംഭിക്കുന്നതിനുമുമ്പ് ഇന്നാട്ടിലെ കർഷകരുടെ ധനസ്ഥിതി വളരെ മോശമായിരുന്നു. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഘടകങ്ങളായ രാസവളങ്ങൾ, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവയുടെ അഭാവം മൂലം കർഷകർ ഒട്ടനവധി ബുദ്ധിമുട്ടുകൾ അനുഭവിക്കുകയായിരുന്നു. കാഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കൂട്ടായ്മക്കുറവ്. കൂട്ടുകൃഷി സമ്പ്രദായത്തിന്റെ അഭാവം തുടങ്ങിയവയും കാർഷികമേഖലയെ തളർത്തുകയായിരുന്നു. കർഷകരുടെ കൃഷിഭൂമിയിൽ കാലാകാലങ്ങളിൽ കൃഷിയിറക്കുന്നതിനും, കർഷകരുടെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും വേണ്ടിയാണ് ലോൺ വ്യവസ്ഥയോടുകൂടിയ സർവ്വീസ് സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ രൂപം കൊണ്ടത്.

ഇന്ന് പഞ്ചായത്തിന്റെ പരിധിയിൽ ഒരു സർവ്വീസ് സഹകരണസംഘവും ഒരു സർവ്വീസ് സഹകരണ ബാങ്കും 2 പട്ടികജാതി സർവീസ് സഹകരണ സംഘങ്ങളും 1 വനിതാ ഇൻഡസ്ട്രീയൽ സഹകരണസംഘവും 7 ക്ഷീരസഹകരണ സംഘങ്ങളും, 1 സ്കൂൾ സഹകരണസംഘവും ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ സർവ്വീസ് സഹകരണ സംഘങ്ങൾ

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥിതിചെയ്യുന്ന സ്ഥലം | രജി.നമ്പർ |
|---|---|---|---|
| 1. | മാരായമുട്ടം സർവ്വീസ് സഹകരണം സംഘം | മാരായമുട്ടം | |
| 2. | ആങ്കോട് സർവ്വീസ് സഹകരണ ബാങ്ക് | പെരുങ്കടവിള | 1006 |
| 3. | ചുള്ളിയൂർ ഹരിജൻ സർവ്വീസ് സഹകരണസംഘം | മാരായമുട്ടം | 1587 |
| 4. | ഹരിജൻ വനിതാ വീവിങ്ങ് സഹകരണസംഘം | ആങ്കോട് | |
| 5. | വനിതാ ഇൻഡസ്ട്രിയൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി | അരുവിപ്പുറം | |
| 6. | മാരായമുട്ടം സ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | മാരായമുട്ടം എച്ച്.എസ്. | |
| 7. | ജില്ലാസഹകരണ ബാങ്ക് അരുവിപ്പുറം ശാഖ | അരുവിപ്പുറം | |
| 8. | തെള്ളുക്കുഴി ക്ഷീര സഹകരണസംഘം | തെള്ളുക്കുഴി | |
| 9. | തോട്ടവാരം ക്ഷീരസഹകരണസംഘം | തോട്ടവാരം | |
| 10. | അയിരൂർ ക്ഷീരസഹകരണസംഘം | അയിരൂർ | |
| 11. | ചുള്ളിയൂർ ക്ഷീരസഹകരണസംഘം | മണലുവിള | |
| 12. | വടകര ക്ഷീരസഹകരണസംഘം | വടകര | |
| 13. | കൊക്കിടി ക്ഷീരസഹകരണസംഘം | പൊങ്കുമുക്ക് | |
| 14. | ആങ്കോട് ക്ഷീരസഹകരണസംഘം | ആങ്കോട് | |

### വായ്പാ സഹകരണ സംഘങ്ങൾ

| ക്രമനമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | ആകെ അംഗങ്ങൾ | അംഗീകൃത ഓഹരി മൂലധനം | ഒരു ഓഹരിയുടെ വില | സർക്കാർ ഓഹരി | വായ്പകൾ | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം |
| 1. | മാരായമുട്ടം സർവ്വീസ് സഹകരണ സംഘം | 1924 | മാരായമുട്ടം, വടകര തത്തിയൂർ, ചുള്ളിയൂർ അരുവിപ്പുറം വർഡുകൾ | 3000 | 300000 | 10 | 9000 | 900000 | 160000 |
| 2. | ആങ്കോട് സർവ്വീസ് സഹകരണ ബാങ്ക് | 1970 | പെരുങ്കടവിള, ആങ്കോട് അരുവിപ്പുറം, ആലത്തൂർ പാൽക്കുളങ്ങര അയിരൂർ വാർഡുകൾ | 5350 | 1700000 | 10 | 100000 | 3700000 | 5237000 |

മേൽ സൂചിപ്പിച്ച സഹകരണസംഘങ്ങളുടെ പ്രവർത്തനഫലമായി ചെറുകിട കർഷകരുടെ കൃഷിഭൂമിയിതൽ അഭിവദ്ധിയുണ്ടായി. രാസവളങ്ങളുടേയും, കീടനാശിനിയുടേയും സുഗമമായ ലഭ്യതയിലൂടെ ഉല്പാദനക്ഷമതത വർദ്ധിച്ചു. കാർഷിക സാങ്കേതിക ഉപകരണങ്ങളുടെ ഉപയോഗം ഗ്രാമീണ കർഷകർ പ്രയോജനപ്പെടുത്തി. ഗ്രാമങ്ങളിൽ കുടിൽ വ്യവസായം ശക്തി പ്രാപിക്കാൻ തുടങ്ങി. പഞ്ചായത്തിലെ തൊഴിൽ രഹിതരായ ഏതാനും യുവജനങ്ങൾക്ക് തൊഴിലവസരമുണ്ടായി. ജനങ്ങളുടെ സാമ്പത്തിക നിലയിൽ ചെറിയ മാറ്റം സംഭവിച്ചു. വനിതകൾ ഉൾപ്പെടെയുള്ള ഗ്രാമീണ ജനതയിൽ സമ്പാദ്യശീലം വളർന്നു ഹരിജൻ സഹകരണ സംഘങ്ങൾ നിലവിൽ വന്നതോടെ പ്രസ്തുത വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരുടെ ജീവിത നിലവാരം നേരിയ തോതിൽ മെച്ചപ്പെടാൻ തുടങ്ങി. ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചതോടെ ക്ഷീരകർഷകരുടെ ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പൊതുവിൽ ജനങ്ങളുടെ ഇടയിതൽ സഹകരണ മനോഭാവം വർദ്ധിച്ചു.

***മാരായമുട്ടം സർവ്വീസ് സഹകരണ സംഘവും ആങ്കോട് സർവ്വീസ് സഹകരണബാങ്കും.***

1924ൽ പ്രവർത്തനം ആരംഭിച്ച മാരായമുട്ടം സർവ്വീസ് സഹകരണ സംഘം കാർഷിക വായ്പകളും, സാധാരണ വായ്പകളും വിതരണം ചെയ്യുന്നു. കൂടാതെ ബോക്സം ഡെപ്പോസിറ്റ്, ചിട്ടികൾ, വളം ഡിപ്പോ എന്നിവയും നടത്തുന്നു.

1970ൽ പ്രവർത്തനം ആരംഭിച്ച ആങ്കോട് സർവീസ് സഹകരണ ബാങ്ക് പഞ്ചായത്തിലെ വലിയ സർവീസ് സഹകരണ സ്ഥാപനമാണ്. മീഡിയം, ടേൺ ലോണുകൾ, നബാർഡിൻെറ ലോണുകൾ, ഓഡിനറി ലോണുകൾ, സ്വർണ്ണപ്പണയതത്തിനുമേലുള്ള വായ്പകൾ എന്നിവയ്ക്കു പുറമേ വിവിധതരം ചിട്ടികളും രണ്ട് വളം ഡിപ്പോയും ഒരു പൊതുവിതരണ കേന്ദ്രവും

ബാങ്കിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഓണച്ച ന്തകളും നടത്താറുണ്ട്.

*മറ്റു സഹകരണസംഘങ്ങൾ*

വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് അരുവിപ്പുറം വനിതാ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥാപിച്ചത്. വാഹനങ്ങളുടെ സീറ്റുകൾ, ബാഗുകൾ, തൊപ്പികൾ, മുതലായവ നിർമ്മിച്ച് വിപണനം നടത്തുന്നു. ചുള്ളിയൂർ ഹരിജൻ സഹകരണസംഘം ഹരിജനങ്ങൾക്ക് കാർഷികവായ്പകളും, ചെറുകിട കച്ചവടവായ്പകളും വിതരണം ചെയ്യുന്നതോടൊപ്പം നിലം ഉഴുന്നതിനുള്ള ട്രില്ലർ വാടകയ്ക്ക് നല്കുകയും ചെയ്യുന്നു. ആങ്കോട് വനിതാ-ഹരിജൻ വീവിംഗ് സൊസൈറ്റി പരുത്തിനൂൽ ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നു. ജില്ലാ സഹകരണബാങ്കിന്റെ അരിവുപ്പുറത്ത് പ്രവർത്തിക്കുന്ന ശാഖ നിക്ഷേപങ്ങൾ സ്വീകരിക്കുകയും, വിവിധയിനം വായ്പകൾ വിതരണം ചെയ്യുകയും ചെയ്യുന്നു. മാരായമുട്ടം സ്ക്കൂൾ സഹകരണ സംഘത്തിലൂടെ സ്ക്കൂൾകുട്ടികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങളും, നോട്ടുബുക്കുകളും മറ്റുപഠനോപാധികളും വിതരണം ചെയ്യുന്നുണ്ട്.

*ക്ഷീരസംഘങ്ങൾ*

പഞ്ചായത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ കർഷകരിൽ നിന്നും പാൽ ശേഖരിച്ച് പ്രാദേശിക വിതരണത്തിനു ശേഷം ബാക്കിയുള്ള പാൽ മിൽമയ്ക്ക് നല്കുകയാണ് ചെയ്യുന്നത്. ആങ്കോട്, അയിരൂർ ക്ഷീരസഹകരണസംഘങ്ങൾ ഒഴികെ മറ്റുള്ള സംഘങ്ങൾ ദിനംപ്രതി 10 മുതൽ 15വരെ ക്യാൻ പാൽ ശേഖരിക്കുന്നുണ്ട്. കൂടാതെ ക്ഷീര സഹകരണസംഘങ്ങൾ വഴി കാലിത്തീറ്റ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തു വരുന്നു. പശുക്കൾക്കുണ്ടാകുന്ന രോഗങ്ങൾ ചികിത്സിക്കുന്നതിനും ക്രിത്യമ ബീജസങ്കലും നടത്തുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ക്ഷീര സംഘങ്ങളിലൂടെ നടത്തിവരുന്നു.

വിവിധമേഖലകളിലായി 14 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നണ്ടെങ്കിലും ജനങ്ങളുടെ പല അടിസ്ഥാന പ്രശ്നങ്ങളും പരിഹരിക്കുവാനുണ്ട്. നിലവിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്താൽ മാത്രമേ ജനങ്ങളുടെ പരാധീനതകൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

*പ്രശ്നങ്ങൾ*

1. കാർഷിക വായ്പയുടെ വർദ്ധിച്ച പലിശ.
2. ദീർഘകാല കാർഷികേതര വായ്പകളുടെ വിതരണക്കുറവ്.
3. ക്ഷീര സഹകരണ സംഘങ്ങളിലെ പാലിന്റെ കുറവ്.
4. കാലിത്തീറ്റയുടെ വില വർദ്ധനവ്.
5. സഹകരണ സംഘങ്ങളിലെ വ്യക്തിഗത വായ്പതുകയുടെ കുറവ്.
6. സഹകരണസംഘങ്ങളിലെ കക്ഷി രാഷ്ട്രീയ പാർട്ടികളുടെ അതി പ്രസരം.
7. നീതി പൂർവ്വമല്ലാത്ത വായ്പാ വിതരണം.
8. വർദ്ധിച്ച വായ്പാ കുടിശ്ശിക.
9. സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് സഹകാരികളുടെ അജ്ഞത.
10. അരുവിപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ പ്രവർത്തനം തൃപ്തികരമല്ല.

*സാദ്ധ്യതകൾ*

1. പഞ്ചായത്തിലെ മുഴുവൻ വാർഡുകൾക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഒരു കാർഷികസഹകരണ സംഘം ആരംഭിക്കുക.
2. പഞ്ചായത്തിൽ ഒരു വ്യവസായ സഹകരണസംഘം ആരംഭിക്കുക.
3. കാർഷികവായ്പയുടെ വർദ്ധിച്ച പലിശ കുറയ്ക്കുക.

4. ദീർഘകാല കാർഷികേതര വായ്പകൾ കൂടുതൽ വിതരണം ചെയ്യുക.

5. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ക്വോറികൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ സഹകരണ സംഘങ്ങളാക്കി മാറ്റുക.

6. ക്ഷീരകർഷകർക്ക് കൂടുതൽ വായ്പകൾ നല്കുക

7. തെള്ളുക്കുഴി ക്ഷീരോല്പാദക സഹകരണ സംഘത്തോട് ബന്ധപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ആമകോട് വാർഡിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

8. തെള്ളുക്കുഴി ക്ഷീര സഹകരണ സംഘത്തിൽ ഒരു ബീജ സങ്കലന കേന്ദ്രം ആരംഭിക്കുക.

9. സന്നദ്ധ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ സഹകരണാടിസ്ഥാനത്തിൽ, ഒരു അനാഥാലയവും, വൃദ്ധമന്ദിരവും ആരംഭിക്കുക.

10. ക്ഷീരസഹകരണ സംഘങ്ങളിൽ പാലിന്റെ ക്വാളിറ്റി ടെസ്റ്റ് ഊർജ്ജിതപ്പെടുത്തുക.

11. അയിരൂരിൽ ഒരു വനിതാ നെയ്ത്തുള സഹകരണസംഘം ആരംഭിക്കുക.

12. പഴമലയിൽ ഒരു സഹകരണസംഘം ആരംഭിക്കുക.

13. ക്ഷീരസഹകരണസംഘങ്ങൾ ഇല്ലാത്ത വാർഡുകളിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

14. സഹകരണ സംഘങ്ങളുടെ വായ്പാതുക വർദ്ധിപ്പിക്കുക.

15. സബ്സിഡി ഇനത്തിൽ വളങ്ങൾ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുക.

16. സഹകരണ സംഘങ്ങളുടെ സർക്കാർ ധനസഹായം വർദ്ധിപ്പിക്കുക.

17. സഹകരണസംഘങ്ങളെ കക്ഷി-രാഷ്ട്രീയ വിമുക്തമാക്കുക.

18. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും സഹകരണ സംഘങ്ങളിലൂടെ കൂടുതൽ വായ്പ നല്കുക.

19. എല്ലാവാർഡുകളിലും ഓരോ വനിതാ സഹകരണസംഘം സ്ഥാപിക്കുക.

20. സഹകരണ സംഘങ്ങൾ വിതരണം ചെയ്യുന്ന വായ്പകൾ കാലാവധിക്കുള്ളിൽ തിരിച്ചടപ്പിക്കാൻ നടപടി സ്വീകരിക്കുക.

21. സഹകരണ സംഘങ്ങൾ വിദ്യാഭ്യാസ വായ്പകൾ നല്കുക.

22. സഹകരണസംഘങ്ങൾ സന്നദ്ധ സംഘടനകൾക്ക് കെട്ടിട വായ്പകൾ അനിവദിക്കുക.

23. അരുവിപ്പുറം ജില്ലാ സഹകരണ ബാങ്കിൽ കാർഷികേതര വായ്പകൾ കൂടുതൽ വിതരണം ചെയ്യുക.

24. മാരായമുട്ടം സർവീസ് സഹകരണ സംഘത്തിന്റെ ഓഫീസും കെട്ടിടം പുതിക്കുപ്പണിയാൻ വേണ്ട നടപടി സ്വീകരിക്കുക.

25. സംഘങ്ങളുടെ വായ്പാ വിതതരണം കാര്യക്ഷമമാക്കുന്നതിന് മറ്റ് അപ്പെക്സ് സൊസൈറ്റികളിൽ നിന്നും കൂടുതൽ ധനസഹായം നല്കുക.

26. കാർഷിക ഉല്പന്നങ്ങളുടെ വർദ്ധനവിനു വേണ്ടി ഗ്രൂപ്പ് ഫോമിംഗ് സംഘങ്ങൾ രൂപീകരിക്കുക.

# വിഭവ സമാഹരണം

പഞ്ചായത്തിൻെറ ചില വാർഡുകൾ ഒഴിച്ച്, വികസനം തൊട്ടുതീണ്ടാത്ത മലയോര പ്രദേശങ്ങളും സംരക്ഷിക്കപ്പെടാത്ത കൊച്ചുകൊച്ചു തോടുകളും കാൽനടക്കാർക്ക് നടന്ന് സഞ്ചരിക്കാൻ പോലും കഴിയാത്ത കുണ്ടും കുഴിയും നിറഞ്ഞ ഗ്രാമീണ റോഡുകളും നെൽകൃഷിക്കാർക്ക് ഭയംജനിപ്പിക്കുന്ന സംരക്ഷണമില്ലാത്ത തോടു ബണ്ടുകളും ഒക്കെയായി വികസനം കൊതിക്കുന്ന ഒരു മലയോര ഗ്രാമ പ്രദേശമാണ് പെരുങ്കടവിള ഗ്രാപഞ്ചായത്ത്. പഞ്ചായത്തിൻെറ ഇന്നത്തെ ഈ അവസ്ഥക്കു കാരണം ആസൂത്രണമില്ലാത്ത വികസന പ്രവർത്തനങ്ങൾ ആണെന്ന് പഞ്ചായത്തിൻെറ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാം. സംരക്ഷിക്കപ്പെടുന്നില്ലെങ്കിലും പ്രകൃതി രമണീയവും, വിഭവസമൃദ്ധവുമാണ് ഈ പ്രദേശം.

ഒരു പഞ്ചായത്തിൻെറയോ, പ്രദേശത്തിൻെറയോ വികസനത്തിന് വിഭവം അത്യാവശ്യമാണ്. എത്രതന്നെ വികസനാവേശം ഉണ്ടെങ്കിലും പ്രദേശികമായി വിഭവ സമാഹരണം നടത്താതെ നാളിതുവരെ തുടർന്നു വരുന്ന തരത്തിലുള്ള സർക്കാർ ഫണ്ട് കൊണ്ടു മാത്രമുള്ള വികസനം തികച്ചും അപര്യാപ്തമാണ്.

ഈ പഞ്ചായത്തിൻെറ വരുമാനം കെട്ടിട നികുതി, നാമമാത്രമായ തൊഴിൽ നികുതി, മാരായമുട്ടം പബ്ലിക് മാർക്കറ്റിൽ നിന്നുള്ള വരുമാനം, വളരെ കുറച്ച് ലൈസൻസ് ഫീസ് എന്നിവയുൾപ്പെട്ട ഒരു ചെറിയ സംഖ്യയാണ്. ഈ തുക കൊണ്ട് പഞ്ചായത്തിൻെറ ഭരണപരമായ ആവശ്യങ്ങൾ നിറവെറ്റുന്നതിനുപോലും തികയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഇത്തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി നിലവിലുള്ളതിനാലാണ് ഈ പ്രദേശത്തിൻെറ വികസനത്തിനും സാമൂഹ്യ സേവന പ്രവർനങ്ങൾക്കും, സാഹിത്യ സാംസ്ക്കരിക രംഗത്തെ പരിപോഷിപ്പിക്കുന്നതിനും പഞ്ചായത്തിന് സാധിക്കാതെ വരുന്നത്.

ജനകീയാസൂത്രണം നടപ്പിലാക്കുന്ന ഈ അസരത്തിൽ ജന പങ്കാളിത്തത്തോടെ നാടിൻെറ വികസന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും, പ്രദേശിക വിഭവ ശേഖരണം നടത്തി വികസനത്തിന് ഉപയുക്തമാക്കേണ്ടതിൻേറയും ആവശ്യകത സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന തരത്തിൽ ബോധവൽക്കരണം നടത്തിയാൽ മാത്രമേ പദ്ധതി നടത്തിപ്പ് സുഗമമാകു.

*നിർദ്ദേശങ്ങൾ*

1. പഞ്ചായത്തിൻെറ അധീനതയിലുള്ള കുളങ്ങളിൽ നല്ലയിനം മത്സ്യങ്ങൾ കൃഷി ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാം.
2. കുള വരമ്പുകളിൽ തെങ്ങ്, കമുങ്ങ്, മൽബറി എന്നിവ കൃഷി ചെയ്യുന്നതിനും, വാറ്റു പുല്ല് വച്ചു പിടിപ്പിച്ചും വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.
3. പഞ്ചായത്തിൻെറ ആറ്റുപുറമ്പോക്കുകൾ തിട്ടപ്പെടുത്തി ഈറ, മുള്ള, ചൂരൽ എന്നിവ കൃഷിചെയ്താൽ ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ നൽകുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയും.
4. പഞ്ചായത്തലുടനീളമുള്ള പാറ വിഭവത്തെ അസംസ്കൃത വസ്തുവാക്കി പാറകൊണ്ടു നിർമ്മിക്കാവുന്ന ചിപ്പ്സ് മെറ്റൽ, ഇഷ്ടികയുടെ വലുപ്പത്തിലുള്ള കട്ടകൾ പാറമണൽ എന്നിവ നിർമ്മിക്കുന്ന ഒരു ഫാക്ടറി പഞ്ചായത്ത് ഉടമയിൽ സ്ഥാപിച്ചാൽ അനേകം തൊഴിലാളികൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനും പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയും.

5. വിദേശകുത്തകകൾ കടത്തികൊണ്ടു പോകുന്ന ഗ്രാനൈറ്റ് പീസുകൾക്ക് പഞ്ചായത്ത് തീരുവ ചുമത്തി വരുമാനം വർദ്ധിപ്പിക്കാം.

6. ഭൂനികുതി പൂർണ്ണമായും പിരിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് ലഭിക്കേണ്ടതാണ്.

7. പെരുങ്കടവിള, മാരായമുട്ടം ചന്തകൾ വികസിപ്പിക്കുകയും, ഷോപ്പിംഗ് കോംപ്ലക്സ്, സ്റ്റാളുകൾ എന്നിവ നിർമ്മിച്ച് വാടകയ്ക്ക് കൊടുത്തും വരുമാനം വർദ്ധിപ്പിക്കാം.

8. പഞ്ചായത്ത് ഉടമയിൽ ഒരു കല്യാണ മണ്ഡപം നിർമ്മിച്ച് വാടകയ്ക്ക് കൊടുത്ത് വരുമാനം വർദ്ധിപ്പിക്കാം.

9. പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ സമാഹരിക്കുന്ന സമ്പത്ത് പഞ്ചായത്തിന്റെ വികസന പദ്ധതികൾക്ക് ഉതകുന്ന തരത്തിൽ [illegible]പ്പെടുത്തുക.

10. സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുകയും നിയന്ത്രണങ്ങൾക്ക് വിധേയമാക്കുകയും ചെയ്യുക.

11. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന മനുഷ്യശേഷിയെ സംഘടിപ്പിച്ച് ഒരു സന്നദ്ധ സേന രൂപീകരിച്ച് വികസന പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ഉപയോഗിക്കുക.

12. പഞ്ചായത്തിലെ ചരിത്ര സ്മാരകങ്ങളായ ചൊക്കൻ പാറ, പാണ്ഡവൻ പാറ, അടുപ്പുകൂട്ടിപ്പാറ, തത്തിയൂർ അക്വാഡേറ്റ്, തത്തമല ശങ്കരനാരായണപുരം, അരിവുപ്പുറം എന്നിവയെ ബന്ധപ്പെടുത്തി ഒരു ടൂറിസ്റ്റ് സർക്കിൾ രൂപപ്പെടുത്തിയാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

13. പഞ്ചായത്തിന്റെ പ്രധാന ജംഗ്ഷനുകളായ പെരുങ്കടവിള, മാരായമുട്ടം, അരുവിപ്പുറം എന്നിവിടങ്ങളിൽ ടാക്സി സ്റ്റാൻറ് നിർമ്മിച്ച് ലേലം ചെയ്ത് കൊടുത്ത് വവരുമാനം വർദ്ധിപ്പിക്കാം.

14. നെൽപ്പാടങ്ങൾ നികത്തി നാണ്യവിളകൾ കൃഷി ചെയ്യുന്നവരിൽനിന്ന് അധിക നികുതി പിരിച്ചാൽ വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം നെൽകൃഷി സംരക്ഷിക്കുന്നതിനും കഴിയും.

15. പൊതു ജനങ്ങളിൽ നിന്ന് നിക്ഷേപം സ്വീകരിച്ച് ചെറുകിട വ്യാപാരങ്ങളും, കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ലഘുലോണുകളും, നിക്ഷേപകർക്ക് പ്രോത്സാഹനങ്ങളും നൽകുന്ന തരത്തിൽ ഒരു ക്രഡിറ്റ് സൊസൈറ്റി പഞ്ചായത്ത് അധീനതയിൽ ആരംഭിച്ചാൽ പൊതുജനങ്ങളിൽ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കഴിയും.

16. ഒരു ഹെക്ടറിൽ അധികമുള്ള തോട്ടം ഉടമകളിൽ നിന്ന് ലെവി ഈടാക്കാവുന്നതാണ്.

17. വിദേശത്ത് ജോലിചെയ്യുന്ന പഞ്ചായത്തിനകത്തുള്ള ആളുകളുടെ പണം പഞ്ചായത്തതിർത്തിക്കകത്തുള്ള ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനും ആയത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉതകുമാറുള്ള ക്രമീകരണങ്ങൾ വരുത്തുന്നതിന് സഹായകമാക്കുകയും വേണം.

18. പഞ്ചായത്തിന്റെ പുറമ്പോക്കു ഭൂമികൾ തിട്ടപ്പെടുത്തി അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചാൽ വരുമാനം വർദ്ധിപ്പിക്കാം.

19. കുത്തക പാട്ടങ്ങൾ കാലാകാലങ്ങളിൽ പരിശോധിച്ച് പുതുക്കി നിശ്ചയിക്കുക.

20. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു കോംപ്ലക്സ് നിർമ്മിച്ച് പ്രവർത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ ധനസഹായം നൽകുക.

21. പഞ്ചായത്തിൽ ബിൽഡിംഗ് റൂൾസ് നടപ്പിലാക്കുക.

22. ചന്തകളിലെ ചപ്പ് ചവറുകൾ കൊണ്ട് ഒരു വളം നിർമ്മാണ കേന്ദ്രം ആരംഭിക്കുക.

23. പുതിയ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള എല്ലാ വിധ നികുതികളും ചുമത്തുകയും പിരിച്ചെടുക്കുകയും ചെയ്യുക.

# ഉപസംഹാരം

**നമ്മുടെ പഞ്ചായത്തിലെ**
**പല മേഖലയിലും**
**ഇനിയും വികസനമെത്താനുണ്ട്?**

ഈ റിപ്പോർട്ടിലെ
അപാകതകൾ തിരുത്തുവാനും
കൂട്ടിച്ചേർക്കുവാനുമുള്ള "സ്വാതന്ത്ര്യം"
നാടിൻെറ വികസനം ലക്ഷ്യമാക്കി
പ്രവർത്തിക്കുന്ന ഏതൊരു വ്യക്തിക്കും
അർഹതപ്പെട്ടതാണെന്ന് ഓർമ്മിപ്പിക്കട്ടെ..........

ഗ്രാമസഭകളിൽനിന്നും മറ്റ് വ്യക്തികളിൽനിന്നും
ശേഖരിച്ച അറിവിൻെറ വെളിച്ചത്തിൽ ഈ റിപ്പോർട്ട്
തയ്യാറാക്കുവാൻ സഹകരിച്ച എല്ലാവർക്കും
ഹൃദയത്തിൻെറ ഭാഷയിൽ നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം

ഡി. സുന്ദരം
പ്രസിഡൻറ്
പെരുങ്കടവിള ഗ്രാമപഞ്ചായത്ത്